# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 02 ജനുവരി–2011 ലക്കം 1**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം

സർക്കുലർ .............................................................. 03
ഇടയലേഖനം .............................................................. 07
സർക്കുലർ .............................................................. 14
'കർത്താവിന്റെ വചനം' (Verbum Domini)................... 18
രൂപതാകച്ചേരി വാർത്തകൾ ..................................... 22
പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് ....................... 25
മതബോധനരംഗം .................................................... 29
ബൈബിൾ അപ്പോസ്തലേറ്റ് ...................................... 34
ചെറുപുഷ്പമിഷൻലീഗ് ............................................... 35
കെ. സി. വൈ. എം. ....................................................... 44
കുടുംബപ്രേഷിതത്വം ................................................ 51
സിയോൻ വാർത്തകൾ ................................................ 56
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 59
ജയിൽ മിനിസ്ട്രി ....................................................... 63
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ............................ 64
റേഡിയോ മാറ്റൊലി ................................................... 66
മീഡിയാ കമ്മീഷൻ ..................................................... 67
പി.ആർ.ഒ. വാർത്തകൾ ................................................ 68
സാമൂഹ്യസേവന രംഗം .............................................. 69
മേരിമാതാ ആർട്സ് & സയൻസ് കോളേജ് .............. 75
അറിയിപ്പുകൾ ............................................................. 80
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................... 82
ബിഷപ്പ്സ് പ്രോഗ്രാം ................................................... 83

# സർക്കുലർ

**Prot. No. 1143/2010**

**2010 ആഗസ്റ്റ് 17 മുതൽ 28 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാകേന്ദ്രത്തിൽ സമ്മേളിച്ച സീറോമലബാർ സഭാ മെത്രാന്മാരുടെ 18–മത് സിനഡിന്റെ ദ്വിതീയ സമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കുംവേണ്ടി മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ വർക്കി വിതയത്തിൽ പിതാവ് പുറപ്പെടുവിക്കുന്ന സർക്കുലർ.**

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭാ മെത്രാന്മാരുടെ 18–ാമത്തെ സിനഡിന്റെ ദ്വിതീയ സമ്മേളനം ഇക്കഴിഞ്ഞ ആഗസ്റ്റ് മാസം 17 മുതൽ 28 വരെ യുള്ള തീയതികളിൽ സഭാകേന്ദ്രമായ കാക്കനാട് മൗണ്ട് സെന്റ് തോമ സിൽ വച്ച് നടക്കുകയുണ്ടായി. ഇതിനിടയിൽ 19 മുതൽ 22 വരെ തീയ തികളിൽ നമ്മുടെ സഭയുടെ മൂന്നാമത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയും നടന്നു എന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. ഈ രണ്ടു സംഭവങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ഈ സർക്കുലറിലൂടെ നിങ്ങളെല്ലാവരെയും അറിയിക്കുവാൻ ഞാനാ ഗ്രഹിക്കുന്നു.

**പുതിയ രൂപതകളും പുതിയ മെത്രാന്മാരും**

സിനഡിന്റെ ആദ്യദിവസം പതിവുപോലെ പിതാക്കന്മാർ ധ്യാനിച്ചും പ്രാർത്ഥിച്ചും വിശുദ്ധ കുർബാന അർപ്പിച്ചും ആത്മീയമായി ഒരുങ്ങിയാണ് സിനഡ് സമ്മേളനം ഔദ്യോഗികമായി ആരംഭിച്ചത്. ശ്ലീഹ ന്മാരുടെ പിൻഗാമികൾ എന്ന നിലയിൽ ഞങ്ങൾക്കേൽപ്പിക്കപ്പെട്ടിരി ക്കുന്ന വലിയ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന്റെ ഭാഗമായിട്ടാണ് സിനഡിൽ ഞങ്ങൾ ഒന്നു ചേർന്നത് എന്ന ഉത്തമബോധ്യത്തോടെ യാണ് ഞങ്ങളോരോരുത്തരും അതിൽ സംബന്ധിച്ചത്. രാജ്കോട്ട് രൂപ തയുടെ നിയുക്ത മെത്രാനുൾപ്പെടെ 43 പേർ സിനഡിൽ പങ്കെടുത്തു. പുതുതായി നിയമിക്കപ്പെട്ടിരിക്കുന്ന കൂരിയാമെത്രാനുൾപ്പെടെ ഏഴു

പിതാക്കന്മാർ നമ്മുടെ സഭയുടെ മെത്രാൻ സംഘത്തിൽ പുതിയ അംഗങ്ങളായി ചേർന്നിരിക്കുന്ന വിവരം നിങ്ങൾക്കറിവുള്ളതാണല്ലോ. അതുപോലെ തന്നെ മണ്ഡ്യ, രാമനാഥപുരം എന്നീ രണ്ടു പുതിയ രൂപതകളും നമ്മുടെ സഭയിൽ രൂപം കൊണ്ടിരിക്കുന്നു എന്ന കാര്യവും നമുക്ക് സന്തോഷപൂർവ്വം ഓർക്കാം. പുതിയ മെത്രാന്മാർക്കും രൂപതകൾക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യാം. ദീർഘകാലം സഭയിൽ സ്തുത്യർഹമായ മേൽപട്ടശുശ്രൂഷ നിർവ്വഹിച്ച് ഔദ്യോഗിക പദവിയിൽ നിന്നു വിരമിച്ചിരിക്കുന്ന അഭിവന്ദ്യ ചിറ്റിലപ്പള്ളി പിതാവിനെയും അഭിവന്ദ്യ പഴയാറ്റിൽ പിതാവിനെയും, അഭിവന്ദ്യ ഗ്രിഗറി കരോട്ടെമ്പ്രേൽ പിതാവിനെയും നമുക്ക് നന്ദിപൂർവ്വം ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. രോഗബാധിതനായി ചികിത്സയിൽ കഴിയുന്ന അഭിവന്ദ്യ ജോൺ പെരുമറ്റം പിതാവിനെയും നിങ്ങളുടെ പ്രാർത്ഥനയിൽ സ്മരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിശുദ്ധ അൽഫോൻസായുടെ ജന്മശതാബ്ദിയാഘോഷം പാലാരൂപതയുടെ ആഭിമുഖ്യത്തിൽ ഭരണങ്ങാനത്തുവച്ച് ഏറ്റവും ഭംഗിയായി നടന്നതും കോട്ടയം അതിരൂപതയുടെ ശതാബ്ദിയാചരണത്തിന് തുടക്കം കുറിച്ചിരിക്കുന്നതും എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തുവാനും ഈയവസരം ഞാൻ വിനിയോഗിക്കുന്നു.

**സുവർണ്ണജൂബിലി ആഘോഷിക്കുന്ന ഛാന്ദാ മിഷൻ രൂപത**

സീറോമലബാർ സഭയുടെ പ്രഥമ മിഷൻ രൂപതയായ ഛാന്ദായുടെ സുവർണ്ണജൂബിലി വർഷമാണ് 2011-2012 എന്നത് സഭ മുഴുവനും പ്രാധാന്യത്തോടെ പരിഗണിക്കണമെന്ന് സിനഡ് ആഗ്രഹിക്കുന്നു. നമ്മുടെ സഭയുടെ പ്രേഷിത ചൈതന്യത്തിന്റെ പ്രകാശനവും സാക്ഷ്യവുമാണ് ഛാന്ദാ രൂപതയും ഇതര മിഷൻ രൂപതകളും. ഇന്ത്യയുടെ സുവിശേഷവല്ക്കരണ ചരിത്രത്തിൽ സീറോമലബാർ സഭ നടത്തിയ ശക്തമായ മുന്നേറ്റമായിരുന്നു ഛാന്ദാ മിഷൻ. സഭാംഗങ്ങളിൽ പ്രേഷിത തീക്ഷ്ണത വളർത്താനും പ്രേഷിത ദൈവവിളി പരിപോഷിപ്പിക്കാനും ജൂബിലിയാചരണം അവസരമാകണം. ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പിന്നീട് എല്ലാവരെയും അറിയിക്കുന്നതാണ്.

സഭാസംബന്ധവും ആനുകാലികവുമായ വിവിധ വിഷയങ്ങൾ സിനഡ് ചർച്ചചെയ്യുകയുണ്ടായി. പല വിഷയങ്ങളെയും സംബന്ധിച്ച് കൂടുതൽ പഠനങ്ങളും ചർച്ചകളും നടക്കേണ്ടിയിരിക്കുന്നതിനാൽ അവയെക്കുറിച്ച് പിന്നീട് നിങ്ങളെ അറിയിക്കുന്നതാണ്. തീരുമാനത്തിലെത്തിയ ചില കാര്യങ്ങൾ എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

**സ്ത്രീപങ്കാളിത്തം**

സഭാസമിതികളിലെ സ്ത്രീപങ്കാളിത്തത്തെപ്പറ്റി സിനഡ് ഗൗരവ

പൂർവ്വം ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനമെടുക്കുകയും ചെയ്തു. നിയമമോ സമിതികളുടെ സ്വഭാവമോ തടസ്സമാകുന്നില്ലെങ്കിൽ, രൂപതാ, ഇടവക സമിതികളിൽ സ്ത്രീകൾക്ക് 50% പ്രാതിനിധ്യം നൽകുന്നത് അഭികാമ്യമായിരിക്കും. ഏതായാലും സ്ത്രീപ്രാതിനിധ്യം 25%ൽ കുറയാൻ പാടുള്ളതല്ല.

**പ്രവാസികളായ സീറോമലബാർ വിശ്വാസികൾ**

ഇന്ത്യയിലും വിദേശത്തും കഴിയുന്ന പ്രവാസികളായ സീറോമലബാർ വിശ്വാസികളുടെ അജപാലനശുശ്രൂഷ നാം നേരിടുന്ന ഒരു മുഖ്യ പ്രശ്നമാണ്. പല പ്രതിസന്ധികളും നാം തരണം ചെയ്യേണ്ടതുണ്ട്. പ്രവാസികളെക്കുറിച്ച് കൃത്യമായ വിവരങ്ങൾ ലഭിക്കേണ്ടതാവശ്യമാണ്. അതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിൽ അവരുടെ മാതൃ ഇടവകകളിൽ നിന്ന് വിവരങ്ങൾ സമാഹരിക്കുകയാണ് ഏറ്റവും പ്രായോഗികമായ മാർഗ്ഗം; പ്രത്യേകിച്ച് പഠനത്തിനും മറ്റുമായി പോയിരിക്കുന്ന യുവജനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ. ഇക്കാര്യത്തിൽ ഇടവകകളും പ്രവാസികളുടെ കുടുംബങ്ങളും ആത്മാർത്ഥമായി സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. സീറോമലബാർസഭയുടെ ഇന്റർനെറ്റ് മിഷൻ സംവിധാനങ്ങൾ എല്ലാവരും പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ തന്നെ ഇന്ത്യയിലെവിടെയും സുവിശേഷ വേല നടത്തുവാനുള്ള നമ്മുടെ സഭയുടെ അവകാശത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയും നാം പരിശ്രമിച്ചുകൊണ്ടാണിരിക്കുന്നത്. ഇവയൊക്കെ സഫലമാകുന്നതിന് നിങ്ങളേവരുടേയും പ്രാർത്ഥന ഞാൻ അഭ്യർത്ഥിക്കുന്നു.

**ആഘോഷമായ വിശുദ്ധകുർബാന സ്വീകരണം**

ആരാധനാഗ്രന്ഥങ്ങളനുസരിച്ചും നമ്മുടെ സഭാപാരമ്പര്യമനുസരിച്ചും പ്രവേശന കൂദാശകളായ മാമ്മോദീസായും തൈലാഭിഷേകവും വിശുദ്ധകുർബാനയും ഒരുമിച്ച് സ്വീകരിക്കുന്നുവെങ്കിലും, കുട്ടിക്ക് തിരിച്ചറിവിന്റെ പ്രായമാകുമ്പോൾ ഉചിതമായ പരിശീലനം നൽകി അനുരഞ്ജന കൂദാശയ്ക്കുശേഷം ആഘോഷമായി വിശുദ്ധ കുർബാനസ്വീകരണം നടത്തേണ്ടതാണെന്ന് സിനഡ് നിശ്ചയിച്ചിരിക്കുന്ന കാര്യവും നിങ്ങളേവരെയും ഞാനറിയിക്കുന്നു. കുർബാനസ്വീകരണം കൂടുതൽ അനുഭവവേദ്യമാക്കാനും അതിന്റെ പ്രാധാന്യം വ്യക്തമാക്കാനും ഇത് സഹായകരമാകുമെന്ന പ്രതീക്ഷയിലാണ് ഇങ്ങനെയൊരു തീരുമാനം സിനഡ് എടുത്തത്.

**മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി**

നമ്മുടെ സഭയിലെ മൂന്നാമത്തെ മേജർ ആർക്കി എപ്പിസ്

കോപ്പൽ അസംബ്ലി വളരെ നന്നായി നടന്നു എന്ന കാര്യവും അസംബ്ലിയുടെ നിർദ്ദേശങ്ങളും അവ പ്രാവർത്തികമാക്കുന്നതിനു 15 അംഗങ്ങൾ ഉൾക്കൊള്ളുന്ന സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്ത വിവരവും സെപ്റ്റംബർ മാസം പുറപ്പെടുവിച്ച ഇടയലേഖനത്തിലൂടെ ഞാൻ നിങ്ങളെ അറിയിച്ചിരുന്നുവല്ലോ. അസംബ്ലിയുടെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് എല്ലാവരുടേയും സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു.

**സന്യസ്തരുടെ അധികാരികളും സിനഡുപിതാക്കന്മാരുമായുള്ള കൂടിക്കാഴ്ച**

സന്യസ്തരുടെ അധികാരികളും സിനഡുപിതാക്കന്മാരും ഒരുമിച്ചുള്ള ഒരു സമ്മേളനവും ചർച്ചകളുമായിരുന്നു സിനഡിലെ മറ്റൊരു പ്രധാന സംഭവം. സമർപ്പിത ദൈവവിളി, സമർപ്പിതരുടെ പ്രേഷിത രൂപീകരണം, രൂപതാവൈദികരും സന്യസ്തരും തമ്മിലുള്ള ബന്ധം തുടങ്ങിയ നിരവധി കാര്യങ്ങളെക്കുറിച്ച് സമ്മേളനം ചർച്ച ചെയ്യുകയും ചെയ്തു. സഭയുടെ അജപാലന ശുശ്രൂഷയിൽ സമർപ്പിതർ വഹിക്കേണ്ട സജീവപങ്കാളിത്തവും ചർച്ചാവിഷയമായി. ഇക്കാര്യങ്ങളെക്കുറിച്ച് പിന്നീട് കൂടുതൽ സമഗ്രമായ ചർച്ചകൾ നടത്തി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്.

**കമ്മീഷൻ റിപ്പോർട്ടുകൾ**

സിനഡിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന വിവിധ കമ്മീഷനുകളുടെയും കമ്മിറ്റികളുടെയും പ്രവർത്തന റിപ്പോർട്ടുകൾ സിനഡിൽ അവതരിപ്പിച്ച് ചർച്ച ചെയ്തു. വിവിധ മേജർ സെമിനാരികളെക്കുറിച്ചുള്ള വിവരങ്ങളും പ്രവർത്തന റിപ്പോർട്ടും സിനഡിൽ വിശദമായി ചർച്ച ചെയ്യപ്പെട്ടു.

ആഗസ്റ്റ് 28-ാം തീയതി മദ്ധ്യാഹനത്തോടെ സിനഡിന്റെ 18-ാം സമ്മേളനം പര്യവസാനിച്ചു. സിനഡിന്റെ വിജയത്തിനായി സഹകരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവരോടും ഞാൻ നന്ദി പറയുന്നു. നല്ലവനായ ദൈവം നിങ്ങളേവരെയും ആശീർവ്വദിക്കട്ടെ.

**വർക്കി കാർഡിനൽ വിതയത്തിൽ**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

**NB:- ഈ സർക്കുലർ ജനുവരി മാസം 9-ാം തീയതി വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.**



# കെ.സി.ബി.സി.മദ്യവിരുദ്ധ സമിതി

# ഇടയലേഖനം

### മദ്യവിരുദ്ധ ഞായർ 2011 ജനുവരി 30

## മദ്യസംസ്കാരം മരണ സംസ്കാരം

മനുഷ്യ ജീവൻ അതിന്റെ സമ്പൂർണതയിൽ രൂപപ്പെടുത്തുവാൻ സഭ എന്നും തൽപരയാണ്. 'ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി' (യോഹ.10:10) നൽകാനുമുള്ള പ്രവർത്തനങ്ങൾ സഭാ ശുശ്രൂഷകളുടെ മുഖമുദ്രയാണ്. മനുഷ്യന്റെ വളർച്ചയ്ക്കും വികസനത്തിനും തടസ്സമായി മാറുന്നവയെ തിരിച്ചറിഞ്ഞ് അവക്കെതിരായ ധാർമ്മിക ശബ്ദമായി എന്നും നിലപാടുകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജീവന്റെ സമൃദ്ധി അന്യമായിക്കൊണ്ടിരിക്കുന്ന ഈ കാലസന്ധിയിൽ കാലഘട്ടത്തിന്റെ പ്രവാചക ശബ്ദമാവാനുള്ള ദൗത്യം നിറവേറ്റുന്നതിൽ സഭ പ്രതിജ്ഞാബദ്ധയാണ്.

മദ്യത്തെ മാന്യതയുടെ അടയാളമാക്കിയിരിക്കുന്ന മലയാളി, പുത്തൻജീവിത സമവാക്യങ്ങൾ രൂപപ്പെടുത്തുന്നു. മദ്യത്തെ മുഖ്യധാരയിൽ നിർത്താനായി മനുഷ്യത്വം പോലും മറക്കുന്ന നയങ്ങളും തീരുമാനങ്ങളും മാറി മാറി വരുന്ന ഭരണാധികാരികൾ മെനഞ്ഞെടുക്കുന്നു. മദ്യനയം 'മരണ നയവും' മനുഷ്യത്വ ഹീനവും മൃഗീയവുമാകുന്നു, മദ്യം മനുഷ്യനെ മൃഗമാക്കുന്നു, ബന്ധങ്ങൾ ബന്ധനങ്ങളാകുന്നു, കുടുംബങ്ങൾ നരകമാകുന്നു, കുട്ടികൾ അനാഥരാകുന്നു, പ്രിയപ്പെട്ടവർ വഴിയാധാരമാകുന്നു. മദ്യാസക്തിയും അനുബന്ധ പ്രശ്നങ്ങളും ഇന്ന് കുടുംബത്തിലും സമൂഹത്തിലും സൃഷ്ടിക്കുന്ന അസ്വസ്ഥതകൾ ഏറെയാണ്. മനുഷ്യത്വവും സദാചാരങ്ങളും ആത്മീയ ബോധനങ്ങളുമൊക്കെ മദ്യസംസ്കാരത്തിനു മുമ്പിൽ തകർന്നുപോകുന്നു.

കുട്ടികൾ മദ്യവും മറ്റ് ലഹരികളും വ്യാപകമായി ഉപയോഗിക്കുന്നു എന്ന കണക്കും തിരിച്ചറിവും ഏറെ അമ്പരപ്പിക്കുന്നതാണ്. ഭാവിയുടെ മുകുളങ്ങൾ മുരടിച്ചുപോകുന്നത് ഏറെ അപകടകരമാണ്. എഴുപത് ശതമാനം യുവജനങ്ങൾ, മുപ്പത്തിരണ്ട് ശതമാനം കുട്ടികൾ,

മുപ്പത്തിയൊന്ന് ശതമാനം സ്ത്രീകൾ എന്നിങ്ങനെ മദ്യത്തോട് ചങ്ങാത്തം കൂടുന്നവർ കേരളത്തിൽ വരാനിരിക്കുന്ന ദുരന്തത്തിന്റെ സൂചനകളാണ്. സുഭാഷിതം 23:31–32 ഓർമ്മിപ്പിക്കുന്നു – "ചഷകങ്ങളിൽ വീഞ്ഞ് ചെമന്നു തിളങ്ങി കവിഞ്ഞൊഴുകുന്നത് നോക്കിയിരിക്കരുത്. അവസാനം അത് പാമ്പിനെപ്പോലെ കടിക്കുകയും അണലിയെപ്പോലെ കൊത്തുകയും ചെയ്യും." ആരംഭത്തിൽ മദ്യം സ്നേഹിതനായും പിന്നീട് സുഹൃത്തായും യജമാനനായും മാറുന്നു.

ദൈവത്തിന്റെ സ്വന്തം നാട്, കൊച്ചുകേരളം ഇന്ന് ഷാപ്പുകളുടെയും ബാറുകളുടെയും മദ്യ വില്പനശാലകളുടെയും തലസ്ഥാനമായി മാറിയിരിക്കുന്നു. കുടിയൻമാരുടെ സ്വന്തം നാടായി, സാമൂഹ്യ വിരുദ്ധരുടെ താവളമായി, ഗുണ്ടകളുടെയും അക്രമികളുടെയും തറവാടായി മാറിയിരിക്കുന്നു നമ്മുടെ നാട്. സംസ്കാര സമ്പന്നമെന്ന് നാം അവകാശപ്പെടുന്ന മലയാള നാടിന്റെ മദ്യപ്രേമം ആരെയും അതിശയിപ്പിക്കുന്നതാണ്. ഈ മദ്യസംസ്കാരം അപകടകരമാംവിധം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ബി.സി.സി. ന്യൂസ് ചാനൽ 'കേരളാസ് ലവ് അഫയർ വിത്ത് ആൽക്കഹോൾ' എന്ന ഒരു പരിപാടി കഴിഞ്ഞ മാർച്ച് 11-ന് സംപ്രേഷണം ചെയ്യുകയുണ്ടായി. കേരളത്തിലെ കുതിച്ചുയരുന്ന മദ്യാസക്തിയായിരുന്നു പ്രതിപാദ്യം. ആഗോളമദ്യ ഭൂപടത്തിൽ കേരളം മുന്നിൽത്തന്നെയാണെന്ന് ഇതിലൂടെ വിളിച്ചറിയിച്ചു. 'വൈകിട്ടെന്താ പരിപാടി'യെന്ന് ചോദിക്കുന്ന ഒരു സൂപ്പർസ്റ്റാറിന്റെ പരസ്യം അതിൽ ഉൾപ്പെടുത്തിയിരുന്നു. ജനങ്ങളുടെ കയ്യടിയും പിന്തുണയും നേടി താരങ്ങളായവർ നാടിനെ നശിപ്പിക്കുന്ന തരത്തിലുള്ള പരസ്യങ്ങളിൽ അഭിനയിക്കുന്നതും ധനം സമ്പാദിക്കുന്നതും ധാർമ്മികമല്ല. ഈ അവസരത്തിലാണ് മദ്യ കമ്പനി വാഗ്ദാനം ചെയ്ത 60 കോടി രൂപയുടെ 3 വർഷത്തെ പരസ്യക്കരാർ നിരസിച്ച സച്ചിൻ തെണ്ടുൽക്കർ മാതൃകയാവുന്നത്. ബി.ബി.സി. റിപ്പോർട്ടിന് ശേഷം കേരളം സന്ദർശിച്ച രാഷ്ട്രപതി ശ്രീമതി പ്രതിഭാ ദേവീസിംഗ് പാട്ടീൽ 'കുടിയൻമാരുടെ നാട്' എന്നാണ് കേരളത്തെ വിശേഷിപ്പിച്ചത്. കണക്കുകൾ നിരത്തി മദ്യം നാടും വീടും നശിപ്പിക്കുമെന്ന് അവർ പറഞ്ഞപ്പോൾ കേരളം കുനിഞ്ഞ ശിരസ്സോടെ അതു കേട്ടു. ലാഭക്കൊതിയൻമാരായ നേതാക്കൾ ലജ്ജയില്ലാതെ അതുകേട്ട് കയ്യടിച്ചു. കുറേപേരുടെ മദ്യാസക്തി ഒരു നാടിന് മുഴുവൻ അപമാനത്തിന് ഹേതുവായി മാറുന്നു.

വരുമാനത്തിന്റെ മുഖ്യഭാഗം മദ്യത്തിനായി കേരളീയർ ചെലവഴിക്കുന്നു. ഭക്ഷണത്തിന് ചെലവഴിക്കുന്ന തുകയാകട്ടെ ഇതിലും എത്രയോ കുറവാണ്. 4 നേരം അരിയാഹാരം കഴിക്കുന്ന കേരളീയർ

ഒരു വർഷം അരി വാങ്ങാൻ 3,500 കോടിയും മദ്യത്തിന് 15,000 കോടിയും മുടക്കുന്നു. ബിവറേജസ് കോർപ്പറേഷന്റെ ഔദ്യോഗിക കണക്കു പ്രകാരം 1984-85 (കോർപ്പറേഷൻ തുടങ്ങിയ വർഷം) അമ്പത്തഞ്ച് കോടി 46 ലക്ഷം രൂപക്കുള്ള മദ്യം വിറ്റഴിച്ചു. 2010 ൽ അത് അയ്യായിരത്തി മുന്നൂറ് കോടിയായി ഉയർന്നു. ഇത് ബിവറേജസ് കോർപ്പറേഷന്റെ 337 വിതരണ കേന്ദ്രങ്ങളിലെ മാത്രം കണക്കാണ്. ഇത് കൂടാതെയാണ് 653 ബാറുകളും 383 ഔട്ട്ലെറ്റുകളും 5029 കള്ള് ഷാപ്പുകളും പ്രവർത്തിക്കുന്നത്. വിദേശങ്ങളിൽ നിന്ന് കൊണ്ടുവരുന്ന മദ്യവും ആർമി ക്വോട്ടയും വ്യാജ വാറ്റ് എല്ലാംകൂടി രണ്ടായിരം കോടി രൂപയുടെ മദ്യം കേരളത്തിൽ കുടിച്ചുതീർക്കുന്നു. ഇങ്ങനെ കേരളം മദ്യാസക്തിയുടെ കരാള ഹസ്തത്തിലെത്തിയിരിക്കുന്നു.

2008-09 ൽ മദ്യപാനം കാരണം നാലായിരത്തിലേറെ വാഹനാപകടമുണ്ടായി. കേരളത്തിൽ വൻതോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിവാഹമോചനകേസ്സുകൾ പരിശോധിക്കുകയാണെങ്കിൽ തൊണ്ണൂറ് ശതമാനം കലഹങ്ങൾക്കും കാരണം മദ്യപാനമാണ്. കുറ്റകൃത്യങ്ങളുടെ ശരാശരി ഇന്ത്യയിൽ 105.6 ശതമാനം ആണെങ്കിൽ കേരളത്തിൽ അത് 306.5 ആണ്. ഇന്ത്യയിൽ ഏറ്റവുമധികം മനോരോഗികളുള്ളത് കേരളത്തിലാണ്. ഇവിടെ 100 ൽ 19 പേരും മനോരോഗികളാണ്. ലക്ഷക്കണക്കിന് കരൾരോഗം ബാധിച്ചവരും ഹൃദ്രോഗരോഗികളുമാണ് കേരളത്തിലുള്ളത്. ഇതിന് പുറമെയാണ് ദിനംപ്രതിയുള്ള ആയിരക്കണക്കിന് ഗാർഹിക പ്രശ്നങ്ങളും സ്ത്രീപീഡനങ്ങളും ലൈംഗികാതിക്രമങ്ങളും. ഈ ദുരന്തങ്ങൾക്കെല്ലാം അടിസ്ഥാന കാരണം കേരളത്തിൽ വളർന്നു വരുന്ന മദ്യസംസ്കാരം തന്നെയാണ്.

നല്ല ഉദ്ദേശ്യത്തോടുകൂടിയാണ് സർക്കാർ മദ്യസംഭരണവും വിപണനവും ഏറ്റെടുത്തതെങ്കിലും മദ്യത്തോടുള്ള കേരളീയരുടെ പ്രണയവും മദ്യത്തിൽ നിന്നുള്ള വമ്പിച്ച ആദായവും അതിലൂടെ കൈവരുന്ന രാഷ്ട്രീയ സ്വാധീനവും കണ്ടപ്പോൾ സർക്കാരിന്റെ കണ്ണുകളും മഞ്ഞളിച്ചുപോയി. ഇങ്ങനെ മദ്യ മാഫിയകളെ നിയന്ത്രിക്കാൻ വന്ന സർക്കാർ ഇവരെ കടത്തിവെട്ടി. മാറി മാറി വരുന്ന സർക്കാരുകൾ ഒളിഞ്ഞും തെളിഞ്ഞും കുടുംബം നന്നാക്കാനും പാർട്ടി വളർത്താനും എളുപ്പ മാർഗ്ഗമായി മദ്യത്തിൽ നിന്നുള്ള വമ്പിച്ച വരുമാനത്തെ കണ്ടു. സർക്കാരിന് 'കിസ്തു' തുക അടച്ച് എക്സൈസ്, പോലീസ് വകുപ്പുകളുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന മദ്യഷാപ്പുകളിലാണ് കൂടെക്കൂടെ ദുരന്തങ്ങളുണ്ടാകുന്നുവെന്നത് നാം ഓർക്കണം. ജനങ്ങളുടെ കണ്ണിൽ പൊടിയിടാനായി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അന്വേഷണങ്ങളായി, നഷ്ടപരിഹാരങ്ങളായി, തെരഞ്ഞെടുപ്പ് വരുമ്പോൾ മദ്യ

സംസ്കാരത്തെ നിയന്ത്രിക്കുമെന്നും മദ്യവിരുദ്ധ പ്രചാരണങ്ങൾ നടത്തുമെന്നുമുള്ള വാഗ്ദാനങ്ങൾക്കും കുറവൊന്നുമില്ല.

**അധികാരത്തിലിരിക്കുന്നവർ പ്രകടന പത്രികയിൽ നൽകിയ ചില വാഗ്ദാനങ്ങളിവയാണ്.**

★ മദ്യ മാഫിയാക്കെതിരെ കർശന നിലപാട് സ്വീകരിക്കും.

★ കേരളത്തിലെ സ്പിരിറ്റ് കള്ളക്കടത്തും വ്യാജ വിതരണവും കർശനമായി തടയും.

★ ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കള്ള് വ്യവസായത്തിന്റെ ഗുണപരമായ നിലനിൽപിന് ആവശ്യമായ നടപടികൾ സ്വീകരിക്കും.

★ ചാരായ നിരോധനം എടുത്തുകളയുകയില്ല

★ മദ്യനിരോധനമല്ല, മദ്യ വർജനമാണ് ഞങ്ങളുടെ ലക്ഷ്യം

★ സാമ്പത്തിക നേട്ടം മാത്രം നോക്കി സൗകര്യങ്ങൾ മുതലാക്കി മേൽപ്പറഞ്ഞ വാഗ്ദാനങ്ങൾക്ക് ഘടകവിരുദ്ധമായ കാര്യങ്ങളാണ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്.

★ പൂട്ടിക്കിടന്ന 1670 കള്ള്ഷാപ്പുകൾ തുറന്ന് പ്രവർത്തിക്കാൻ സൗകര്യം ചെയ്തു കൊടുത്തു.

★ അബ്കാരികളെ സഹായിക്കാൻ ലൈസൻസ് ഫീസ് നിശ്ചിത ശതമാനം കുറച്ചുകൊടുത്തു. ഇതാണ് മദ്യ മാഫിയകൾക്കെതിരായ കർശന നിലപാട്.

★ കൂടുതൽ വിദേശ മദ്യ ഡിസ്റ്റിലറികളും ബിയർ – വൈൻ– ടോഡി പാർലറുകളും അനുവദിച്ചു.

★ വീര്യം കുറഞ്ഞ മദ്യം നിർമ്മിച്ച് വിതരണം ചെയ്തുകൊണ്ട് സ്ത്രീകളെയും കുട്ടികളെയും മദ്യപാനശീലത്തിലേയ്ക്ക് കൊണ്ടുവരാനുള്ള ഒരു ശ്രമം നടത്തി.

★ മദ്യത്തിൽ നിന്നും വർഷം തോറും 5000 കോടി രൂപയുടെ വരുമാനമുണ്ടാക്കുന്ന സർക്കാർ പ്രകടന പത്രികയിൽപ്പറയുന്ന മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ ഒരുകൊല്ലം നീക്കിവെച്ചത് 60 ലക്ഷം രൂപ മാത്രമാണ്. ഇതിൽ 50 ലക്ഷം ചെലവാക്കി. അതിൽ 35 ലക്ഷം ചെലവാക്കിയത് ചില ലഘുലേഖകൾ പ്രസിദ്ധീകരിക്കാനാണ്. അവ ഇപ്പോഴും എക്സൈസ് ഓഫീസുകളിൽ കെട്ടിക്കിടക്കുന്നു. ഏറെ കൗതുകകരം, മദ്യത്തിൽ നിന്നുള്ള വരുമാനത്തിന്റെ ഒരു ഭാഗം കൊണ്ട് മദ്യപരെ ചികിത്സിക്കാൻ മെഡിക്കൽ കോളേജും ഡി–അഡിക്ഷൻ സെന്ററുകളും തുടങ്ങാൻ പോകുന്നുവെന്നതാണ്.

മദ്യം കൊടുത്ത് അനേകായിരങ്ങളെ രോഗികളാക്കിയ ശേഷം

അവരെ ചികിത്സിക്കാൻ ഒരുമ്പെടുകയല്ല, മറിച്ച് നല്ലൊരു ശതമാനം രോഗങ്ങൾക്കും കാരണമായ മദ്യപാനം തന്നെ ഇല്ലാതാക്കാനുള്ള പദ്ധതികൾ നടപ്പാക്കുകയാണ് വേണ്ടത്. ഇതിന്റെ പിന്നിലും നിക്ഷിപ്ത താല്പര്യങ്ങളുണ്ടോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. മദ്യം സുലഭമാക്കുമ്പോൾ രോഗികൾക്ക് കുറവുണ്ടാകില്ല. അങ്ങനെ തുടങ്ങാൻ പോകുന്ന മെഡിക്കൽ കോളേജുകളിലും ഡി-അഡിക്ഷൻ സെന്ററുകളിലും വരുമാനം വീണ്ടും വർദ്ധിക്കുകയും ചെയ്യും.

## 'കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി'

ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യ വിൽപനയിൽ കഴിഞ്ഞകൊല്ലം 16 ശതമാനം വർദ്ധനവുണ്ടായെന്ന് അതിന്റെ മാനേജിംഗ് ഡയറക്ടർ സമ്മതിക്കുന്നു. അങ്ങനെയാണെങ്കിൽ പ്രകടന പത്രികയിലെ മദ്യ വർജ്ജനമെന്നത് 'മദ്യ വർദ്ധനവാണ് ഞങ്ങളുടെ നയം' എന്ന് തിരുത്തേണ്ടിയിരിക്കുന്നു. പാവപ്പെട്ടവന്റെ കണ്ണീരൊപ്പുകയാണ് ജനകീയ സർക്കാരിന്റെ കടമ. കൂടുതൽ മദ്യശാലകളും ബിയർ പാർലറുകളും ആരംഭിക്കുകവഴി സർക്കാർ കണ്ണീർപുഴ സൃഷ്ടിക്കുകയാണ്. കണ്ണീരിന്റെ ഫലമാണ് ഖജനാവിൽ നിറയുന്നത്. പാർട്ടി ഫണ്ട് പെരുകുന്നതും നേതാക്കളുടെ പോക്കറ്റ് വീർക്കുന്നതും കണ്ണീരിന്റെ കാശുകൊണ്ടാണ്.

## 'ജനാധിപത്യം മദ്യാധിപത്യ'മാകുന്നു

തെരഞ്ഞെടുപ്പ് കഴിഞ്ഞ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിക്കുന്ന ഈ അവസരത്തിൽ നാം ശ്രദ്ധിക്കേണ്ട ഒരു പ്രധാന കാര്യമിതാണ്. ഓരോ പഞ്ചായത്തിനും നഗരസഭക്കും മദ്യഷാപ്പുകൾ വേണമോ, വേണ്ടയോ എന്നു തീരുമാനിക്കാൻ അധികാരം നൽകുന്ന പഞ്ചായത്ത് രാജ് നഗരപാലികാ ബില്ലിലെ 232, 447 വകുപ്പുകൾ പുനഃസ്ഥാപിക്കാനുള്ള സമരം ശക്തമാക്കണം. ഒറ്റയടിക്ക് കേരളത്തെ മുഴുവൻ മദ്യസംസ്കാരത്തിൽ നിന്നും വിമുക്തമാക്കുക പ്രയാസമായിരിക്കും. എന്നാൽ ഗ്രാമസഭകളിലും വാർഡുകളിലും ശ്രദ്ധ കേന്ദ്രീകരിക്കാനും മദ്യ വിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുവാനും ഒന്നുകൂടി എളുപ്പമായിരിക്കും. നമ്മുടെ ശ്രമങ്ങൾ തുടരണം. ഇപ്പോൾ കേന്ദ്രസർക്കാർ തയ്യാറാക്കി സംസ്ഥാന സർക്കാരുകൾക്ക് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന 'നാഷനൽ ഡ്രഗ് ആന്റ് ലിക്വർ പോളിസിയിൽ' മദ്യശാലകളുടെ നിയന്ത്രണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പങ്കാളിത്തത്തെക്കുറിച്ച് വകുപ്പുകളുണ്ട്. ദേശീയ പാതകൾക്കും ഗതാഗത തിരക്ക് കൂടുതലുള്ള പ്രധാന റോഡുകൾക്കും സമീപം മദ്യശാലകൾ നടത്താൻ അനുമതി നൽകരുതെന്ന കേന്ദ്ര ഗതാഗത മന്ത്രാലയത്തിൽ നിന്നുള്ള നിർദ്ദേശം നിരാകരിച്ചതുപോലെ, കേരള

സർക്കാർ മദ്യത്തിന്റെ നിയന്ത്രണം തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് നൽകാനുള്ള വകുപ്പും നിരാകരിക്കാൻ സാധ്യതയുണ്ട്. മദ്യ വ്യവസായത്തിന്റെ രാഷ്ട്രീയ സ്വാധീനവും സാമ്പത്തിക ശക്തിയും മനസ്സിലാക്കിയാണ് സർക്കാർ ഇതിന് വിസമ്മതിക്കുന്നത്. ഈ പ്രവ ണതയെ വിവിധ മാർഗ്ഗങ്ങളുപയോഗിച്ച് ശക്തമായി ചെറുക്കാൻ സംഘ ടിതമായി മുന്നോട്ട് വരണം.

ഇപ്പോൾ ചില രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മദ്യവിരുദ്ധ സന്ദേശ ങ്ങളുമായി രംഗത്തുണ്ട്. കഴിഞ്ഞ നാലര വർഷക്കാലം മദ്യ മാഫിയയ്ക്ക് എല്ലാ ഒത്താശകളും ചെയ്തുകൊടുത്ത ശേഷം അവസാനം അതിനെ തിരെ പ്രവർത്തിക്കുന്നത് ജനങ്ങളുടെ കണ്ണിൽ പൊടിയിട്ട് സ്ത്രീജന ങ്ങളുടെയും പാവപ്പെട്ടവരുടെയും വോട്ട് നേടാനുള്ള തന്ത്രമല്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ ഒരു ശതമാ നമെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ അധികാരം ഒഴിയുന്നതിന് മുമ്പ് മദ്യ നയത്തിൽ പഞ്ചായത്തുകൾക്കുള്ള അധികാരം (232, 447 വകുപ്പു കൾ) പുനഃസ്ഥാപിക്കുകയാണ് ചെയ്യേണ്ടത്. അല്ലാത്തപക്ഷം, സംശ യത്തിന്റെ നിഴലിൽ മാത്രമെ നിങ്ങളുടെ 'സൻമനസ്സി'നെ കാണാൻ കഴിയൂ.

നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധി പറഞ്ഞിരിക്കുന്നത്: 'ഒരു മണിക്കൂർ സമയം ഇന്ത്യയുടെ ഏകാധിപതി ആകാൻ അവസരം ലഭിച്ചാൽ ഞാൻ ആദ്യം ചെയ്യുന്ന പ്രവർത്തി നിയമം മുഖേന എല്ലാ മദ്യഷാപ്പുകളും അടച്ചുപൂട്ടുകയായിരിക്കും.' എന്താണിതിന്റെ അർത്ഥം? ഇന്ത്യയിലെ പാവപ്പെട്ടവരുടെ ജീവിതത്തെ ഏറ്റവും മാരകമായി ബാധി ക്കുന്ന സാമൂഹിക തിന്മ മദ്യാസക്തിയാണ്. സാധാരണക്കാരുടെ കടം പെരുകുന്നതിനും ഭവനങ്ങളിൽ കലഹം ഉണ്ടാകുന്നതിനുമുള്ള പ്രധാന കാരണം മദ്യാസക്തിയാണ്. ദേശത്ത് നടക്കുന്ന കൊലപാതകങ്ങളു ടെയും ബലാത്സംഗങ്ങളുടെയും ആത്മഹത്യകളുടെയും ചുരുളുകൾ അഴിക്കുമ്പോൾ അതിന്റെ ഒക്കെയും അടിവേരായി പ്രത്യക്ഷപ്പെടുന്നത് മദ്യവും മദ്യം വരുത്തുന്ന സ്വഭാവ ദൂഷ്യങ്ങളുമായിരിക്കും.

ഈ പശ്ചാത്തലത്തിലാണ് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി യുടെ 'മദ്യവിരുദ്ധ ഞായർ' ആചരണത്തിന്റെ പ്രസക്തി. മദ്യവിരുദ്ധ ഞായറിലെ പിരിവ് രൂപതാ കേന്ദ്രങ്ങൾവഴി സംസ്ഥാന സമിതിയിലെ ത്തിക്കാൻ ശ്രദ്ധിക്കുക. കഴിഞ്ഞ 12 വർഷങ്ങളായി നടന്നുവരുന്ന കെ. സി.ബി.സി. യുടെ മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ എല്ലാ ഇടവകകളിലും സജീവമാക്കാൻ ശ്രദ്ധിക്കുമല്ലോ.

ഡിമാന്റ് റിഡക്ഷൻ (Demand Reduction), സപ്ലൈ റിഡക്ഷൻ (Supply Reduction), റിസ്ക് റിഡക്ഷൻ (Risk Reduction), എന്നീ

ത്രിതല പ്രവർത്തന ശൈലിയാണ് സമിതി സ്വീകരിച്ചിരിക്കുന്നത്. ബോധവൽക്കരണ പരിപാടികളിലൂടെ ലഹരിക്കെതിരെയുള്ള അവബോധം സൃഷ്ടിക്കലാണ് ഡിമാന്റ് റിഡക്ഷൻ. മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരാൻ സർക്കാർ തലത്തിലും പദ്ധതി രൂപീകരണത്തിനായി വകുപ്പ് തലത്തിലും നടത്തുന്ന സമര സമ്മർദ്ദ പ്രതിഷേധ പരിപാടികളാണ് സപ്ലൈ റിഡക്ഷൻ. ലഹരിക്കടിമപ്പെട്ടവരെ ചികിത്സിച്ച് പുനരധിവസിപ്പിക്കുകയാണ് റിസ്ക് റിഡക്ഷൻ.

മനുഷ്യന്റെ സമഗ്രമായ വളർച്ചക്കും വികസനത്തിനും തടസ്സമായ മദ്യാസക്തിയും മറ്റ് ലഹരികളും സൃഷ്ടിക്കുന്ന മരണ സംസ്കാരത്തിൽ നിന്ന് നമ്മുടെ നാടിനെ രക്ഷപെടുത്തുവാനുള്ള ഉത്തരവാദിത്വം നമുക്ക് ഏറ്റെടുക്കാം. അഴിമതിയുടെയും അത്യാഗ്രഹത്തിന്റെയും ചില്ലുകൊട്ടാരങ്ങൾക്ക് നേരെ വിനാശത്തിലേക്ക് കുതിക്കുന്ന ഈ സാമൂഹ്യതിന്മക്കെതിരെ അതിനെ പാലൂട്ടി വളർത്തുന്ന സംവിധാനങ്ങൾക്കെതിരെ ഉറക്കം നടിക്കുന്ന സമൂഹ മനഃസാക്ഷി, ഭീരുത്വത്തിന്റെ കവചങ്ങൾ ഭേദിച്ചുണരട്ടെ! 'ഇസ്രായേൽ ജനത്തിന്റെ നിലവിളി എന്റെ അടുത്തെത്തിയിരിക്കുന്നു' (പുറ:3:9) എന്ന മുഖവാചകത്തോടെ പ്രവാചകനായ മോശയെ അടിമത്തത്തിന്റെ നാട്ടിൽ ദൗത്യം ഏൽപിച്ച ദൈവം (പുറ:3:10) നമ്മെ ഓരോരുത്തരെയും ശക്തരാക്കട്ടെ. 'വരാനിരിക്കുന്ന തലമുറക്കായ്, ഇനിയും ജനിച്ചിട്ടില്ലാത്ത മക്കൾക്കായ്' (സങ്കീ. 78:6) മരണത്തിന്റെ ഇരുൾ നിലങ്ങളിൽ കണ്ണുനീരിന്റെ താഴ്വാരങ്ങളിൽ ജീവന്റെ സമൃദ്ധി ഉണ്ടാകുവാൻ സഭയുടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാവാം.

പൈതൃകാശംസകളോടെ.....

**റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ തെക്കത്തേച്ചേരിൽ**
(ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)
**റൈറ്റ് റവ. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)
**റൈറ്റ് റവ. ഡോ. റെമീജിയോസ് ഇഞ്ചനാനിയിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

---

**NB:- ഈ ഇടയലേഖനം ജനുവരി മാസം 23-ാം തീയതി വി.കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.**



# സർക്കുലർ

***Circular Letter No. 1/2011***
***Prot. No.10224/2010***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നാം വീണ്ടും ഒരു പുതിയ വർഷത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. ദൈവം നമുക്ക് തരുന്ന ദാനമാണ് ഓരോ വർഷവും എന്ന് അനുസ്മരിക്കാം. കഴിഞ്ഞ വർഷം ദൈവം നമ്മുടെ വ്യക്തിജീവിതത്തിലും, കുടുംബജീവിതത്തിലും, സമൂഹജീവിതത്തിലും എല്ലാം ചൊരിഞ്ഞ നിരവധിയായ അനുഗ്രഹങ്ങൾക്ക് നാം നന്ദി പറഞ്ഞുകാണും. അതോടൊപ്പം പുതിയ വർഷത്തിൽ കർത്താവിന്റെ പാതയിലൂടെ ചരിയ്ക്കാനുള്ള കൃപയ്ക്കായും നമുക്ക് പ്രാർത്ഥിക്കാം. ഏവർക്കും ശാന്തിയും സമാധാനവും നിറഞ്ഞ പുതുവത്സരം ആശംസിക്കുന്നു.

നിർദ്ധനകുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്കായി ഒരു വിദ്യാഭ്യാസ സഹായ പദ്ധതി നമ്മുടെ രൂപതയിൽ നടപ്പാക്കിയിട്ടുള്ളത് നിങ്ങൾക്കറിയാവുന്ന വസ്തുതയാണല്ലോ. എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിയ്ക്കുന്ന ചുരുങ്ങിയത് അഞ്ഞൂറ് കുട്ടികൾക്കെങ്കിലും ആയിരം രൂപാ വച്ച് ഓരോ വർഷവും സഹായധനമായി കൊടുക്കുന്ന ഒരു പദ്ധതിയാണിത്. കഴിഞ്ഞ അഞ്ച് വർഷമായി നമ്മൾ ഇപ്രകാരം ചെയ്യുന്നുണ്ട്. ഏറെപ്പേർക്ക് ഇത് വലിയ സഹായമാണ്. ഇപ്പറഞ്ഞ പദ്ധതിയ്ക്ക് പുറമേ നമ്മുടെ രൂപതയിലെ സന്യാസിനീസമൂഹങ്ങൾ ഒരുമിച്ച് ചേർന്ന് ഇരുന്നൂറ്റമ്പതിനും മുന്നൂറിനും ഇടയിൽ കുട്ടികൾക്കും വർഷം ആയിരം രൂപാ വച്ച് സഹായ ധനം കൊടുക്കുന്നുണ്ട്.

അതുപോലെ തന്നെ വർഷം തോറും ഇരുപത് കുട്ടികളെ വീതം ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ സൗജന്യമായി പഠിപ്പിക്കുന്ന മറ്റൊരു പദ്ധതിയും നിലവിലുണ്ട്. മൂന്ന് വർഷം മുമ്പ് ആരംഭിച്ച ഈ പദ്ധതിയനുസരിച്ച് 60 കുട്ടികൾ ഗൂഡല്ലൂർ കയ്യൂന്നിയിലുള്ള സേക്രട്ട് ഹാർട്ട് മട്രിക്കുലേഷൻ സ്കൂളിലും തലഞ്ഞി കാർമ്മൽ സ്കൂളിലുമായി പഠിക്കു

ന്നുണ്ട്. ആ സ്കൂളുകളുടെ വാഹനങ്ങൾ എത്തുന്ന സ്ഥലങ്ങളിൽ നിന്ന് മാത്രമാണ് അപ്രകാരം കുട്ടികളെ തെരഞ്ഞെടുത്തിട്ടുള്ളത്. എല്ലാ വർഷവും LKG ലേയ്ക്ക് മാത്രമാണ് കുട്ടികളെ സ്വീകരിക്കുന്നത്. അവരിൽ എല്ലാ ക്ലാസ്സിലും പഠിച്ചുകയറുന്നവർ ഏതെങ്കിലും ജീവിത മാർഗ്ഗത്തിൽ എത്തുന്നതുവരെ അവരെ പഠിപ്പിക്കുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. എങ്കിലും പണത്തിന്റെ ലഭ്യത അനുസരിച്ചായിരിക്കും അവയെല്ലാം ചെയ്യുന്നത്.

സ്കൂൾ കുട്ടികൾക്ക് പുറമെ രണ്ട് കുട്ടികൾക്ക് കോഴിക്കോട്ടുള്ള സ്റ്റാർട്ട് എന്ന സ്ഥാപനത്തിൽ പരിശീലനം നേടുന്നതിനുള്ള സഹായധനവും കൊടുക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസത്തിനും ഐ.എ.എസ്., ഐ.പി.എസ്. പോലെയുള്ള മത്സരപരീക്ഷകൾക്കും കുട്ടികളെ ഒരുക്കാൻ താമരശ്ശേരി രൂപത തുടങ്ങിയിട്ടുള്ള സ്ഥാപനമാണ് സ്റ്റാർട്ട്. നമ്മുടെ രൂപതയിലെ സന്യാസിനീ സഹൂഹങ്ങൾ പെൺകുട്ടികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും സഹായം കൊടുക്കുന്നുണ്ട്.

കുട്ടികളെ തെരഞ്ഞെടുക്കുന്നതും അവർക്കുള്ള സഹായധനം വിതരണം ചെയ്യുന്നതും ഓരോ ഇടവകയിലെയും ബഹുമാനപ്പെട്ട വികാരിയച്ചന്മാരും കമ്മറ്റിക്കാരും ഉൾപ്പെടുന്ന സമിതിയാണ്. ഇടവകയിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സും ഇതിൽ ഭാഗഭാക്കാകുന്നു. പണം ചെക്കായി രൂപതാ കേന്ദ്രത്തിൽ നിന്ന് അതാത് പള്ളിയുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് അയയ്ക്കുന്നത്. അത് പള്ളിക്കണക്കിൽ വരവ് വെച്ച ശേഷം ഒന്നോ രണ്ടോ ഗഡുക്കളായി കുട്ടികൾക്ക് വിതരണം ചെയ്യുകയും പള്ളിക്കണക്കിൽ ചെലവെഴുതുകയും ചെയ്യുന്നു. കുട്ടികൾക്ക് പുസ്തകം, വസ്ത്രം, കുട, ചെരുപ്പ് തുടങ്ങിയവ വാങ്ങാൻ ഈ പണം ഉപയോഗിക്കുന്നു എന്ന് അവർ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. പണം മറ്റ് കാര്യങ്ങൾക്ക് ഉപയോഗിച്ചാൽ പിറ്റേ വർഷം മുതൽ സഹായം കൊടുക്കുന്നതുമല്ല. സഹായധനം ലഭിക്കുന്ന കുട്ടികളുടെ കാര്യത്തിൽ അതാത് ഇടവകകളിൽ സേവനമനുഷ്ഠിക്കുന്ന സിസ്റ്റേഴ്സിന് പ്രത്യേക ശ്രദ്ധയുണ്ടായിരിക്കണം. അവരുടെ വീടുകൾ ഇടയ്ക്കിടെ അവർ സന്ദർശിക്കുകയും അവരുടെ പഠനനിലവാരം വിലയിരുത്തുകയും ആവശ്യമായ വിവരങ്ങൾ ബഹുമാനപ്പെട്ട വികാരിയച്ചന്മാരെയും കമ്മിറ്റിക്കാരെയും അറിയിക്കുകയും ചെയ്യണം. ആ കുടുംബങ്ങളുടെ ആദ്ധ്യാത്മിക പുരോഗതിയിലും ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കഴിഞ്ഞ വർഷം രൂപതാ കേന്ദ്രത്തിൽ നിന്ന് നടത്തുന്ന പദ്ധതിക്കായി 977565 രൂപയും ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് നടത്തുന്ന പദ്ധതി

ക്കായി 341450 രൂപയും കിട്ടി. അതിൽ രൂപതാ കേന്ദ്രത്തിലെ പദ്ധതിയിൽ നിന്ന് 974890 രൂപായും സിസ്റ്റേഴ്സിന്റെ പദ്ധതിയിൽ നിന്ന് 331450 രൂപായും വിതരണം ചെയ്തു. ആകെ 1306340 രൂപായാണ് വിതരണം ചെയ്തത്. 519, 255 എന്നിങ്ങനെയാണ് ഓരോ പദ്ധതിയിലും സഹായ ധനം കിട്ടിയ കുട്ടികളുടെ എണ്ണം.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ 60 കുട്ടികൾക്കായി 457890 രൂപയാണ് കൊടുത്തത്. അതുപോലെ കോഴിക്കോട് സ്റ്റാർട്ട് എന്ന സ്ഥാപനത്തിൽ രണ്ട് കുട്ടികൾക്ക് പഠിക്കുവാനായി 60000 രൂപാ കൊടുത്തിട്ടുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്കായി സിസ്റ്റേഴ്സിന്റെ പദ്ധതിയിൽ നിന്ന് 5 കുട്ടികൾക്ക് 95000 രൂപായും കൊടുത്തു. അങ്ങനെ മൊത്തം 1306340 രൂപാ നമ്മൾ കഴിഞ്ഞ വർഷം വിദ്യാഭ്യാസ സഹായമായി കൊടുത്തിട്ടുണ്ട്. ഇതിലേയ്ക്ക് സംഭാവനകൾ നൽകിയ എല്ലാവരേയും ഹൃദയപൂർവ്വം അഭിനന്ദിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുന്നു. നിങ്ങളുടെ ഈ സംഭാവനകൾ നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ ചാലുകളായി മാറും.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ അതിൽ നിന്ന് കരകയറ്റുവാനുള്ള ഏറ്റവും പറ്റിയ മാർഗ്ഗം അവരുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കുകയാണ് എന്ന ബോദ്ധ്യത്തിൽ നിന്നാണ് ഇപ്രകാരമൊരു പദ്ധതിയ്ക്ക് രൂപം കൊടുത്തത്. ചെറുകിട കർഷകർക്ക് കൃഷിയിൽ നിന്നുള്ള ആദായം കൊണ്ടുള്ള വരുമാനം കൊണ്ട് ഇനി ജീവിതം മുന്നോട്ട് നീക്കാൻ കഴിയുകയില്ല എന്നത് ഒരു വസ്തുതയാണ്. കാലക്രമത്തിൽ കൃഷിയും ഒരു വ്യവസായമായി മാറുകയും കൃഷി ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞു വരുകയും ചെയ്യും എന്നതും ഉറപ്പായ കാര്യമാണ്. ആ സാഹചര്യത്തിൽ വ്യാവസായിക – സേവന മേഖലകളിൽ ജോലി ചെയ്യുന്നതിന് ആവശ്യമായ പരിശീലനം ലഭിച്ചവർക്കായിരിക്കും മുൻഗണന. അതില്ലാത്തവർ തീർത്തും നിർധനർ ആയിത്തീരുന്ന അവസ്ഥ സംജാതമാകും. അങ്ങനെ വന്നാൽ അത് സമൂഹത്തിൽ വലിയ കലഹങ്ങൾക്കും അസ്വസ്ഥതകൾക്കും കളവിനും കൊള്ളയ്ക്കും കൊലപാതകങ്ങൾക്കും എല്ലാം കാരണമാകും. അതുകൊണ്ട് പണമുള്ളവരുടെ നിലനിൽപ്പിന്റെ പ്രശ്നം കൂടിയാണ് പാവപ്പെട്ടവരെ സാമ്പത്തികമായി ഉയർത്തുക എന്നത്.

പല മാർഗ്ഗങ്ങളിലൂടെയാണ് നമ്മുടെ പദ്ധതികൾക്കുള്ള പണം കണ്ടെത്തുന്നത്. അതിൽ ഒന്നാമത്തേത് ഓരോ വർഷവും നമ്മൾ ഇടവകകളിൽ നിന്ന് എടുക്കുന്ന ഒരു പൊതു പണസമാഹരണമാണ്. ജനുവരി മാസത്തിലെ അവസാന ഞായറാഴ്ചയാണ് ഇത് സമാഹരിക്കുന്നത്. രണ്ടാമത്തെ മാർഗ്ഗം വ്യക്തികളും സമൂഹങ്ങളും തരുന്ന തുക

കളാണ്. തങ്ങൾക്ക് ദൈവം തന്ന സമ്പത്തിൽ നിന്ന് ഒരു ഭാഗം അവശതയനുഭവിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നീക്കി വയ്ക്കുന്ന ധാരാളം പേരുണ്ട്. പ്രത്യേകിച്ചും ഏതെങ്കിലും ആഘോഷാവസരങ്ങൾ വരുമ്പോൾ പലരും ഇങ്ങനെ ചെയ്യുന്നുണ്ട്. ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾ തങ്ങൾക്ക് കിട്ടുന്ന സമ്മാനങ്ങളിൽ ഒരു ഭാഗം ഈ നല്ല കാര്യത്തിനായി നീക്കി വയ്ക്കുന്നുണ്ട്. ഇതിനായി ബഹുമാനപ്പെട്ട വൈദികരും മാതാപിതാക്കളും അവരെ പ്രോത്സാഹിപ്പിക്കണം. ഇടവകകളിൽ നടത്തുന്ന തിരുനാൾ അവസരങ്ങളിൽ അതിന് ചെലവാക്കുന്ന തുകയുടെ ഒരു ഭാഗം വിദ്യാഭ്യാസനിധിയിലേക്ക് തരുന്ന ഇടവകകൾ ഉണ്ട്. ഓരോ ഇടവകയും അവരുടെ തിരുനാൾ ബഡ്ജറ്റിന്റെ അഞ്ച് ശതമാനമെങ്കിലും ഇപ്രകാരം നീക്കി വയ്ക്കണം എന്നാണെന്റെ അഭ്യർത്ഥന. നിങ്ങൾക്കത് വലിയ ദൈവാനുഗ്രഹത്തിന് കാരണമാകും. നമ്മുടെ കണ്ണിനും കാതിനും മനസ്സിനുമെല്ലാം ഇമ്പം പകരുമെങ്കിലും ദൈവത്തിന് പ്രീതികരമായിട്ടുള്ളത് നമ്മുടെ ആഘോഷങ്ങളല്ല എന്ന കാര്യം നാം വിസ്മരിക്കരുത്. ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്ന കർതൃവാക്യം നമുക്ക് അനുസ്മരിക്കാം.

ഈ വർഷം ഫെബ്രുവരി 6 ന് ഞായറാഴ്ചയാണ് വിദ്യാഭ്യാസനിധിയിലേക്കുള്ള സംഭാവനകൾ സമാഹരിക്കേണ്ടത്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം മുൻകൂട്ടി പള്ളികളിൽ അറിയിക്കുകയും ആ ദിവസം ലഭിക്കുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ച് തരുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. നിങ്ങൾ ഏവരുടെയും ഉദാരമായ സംഭാവനകൾ ഞാൻ പ്രതീക്ഷിക്കുന്നു. ഏവർക്കും മുൻകൂട്ടി നന്ദി പറയുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളോടു കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2010 ജനുവരി മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2011 ജനുവരി മാസം 30-ാം തീയതി വി.കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.**

# കർത്താവിന്റെ വചനം *(Verbum Domini)*

## മാർപാപ്പയുടെ പുതിയ അപ്പസ്തോലിക ആഹ്വാനം

റവ. ഡോ. സ്റ്റീഫൻ ആലത്തറ

'കർത്താവിന്റെ വചനം' *(Verbum Domini)* സാർവത്രിക സഭയുടെ ദൈവവചനത്തെക്കുറിച്ചുള്ള ഏറ്റവും പുതിയ ആധികാരിക പ്രബോധന രേഖയാണ്. ലത്തീൻ ഭാഷയിലെ വിശുദ്ധഗ്രന്ഥ വിവർത്തനം *(Latin Vulgate)* തയ്യാറാക്കിയ ബൈബിൾ പണ്ഡിതനായ വിശുദ്ധ ജറോമിന്റെ 2010 –ലെ തിരുനാൾ ദിനത്തിൽ സെപ്റ്റംബർ 30–ന് ബെനഡിക്ട് പതിനാറാമൻ ഒപ്പുവച്ച 'കർത്താവിന്റെ വചനം' 2010 നവംബർ 11 നാണ് പ്രസിദ്ധീകരിച്ചത്. ദൈവവചനത്തെക്കുറിച്ചുള്ള ഈ സഭാ പ്രബോധനം സിനഡാനന്തര അപ്പസ്തോലിക ആഹ്വാനമാണ്. 2008 ഒക്ടോബർ 5 മുതൽ 26 വരെ റോമിൽ വെച്ചു നടന്ന സാർവത്രികസഭയുടെ പന്ത്രണ്ടാമത് സാധാരണ സിനഡ് ചർച്ച ചെയ്തത് ദൈവവചനത്തെക്കുറിച്ചായിരുന്നു. "ദൈവവചനം സഭയുടെ ജീവിതത്തിലും ദൗത്യത്തിലും" *(Word of God in the Life and Mission of the Church)* എന്നതായിരുന്നു സിനഡിന്റെ വിഷയം. സിനഡിനെ തുടർന്ന് സിനഡിൽ പങ്കെടുത്ത സഭാപിതാക്കന്മാർ 55 നിർദ്ദേശങ്ങൾ ബെനഡിക്ട് പതിനാറാമൻ മാർപാപ്പയ്ക്ക് നൽകിയിരുന്നു. സിനഡ് പിതാക്കന്മാർ നൽകിയ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചാണ് 'കർത്താവിന്റെ വചനം' എന്ന അപ്പസ്തോലിക ആഹ്വാനം മാർപാപ്പ പ്രസിദ്ധീകരിച്ചിരിക്കുന്നത്. ദൈവവചനത്തെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ കോൺസ്റ്റിറ്റ്യൂഷനായ 'ദൈവാവിഷ്കരണം' *(Dei Verbum)* കഴിഞ്ഞാൽ ദൈവവചനത്തെക്കുറിച്ചുള്ള കത്തോലിക്കാ സഭയുടെ ഏറ്റവും ആധികാരിക പ്രബോധനമാണ് 'കർത്താവിന്റെ വചനം'.

'കർത്താവിന്റെ വചനം' പ്രധാനമായും മൂന്ന് ഭാഗമായിട്ടാണ് തിരിച്ചിട്ടുള്ളത്. മൂന്ന് ഭാഗങ്ങളിലായി പത്ത് അദ്ധ്യായങ്ങളുണ്ട്. ആദ്യഭാഗം ദൈവത്തിന്റെ വചനം *(Verbum Dei)* എന്നതാണ്. ത്രിത്വൈകതലത്തിലുള്ള ദൈവിക വെളിപാടാണ് ഈ ഭാഗത്ത് വിവരിച്ചിട്ടുള്ളത്. പിതാവായ ദൈവമാണ് ദൈവവചനത്തിന്റെ ഉറവിടവും സ്രോതസ്സും എന്ന് ഇവിടെ സമർത്ഥിച്ചിരിക്കുന്നു. ആദ്യഭാഗത്ത് മൂന്ന് അധ്യായങ്ങളുണ്ട്. ആദ്യത്തെ അധ്യായത്തിൽ സ്വയം വെളിപ്പെടുത്തുന്ന ദൈവത്തെ അവ

തരിപ്പിച്ചിരിക്കുന്നു. പ്രപഞ്ചത്തിലൂടെയും, സൃഷ്ടിയിലൂടെയും, ക്രിസ്തുവിലൂടെയും, പരിശുദ്ധാത്മാവിലൂടെയും വിശുദ്ധ പാരമ്പര്യത്തിലൂടെയും വിശുദ്ധ ഗ്രന്ഥത്തിലൂടെയും ദൈവം സ്വയം വെളിപ്പെടുത്തുന്നു. രണ്ടാമത്തെ അധ്യായം ദൈവത്തിന്റെ വെളിപ്പെടുത്തലിനോട് മനുഷ്യന്റെ പ്രതികരണമാണ് അവതരിപ്പിച്ചിട്ടുള്ളത്. ഉടമ്പടിയിലൂടെ ദൈവം മനുഷ്യനെ തന്റെ പങ്കാളിയാക്കിയിരിക്കുന്നു. ദൈവത്തോടൊപ്പം പങ്കാളിയായ മനുഷ്യന് ദൈവത്തിന്റെ വചനം ശ്രവിക്കാനും അതനുസരിച്ച് പ്രത്യുത്തരിക്കാനും കടമയുണ്ട്. നാം ഓരോരുത്തരും ദൈവവചനത്താൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ദൈവവചനത്താലാണ് നാം ജീവിക്കുന്നതും. ദൈവം നമ്മെ ശ്രവിക്കുന്നു. ദൈവവചനവും മനുഷ്യവിശ്വാസവും ശ്രവിക്കാൻ മനുഷ്യന് തടസ്സമായി നിൽക്കുന്നത് അവന്റെ പാപമാണ്. പരിശുദ്ധ കന്യകാമറിയം ദൈവവചനത്തിന്റെയും വിശ്വാസത്തിന്റെയും അമ്മയാണെന്ന് പഠിപ്പിച്ചുകൊണ്ടാണ് അധ്യായം അവസാനിക്കുന്നത്.

സഭയിൽ വിശുദ്ധ ഗ്രന്ഥം എപ്രകാരമാണ് വ്യാഖ്യാനിക്കേണ്ടത് എന്നാണ് ആദ്യഭാഗത്തിലെ അവസാനത്തേയും മൂന്നാമത്തേതുമായ അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. വിശുദ്ധ ഗ്രന്ഥം പ്രാഥമികമായി വ്യാഖ്യാനിക്കപ്പെടേണ്ട സ്ഥലം സഭയാണ്. വിശുദ്ധഗ്രന്ഥ പഠനവും സഭാപ്രബോധനങ്ങളും, വിശ്വാസത്തിന്റെയും ബുദ്ധിയുടേയും തലത്തിൽ വിശുദ്ധ ഗ്രന്ഥം മനസ്സിലാക്കേണ്ട ആവശ്യകത, പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധം, വിശുദ്ധഗ്രന്ഥവും സഭൈക്യ പ്രസ്ഥാനങ്ങളും, വിശുദ്ധരുടെ ജീവിതവും വിശുദ്ധഗ്രന്ഥ വ്യാഖ്യാനവും എന്നീ വിഷയങ്ങൾ ഈ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

രണ്ടാമത്തെ ഭാഗം സഭയിലുള്ള ദൈവവചന *(Verbum Ecclesia)* ത്തെക്കുറിച്ചാണ്. ആദ്യഭാഗത്ത് എന്നതുപോലെ രണ്ടാം ഭാഗത്തും മൂന്ന് അധ്യായങ്ങളാണുള്ളത്. ആദ്യ അധ്യായമായ ദൈവവചനവും സഭയും എന്നതിൽ സഭയാണ് ദൈവത്തിന്റെ വചനം ഔദ്യോഗികമായി സ്വീകരിച്ചിട്ടുള്ളതെന്നും ദൈവാവിഷ്ക്കരണത്തിന്റെ പൂർണ്ണതയായ യേശുക്രിസ്തുവിന്റെ സാന്നിധ്യം സഭയിലാണ് സജീവമായിട്ടുള്ളതെന്നും വ്യക്തമാക്കിയിരിക്കുന്നു. ദൈവവചനത്തിന് സഭയുടെ ആരാധനക്രമത്തിലൂടെയുള്ള സാന്നിധ്യമാണ് രണ്ടാമത്തെ അധ്യായത്തിൽ വിവരിച്ചിരിക്കുന്നത്. കൂദാശകളും ദൈവവചനവും തമ്മിലുള്ള ബന്ധം അവതരിപ്പിക്കുമ്പോൾ പരിശുദ്ധകുർബാനയിലൂടെ സജീവമാകുന്ന ദൈവവചനത്തെക്കുറിച്ചു പ്രതിപാദിച്ചിരിക്കുന്നു. പരിശുദ്ധകുർബാനയിലുള്ള ദൈവവചനം, ദിവ്യബലി മധ്യേയുള്ള ദൈവവചനവ്യാഖ്യാനം, ദൈവ

വചനവും അനുരഞ്ജനവും രോഗീലേപനവും, സഭയുടെ യാമപ്രാർത്ഥനകളിലുള്ള ദൈവത്തിന്റെ വചനം, ആശീർവ്വാദപ്രാർത്ഥനകൾ, ആരാധനാഗീതകങ്ങൾ എന്നിവയിലുള്ള ദൈവവചനസാന്നിധ്യം തുടങ്ങി ആരാധനാക്രമത്തിലെ സകലതുമായുള്ള വചനത്തിന്റെ പങ്കിനെക്കുറിച്ച് രണ്ടാം അധ്യായം വിവരിച്ചിരിക്കുന്നു. സഭയുടെ അജപാലനരംഗത്തു ദൈവവചനത്തിന്റെ സ്വാധീനമാണു മൂന്നാമത്തെ അധ്യായത്തിന്റെ ഉള്ളടക്കം. ദൈവവചനമതബോധനം, ക്രൈസ്തവർക്ക് വിശുദ്ധഗ്രന്ഥാധിഷ്ഠിത രൂപീകരണം നൽകേണ്ടതിന്റെ ആവശ്യകത, സഭാകൂട്ടായ്മകളിൽ ദൈവവചനം പങ്കുവെയ്ക്കേണ്ടതിന്റെ പ്രാധാന്യം, ദൈവവിളിയും ദൈവവചനവും, വചനത്തിന്റെ ശുശ്രൂഷകർ, തിരുപ്പട്ടസ്വീകരണാർത്ഥികൾ, സമർപ്പിതർ, അല്മായർ, കുടുംബജീവിതം നയിക്കുന്നവർ എന്നിവർ എപ്രകാരം ദൈവവചനത്താൽ നയിക്കപ്പെടണമെന്നത് വ്യക്തമാക്കിയിരിക്കുന്നു. ദിവ്യവായന, പരിശുദ്ധ കന്യകാമറിയത്തോടുള്ള പ്രാർത്ഥന, വിശുദ്ധനാട് എന്നിവയിൽ വചനത്തിനുള്ള സ്വാധീനവും ഈ അദ്ധ്യായത്തിൽ വിവരിക്കുന്നു.

മൂന്നാമത്തെ ഭാഗം ലോകത്തിലെ ദൈവവചനത്തെ *(Verbum Mundo)* ക്കുറിച്ചുള്ളതാണ്. ഈ ഭാഗത്ത് നാല് അധ്യായങ്ങളുണ്ട്. ലോകത്തിൽ ദൈവവചനം പ്രഘോഷിക്കുവാനുള്ള സഭയുടെയും ക്രൈസ്തവരുടെയും കടമകളും ദൗത്യവുമാണ് ഈ ഭാഗത്ത് വിവരിച്ചിരിക്കുന്നത്. ആദ്യത്തെ അധ്യായത്തിൽ ലോകത്തിലെ എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കേണ്ട സഭയുടെ കർത്തവ്യത്തെക്കുറിച്ച് വിശദമായി വിവരിച്ചിരിക്കുന്നു. ലോകത്തിൽ ജീവിക്കുന്ന ക്രൈസ്തവർ എപ്രകാരമാണു ദൈവവചനശുശ്രൂഷകരായി പ്രവർത്തിക്കേണ്ടത് എന്നതാണ് രണ്ടാം അധ്യായത്തിന്റെ ഉള്ളടക്കം. യുവജനങ്ങൾ, വിപ്രവാസികൾ, വേദനയും സഹനവും അനുഭവിക്കുന്നവർ, ദരിദ്രർ എന്നിവരുടെ ഇടയിലുള്ള ദൈവവചനപ്രഘോഷണം പ്രത്യേകമായി എടുത്തുപറഞ്ഞിരിക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിനും പ്രപഞ്ചസ്നേഹത്തിനും എപ്രകാരം ദൈവവചനം സഹായകമാകുന്നു എന്നത് അവതരിപ്പിച്ചാണ് രണ്ടാമത്തെ അധ്യായം അവസാനിക്കുന്നത്.

ദൈവവചനത്തിന് സംസ്കാരവുമായുള്ള ബന്ധമാണു മൂന്നാമത്തെ അധ്യായത്തിന്റെ പ്രതിപാദനവിഷയം. സംസ്കാരങ്ങൾക്കുള്ള സംഹിതയാണ് വിശുദ്ധഗ്രന്ഥം. കലയിലും സാഹിത്യത്തിലുമുള്ള ദൈവവചനത്തിന്റെ സ്വാധീനം, ദൈവവചനം സാമൂഹിക സമ്പർക്കമാധ്യമങ്ങളിലൂടെ പ്രഘോഷിക്കേണ്ടതിന്റെ ആവശ്യകത, സാംസ്കാരിക അനുരൂപണവും ദൈവത്തിന്റെ വചനവും വിശുദ്ധഗ്രന്ഥം തർജ്ജിമ ചെയ്യേണ്ടതിന്റെയും ജനങ്ങൾക്കു ലഭ്യമാക്കേണ്ടതിന്റെയും

ആവശ്യം എന്നിവ ഈ അധ്യായത്തിൽ ഉള്ളടങ്ങിയിരിക്കുന്നു. മതാന്തരസംവാദത്തിൽ ദൈവവചനത്തിന്റെ പങ്കിനെക്കുറിച്ചാണ് അവസാനത്തെ അധ്യായം വിവരിക്കുന്നത്. ഇസ്‌ലാംമതവിശ്വാസികളും ഇതര മതസ്ഥരുമായി വചനാധിഷ്ഠിതസംവാദം നടത്തുക ആവശ്യമാണെന്ന് ഇവിടെ എടുത്തുപറഞ്ഞിരിക്കുന്നു.

പ്രധാനപ്പെട്ട മൂന്നുഭാഗങ്ങൾ കൂടാതെ ഈ അപ്പസ്തോലിക പ്രബോധനത്തിന് ആമുഖവും ഉപസംഹാരവുമുണ്ട്. ആമുഖത്തിൽ അഞ്ച് ഖണ്ഡികകളാണുള്ളത്. ദൈവവചനത്തെക്കുറിച്ചുള്ള അപ്പസ്തോലികാഹ്വാനം പ്രസിദ്ധീകരിക്കാനുള്ള സാഹചര്യങ്ങളും പന്ത്രണ്ടാമത് സിനഡിന്റെ തീരുമാനങ്ങളുമാണ് ആമുഖത്തിൽ വിവരിച്ചിരിക്കുന്നത്. യോഹന്നാന്റെ സുവിശേഷത്തിലെ ആദ്യ അധ്യായത്തിലെ ആദ്യവചനങ്ങൾ ക്രൈസ്തവവിശ്വാസത്തിന്റെ രത്നചുരുക്കം പ്രദാനം ചെയ്യുന്നുവെന്നും ഈ അപ്പസ്തോലികാഹ്വാനം തയ്യാറാക്കുന്നതിൽ മാർഗ്ഗദർശകമായെന്നും മാർപാപ്പ വ്യക്തമാക്കുന്നു. ഉപസംഹാരത്തിൽ നാല് ഖണ്ഡികകളാണുള്ളത്. സുവിശേഷവത്ക്കരണത്തിൽ ദൈവവചനത്തിന്റെ സുപ്രധാനമായ പങ്ക് എടുത്തുപറഞ്ഞിരിക്കുന്നു. ദൈവവചനം അനുസരിച്ചതുകൊണ്ട് (ലൂക്കാ. 1:45) പരിശുദ്ധ കന്യകാമറിയം അനുഗ്രഹീതയായി എന്ന് സമർത്ഥിച്ചുകൊണ്ടും പരിശുദ്ധ അമ്മയുടെ അനുഗ്രഹം യാചിച്ചുകൊണ്ടുമാണ് മാർപാപ്പ 'കർത്താവിന്റെ വചനം' എന്ന അപ്പസ്തോലികാഹ്വാനം അവസാനിപ്പിക്കുന്നത്.

അപ്പസ്തോലികാഹ്വാനത്തിന് 124 ഖണ്ഡികകളുണ്ട്. 382 ഗ്രന്ഥസൂചികകളിൽ ഭൂരിഭാഗവും സഭാപ്രബോധനങ്ങളിൽ നിന്നുള്ളതാണ്. ഇതുവരെ കത്തോലിക്കാസഭ ദൈവവചനത്തെക്കുറിച്ചും ദൈവിക വെളിപാടിനെക്കുറിച്ചും പഠിപ്പിച്ചവയെല്ലാം ശാസ്ത്രീയമായും സമഗ്രമായും 'കർത്താവിന്റെ വചനത്തിൽ' പ്രതിപാദിച്ചിരിക്കുന്നു. ലെയോ പതിമൂന്നാമൻ മാർപാപ്പായുടെ ചാക്രികലേഖനമായ "പ്രൊവിദെന്തീസ്സിമൂസ് ദേവൂസ്" (*Providentissimus Deus - 1893*), ബെനഡിക്ട് പതിനഞ്ചാമൻ മാർപാപ്പായുടെ "സ്പിരിത്തൂസ് പാരാക്ലീത്തൂസ്" *(Spiritus Paraelitus - 1920)*, പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പായുടെ "ദിവിനൂസ് അഫ്‌ളാന്തേ സ്പിരിത്തൂ" (*Divinus Afflante Spiritu - 1943)* രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ "ദേയീവേർബും" (*Dei Verbum - 1965)*, എന്നിവയും 1992 ൽ പ്രസിദ്ധീകരിച്ച സാർവ്വത്രികസഭയുടെ മതബോധനഗ്രന്ഥത്തിൽ 101 മുതൽ 141 വരെയുള്ള ഖണ്ഡികകളിൽ വിശുദ്ധഗ്രന്ഥത്തെക്കുറിച്ച് സഭ പഠിപ്പിച്ചതും ഈ പുതിയ അപ്പസ്തോലികാഹ്വാനത്തിൽ ഉൾച്ചേർത്തിരിക്കുന്നു.

***റവ. ഡോ. സ്റ്റീഫൻ ആലത്തറ***
*പി.ഒ.സി., കൊച്ചി – 25*

# രൂപതാകച്ചേരി വാർത്തകൾ

**സീറോ മലബാർ മിഷൻ ഞായർ - ജനുവരി 9**

സീറോമലബാർ സഭയുടെ മിഷൻ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന പ്രേഷിതരേയും, പ്രേഷിത പ്രവർത്തനങ്ങളേയും, മിഷൻ രൂപതകളേയും പ്രത്യേകം അനുസ്മരിക്കുകയും, മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി നിരന്തരം പ്രാർത്ഥിക്കണം എന്ന് ഓർമ്മപ്പെടുത്തുകയും ചെയ്യുന്ന ദിനമാണ് സീറോ മലബാർ മിഷൻ ഞായറായ ജനുവരി 9. വൈദീകരും സന്യസ്തരും അൽമായ പ്രേഷിതരുമായി ധാരാളം മിഷണറിമാർ ഉണ്ടാകാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാനായി, പ്രത്യേകമായി നമ്മുടെ ദത്തു രൂപതയായ ബെൽത്തങ്ങാടി രൂപതയെ സഹായിക്കുവാനായി, അന്നേദിവസം പ്രത്യേകം സ്തോത്രക്കാഴ്ച എടുക്കുകയും ആ തുക രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ബഹു. വികാരിയച്ചന്മാരെ പ്രത്യേകമായി ഓർമ്മിപ്പിക്കുന്നു.

**മദ്യവിരുദ്ധ ഞായർ ജനുവരി 30**

കേരള സമൂഹത്തിന് പൊതുവായും, ക്രിസ്ത്യാനികൾക്ക് പ്രത്യേകിച്ചും, ഒരു അപമാനമായിത്തീരുവാൻ തക്കവിധം മദ്യത്തിന്റെ ഉപയോഗവും, പരിണിത ദുരന്തങ്ങളും വളരെ ഏറെ വർദ്ധിച്ചിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ബോധവൽക്കരണം, പ്രതിഷേധം, പ്രാർത്ഥന, മദ്യവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവവഴി പ്രതികരിക്കാൻ നമ്മെ പ്രചോദിപ്പിക്കുന്ന ദിനമാണ് മദ്യവിരുദ്ധ ഞായർ. അന്നേദിവസം എടുക്കുന്ന പ്രത്യേക സ്തോത്രക്കാഴ്ച നമ്മുടെ രൂപതയിലെ മദ്യവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കുവാനായി രൂപതാ കേന്ദ്രത്തിൽ എത്തിച്ച് തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മദ്യവിരുദ്ധ ഇടവകയാക്കി തീർക്കാനുള്ള ഒരുവർഷത്തെ തീവ്ര

യജ്ഞ പരിപാടികളുമായി മുന്നോട്ടുപോകുന്ന കുറുമണി ഇടവക സമൂഹത്തെ ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുകയും ആശംസകൾ നേരുകയും ചെയ്യുന്നു.

നമ്മുടെ രൂപതയിൽ ഏറെ ത്യാഗം സഹിച്ച് മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബഹു.തോമസ് കുറ്റിക്കാട്ടുകുന്നേലച്ചനും സഹപ്രവർത്തകർക്കും ഹൃദ്യമായ അനുമോദനങ്ങളും നന്ദിയും. മദ്യവിരുദ്ധ പ്രവർത്തനങ്ങളുമായി സഹകരിക്കാൻ നമുക്ക് എല്ലാവർക്കും പ്രതിജ്ഞാബദ്ധരാകാം.

**അഭിനന്ദനങ്ങൾ**

**a. മിഷൻലീഗ്**

മാനന്തവാടിയുടെ യശസ്സ് ഉയർത്തി പ്രേഷിതസാഗരം തീർത്ത്, മിഷൻലീഗിന്റെ അറുപത്തിമൂന്നാമത് സംസ്ഥാനവാർഷികം ഒരുക്കിയ എല്ലാവർക്കും നേതൃത്വമെടുത്ത രൂപതാ ഡയറക്ടർക്കും ടീമിനും സഹകരിച്ച എല്ലാവർക്കും അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ.

പ്രവർത്തനങ്ങൾക്കും, കലാമത്സരങ്ങൾക്കും, മാനന്തവാടി രൂപതയിലെ മിഷൻലീഗ് സംസ്ഥാനത്ത് ഒന്നാം സ്ഥാനം നിലനിറുത്തിയതിന് പ്രത്യേകം അനുമോദനങ്ങൾ. പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന രൂപതാ ഡയറക്ടർ ബഹു. ടോമി പുത്തൻപുരയ്ക്കലച്ചനും രൂപതാ ഭാരവാഹികൾക്കും എല്ലാ സഹകാരികൾക്കും അഭിനന്ദനങ്ങൾ.

**b. കെ. സി. വൈ. എം.**

ഉത്സവ് 2010 സംസ്ഥാനതല കലാമത്സരത്തിൽ കേരളത്തിലെ 30 രൂപതകളിൽ നിന്നായി 1500 ഓളം യുവജനങ്ങൾ പങ്കെടുത്തു. കലോത്സവത്തിൽ രണ്ടാംസ്ഥാനം കരസ്ഥമാക്കിയ മാനന്തവാടിയിലെ കെ.സി.വൈ.എം. അംഗങ്ങൾക്ക് അഭിനന്ദനങ്ങളും പ്രോത്സാഹിപ്പിച്ച ഡയറക്ടർ ബഹു. സണ്ണി കൊല്ലാർതോട്ടം, ആനിമേറ്റർ സി. ജെസ്‌ലീമ, രൂപതാ, മേഖലാ, യൂണിറ്റ് ഭാരവാഹികൾ എന്നിവർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**c. റവ. ഫാ. ജെയ്സ് ചെട്ടിയാശ്ശേരി**

ഓൾ കേരളാ ഫിലിം ഓഡിയൻസ് കൗൺസിലിന്റെ (ഗുരുവായൂർ) ആറാമത് വീഡിയോ ഫിലിം ഫെസ്റ്റിവൽ ക്യാമ്പസ് വിഭാഗത്തിൽ മികച്ച ചിത്രമായി ബഹു. ജെയ്സ് ചെട്ടിയാശ്ശേരി സംവിധാനവും നിർമ്മാണവും നിർവ്വഹിച്ച "തിരിച്ചറിയാൻ ഒരാൾ" എന്ന ഫിലിം തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ബഹു. ജെയ്സച്ചന് രൂപത മുഴുവന്റെയും അഭിനന്ദനങ്ങളും ആശംസകളും.

## വൈദീക സമ്മേളനം (Priests' Conference)

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം (Priests' Conference) 2011 ഫെബ്രുവരി 2–ാം തീയതി രാവിലെ 10.30 മുതൽ 4.00 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതായിരിക്കും.

## പാസ്റ്ററൽ കൗൺസിൽ

മാനന്തവാടി രൂപതയിലെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2011 ഫെബ്രുവരി 12 ശനിയാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്.

## നവവൈദീകർക്ക് ആശംസകൾ

മാനന്തവാടി രൂപതയ്ക്കുവേണ്ടി പൗരോഹിത്യം സ്വീകരിച്ച് കർമ്മപഥത്തിലേക്കിറങ്ങാൻ തയ്യാറായിരിക്കുന്ന റവ.ഫാ. ചാക്കോ (സിജീഷ്) പുല്ലൻകുന്നേൽ, റവ.ഫാ. മാത്യു (സിജോ) ഇടക്കുടിയിൽ, റവ.ഫാ. ജോസഫ് (ജെയ്മോൻ) കളമ്പുകാട്ട്, റവ.ഫാ. ജോർജ് (ജിനോജ്) പാലത്തടത്തിൽ, റവ.ഫാ. സെബാസ്റ്റ്യൻ (ബൈജു) പുന്നക്കാപടവിൽ എന്നിവർക്ക് അനുമോദനങ്ങളും വിജയാശംസകളും നേരുന്നു.

## രൂപതാഡയറക്ടറി

2010 ലെ മാനന്തവാടി രൂപതാഡയറക്ടറി പുതുക്കി പ്രസിദ്ധീകരിക്കുന്നു. 2010 ലെ രൂപതാ ഡയറക്ടറിയിൽ നിന്നും വ്യത്യസ്തതയുള്ളതും പുതുക്കേണ്ടതുമായ വിവരണം ബഹു. വൈദീകരും സന്യസ്തരും സംഘടനാ ഭാരവാഹികളും രൂപതാ ചാൻസലറുടെ പേരിൽ 2011 ജനുവരി 10–ാം തീയതിക്കകം അയച്ചുകൊടുക്കേണ്ടതാണ്.

## Appointments

Rev. Fr. Varghese (Biju) Kochuniravath OFM Cap. - Asst. Bathery

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

മാനന്തവാടി രൂപതയിലെ വൈദിക സെനറ്റിന്റെ (പ്രസ്ബിറ്ററൽ കൗൺസിൽ) ഒരു യോഗം 2010 ഡിസംബർ 6–ാം തീയതി തിങ്കളാഴ്ച ബിഷപ്സ് ഹൗസിൽ ചേർന്നു. ബഹു. ജോഷി പെരിയപ്പുറം അച്ചൻ നയിച്ച പ്രാർത്ഥനയോടെ 10.30 ന് യോഗം ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. രൂപതയുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ പ്രസ്ബിറ്ററൽ കൗൺസിലിന് ഇതിനകം വളരെയേറെ കാര്യങ്ങൾ ചെയ്യുവാൻ സാധിച്ചിട്ടുണ്ട് എന്ന് അച്ചൻ സൂചിപ്പിച്ചു.

തുടർന്ന് അഭിവന്ദ്യ പിതാവ് ആമുഖപ്രഭാഷണം നടത്തി. ഓരോ തലത്തിലും കൊടുത്തിരിക്കുന്ന അവകാശാധികാരങ്ങൾ നിർവ്വഹിക്കുമ്പോഴാണ് Principal of subsidiarity ഫലദായകമാവുകയുള്ളൂവെന്നും നിലവിലുള്ള ഈ സമിതി അതിന്റെ കടമകൾ നന്നായി നിർവ്വഹിച്ചുവെന്നും പിതാവ് സൂചിപ്പിച്ചു. തുടർന്ന് ചില നിർദ്ദേശങ്ങൾ പിതാവ് നൽകി. തീർത്ഥാടനകേന്ദ്രങ്ങളായി ഇടവക പള്ളികളെ പ്രഖ്യാപിക്കുവാൻ അവകാശമില്ലെന്നും തീർത്ഥാടനകേന്ദ്രങ്ങൾ സ്വയം പ്രഖ്യാപിക്കുന്നതിലൂടെയല്ല മറിച്ച് സഭാധികാരികൾ തീർത്ഥാടനകേന്ദ്രങ്ങളായി പ്രഖ്യാപിക്കുമ്പോഴാണ് അവ തീർത്ഥാടനകേന്ദ്രങ്ങളാകുന്നതെന്നും തീർത്ഥാടകർക്ക് അതിനുള്ള സൗകര്യങ്ങളും സാഹചര്യങ്ങളും ഉള്ളവയെയാണ് തീർത്ഥാടനകേന്ദ്രങ്ങൾ ആയി പ്രഖ്യാപിക്കുകയുള്ളൂവെന്നും പിതാവ് പറഞ്ഞു.

നമ്മുടെ രൂപതയിൽ ധ്യാനങ്ങൾ നയിക്കുന്ന വ്യക്തികൾക്ക് ചില നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി ഒരു സർട്ടിഫിക്കറ്റ് നൽകുന്നതിനെക്കുറിച്ച് ചിന്തിക്കുന്നത് നല്ലതാണെന്ന് പിതാവ് പറഞ്ഞു. മീഡിയാ കമ്മീഷനെ ശക്തിപ്പെടുത്തണമെന്നും അതിന്റെ ഭാഗമായി വരുന്ന മാസധ്യാനാവസരത്തിൽ ഫൊറോനകളിൽ നിന്നും മീഡിയാ കമ്മീഷനിലേയ്ക്ക് ഡയറക്ടർമാരെ തിരഞ്ഞെടുക്കണമെന്നും

പിതാവ് പറഞ്ഞു. എല്ലാ ഇടവകകളിലും കമ്പ്യൂട്ടർ വാങ്ങിക്കുകയും പാരിഷ് ഓഫീസ് കമ്പ്യൂട്ടറൈസ് ചെയ്യുകയും ചെയ്യണമെന്ന് പിതാവ് പറഞ്ഞു.

നമ്മുടെ ഓർഫനേജുകളെയും സെമിനാരികളെയും സഹായിക്കാൻ എല്ലാ ഇടവകകളുടേയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് ഓരോ ഇടവകയിൽ നിന്നും ലഭ്യമാക്കേണ്ടതായ തുക കാണിച്ചുകൊണ്ട് ഒരു ലിസ്റ്റ് തയ്യാറാക്കി അറിയിക്കുന്നതായിരിക്കുമെന്നും പിതാവ് സൂചിപ്പിച്ചു.

ആരാധനക്രമപരമായ അറിവ് കുട്ടികൾക്ക് കൊടുക്കുന്നതിൽ വൈദികർ കൂടുതൽ ശ്രദ്ധിക്കണമെന്ന് പിതാവ് നിർദ്ദേശിച്ചു. അൾത്താര ബാലന്മാർക്കും ബാലികമാർക്കും പ്രത്യേകം വസ്ത്രങ്ങൾ ഉണ്ടാക്കുന്നത് നല്ലതാണെന്ന് പിതാവ് അഭിപ്രായപ്പെട്ടു.

തുടർന്ന് യവനാർകുളം സ്വതന്ത്ര കുരിശുപള്ളിയെ ഇടവകയാക്കുന്നതിനേക്കുറിച്ചുള്ള അഭിപ്രായം പിതാവ് ചോദിക്കുകയും അവിടുത്തെ സാഹചര്യങ്ങൾ വികാരി ബഹു. ഷാജു മുളവേലിക്കുന്നേലച്ചൻ പങ്കുവയ്ക്കുകയും ചെയ്തു. തുടർന്ന് സ്വതന്ത്ര കുരിശുപള്ളിയായ ജൂഡ്സ് മൗണ്ടിനെക്കുറിച്ച് വികാരി ബഹു. മൈക്കിൾ വടക്കേമുളഞ്ഞനാലച്ചനും മൂലങ്കാവ് സ്വതന്ത്ര കുരിശുപള്ളിയെക്കുറിച്ച് ബത്തേരി ഫൊറോന വികാരി ബഹു. സ്റ്റീഫൻ കോട്ടയ്ക്കലച്ചനും വികാരി ബഹു. മാത്യു ചക്കാലയിൽ സി.എസ്.റ്റി അച്ചനും സംസാരിക്കുകയും തുടർന്ന് ചർച്ചകൾക്കുശേഷം ദൈവജനത്തിന്റെ ആദ്ധ്യാത്മിക വളർച്ചയും ഇടവക ജനങ്ങളുടെ സഹകരണവും ഭൗതീക സാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള ഇടവകാംഗങ്ങളുടെ താൽപര്യവും പരിഗണിച്ച് യവനാർകുളം, ജൂഡ്സ്മൗണ്ട്, മൂലങ്കാവ് എന്നീ സ്വതന്ത്ര കുരിശുപള്ളികളെ ഇടവകയാക്കി ഉയർത്തുവാൻ യോഗം അംഗീകാരം നൽകി.

വടപുരം സെന്റ് ഫ്രാൻസീസ് അസ്സീസി മാസ്സ് സെന്റർ ഇടവകയാക്കുന്നതിനെയും കപ്പൂച്ച്യൻ വൈദികരെ ഏല്പിക്കുന്നതിനെയും കുറിച്ച് നടന്ന ചർച്ചയിൽ ആ പ്രദേശത്തെ ദൈവജനം രേഖാമൂലം രൂപതാമെത്രാന് തന്ന അപേക്ഷയിലെ വ്യവസ്ഥകൾ കപ്പൂച്ച്യൻ വൈദികർ അംഗീകരിക്കുകയാണെങ്കിൽ മാത്രം ഇടവകയാക്കാമെന്നും അതിനു തയ്യാറല്ലെങ്കിൽ ഇപ്പോഴത്തേതുപോലെ മുൻപോട്ടുപോകണമെന്നും നിലമ്പൂർ പള്ളിവികാരിക്കും മാസ് സെന്ററിന്റെ ഉത്തരവാദിത്വം ഉള്ള വൈദികർക്കും ഇപ്പോൾ നിലവിലുള്ളതിനു പുറമെ പ്രവർത്തനങ്ങ

ളെയും അവകാശ അധികാരങ്ങളെയും സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ രൂപതാ കേന്ദ്രത്തിൽ നിന്നും നൽകണമെന്നും യോഗം അഭിപ്രായപ്പെട്ടു.

തുടർന്ന് നടന്ന ചർച്ചയിൽ കുടുംബക്കല്ലറയുടെ മിനിമം തുക 25000 (ഇരുപത്തി അയ്യായിരവും) മാക്സിമം തുക 50000 (അൻപതിനായിരവും) ഒറ്റക്കല്ലറയുടെ തുക മിനിമം 30000 (മുപ്പതിനായിരവും) മാക്സിമം 75000 (എഴുപത്തി അയ്യായിരം) വുമാക്കാൻ തീരുമാനിച്ചു. പ്രാദേശികമായിട്ടുള്ള സാഹചര്യങ്ങൾ പരിഗണിച്ച് മുകളിൽ പറഞ്ഞിരിക്കുന്ന തീരുമാനത്തിന് മാറ്റം വരുത്തണമെങ്കിൽ അതിന് രൂപതാകേന്ദ്രത്തിൽ നിന്ന് രേഖാമൂലം അനുവാദം വാങ്ങേണ്ടതാണെന്നും കുടുംബക്കല്ലറയിൽ രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്നപ്രകാരം അതേ കുടുംബത്തിൽപ്പെട്ട ഒരു വ്യക്തിയെ അടക്കുന്നതിന് നിരക്ക് ഉണ്ടായിരിക്കുന്നതല്ലെന്നും പ്രത്യേക അനുവാദത്തോടെ കുടുംബക്കല്ലറയിൽ അതിന്റെ ന്യായമായ അവകാശിയല്ലാതെ അതേ കുടുംബത്തിൽപ്പെട്ട മറ്റൊരാളെ സംസ്കരിക്കുമ്പോൾ പ്രസ്തുത കല്ലറയുടെ അതാതുകാലത്തെ നിരക്കിന്റെ 20% ഇനി നൽകേണ്ടതാണ് എന്നും തീരുമാനിച്ചു. (ഇതുവരെ 10 ശതമാനം ആയിരുന്നു)

തുടർന്ന് രൂപതയിലെ സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് രൂപത പ്രൊക്കുറേറ്റർ ബഹു. ഗർവ്വാസീസ് മറ്റം അച്ചൻ സംസാരിക്കുകയും അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

തുടർന്ന് നടന്ന ചർച്ചയിൽ കപ്യാരുമാരുടെയും സെക്രട്ടറിമാരുടെയും ശമ്പളം കൂട്ടുന്നതിനെക്കുറിച്ച് ചിന്തിക്കുകയും തലശ്ശേരി അതിരൂപതയിൽപ്പെട്ട രൂപതകളുമായി ആലോചിച്ച് ഒരേ സമയം മാത്രമേ വർദ്ധിപ്പിക്കുവാൻ സാധിക്കുകയുള്ളൂവെന്നും അതിനാൽ പൊതുതീരുമാനം വരെ കാത്തിരിക്കണമെന്നും തീരുമാനിച്ചു.

വിയാനി ഫണ്ട് ഇതുവരെ 76 ഇടവകകളിൽനിന്നും മാത്രമേ നൽകിയിട്ടുള്ളൂവെന്നും ഇനിയും നൽകാത്ത ഇടവകകളിൽ നിന്ന് അത് സ്വരൂപിക്കാൻ നടപടിയുണ്ടാകണമെന്നും അംഗങ്ങൾ ആവശ്യപ്പെട്ടു.

ഇനിമുതൽ കുർബാനനിയോഗത്തിനുള്ള പണം (കുർബാന ധർമ്മം) സ്വീകരിക്കുമ്പോൾ റസീപ്റ്റ് കൊടുക്കണമെന്ന് തീരുമാനിക്കുകയും റസീപ്റ്റ് തയ്യാറാക്കുവാൻ രൂപത ചാൻസലറെ ഏൽപിക്കുകയും ചെയ്തു.

ഇന്റർനെറ്റ് മിഷനുമായി ബന്ധപ്പെട്ട് ഇടവകകളുടെ വിവരങ്ങൾ

അറിയിക്കുകയും സൈറ്റുകൾ അപ്ഡേറ്റ് ചെയ്യുവാൻ ബഹു. വികാരി യച്ചന്മാർ മുൻകൈയെടുക്കണമെന്നും യോഗം അഭിപ്രായപ്പെട്ടു.

സഭയെ താറടിക്കുന്നവിധം ഇന്ത്യാവിഷനിൽ വന്ന ഒരു പരിപാടിക്കെതിരെ യോഗം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

എല്ലാ ഇടവകകളിലും ജാഗ്രതാ സമിതിയും മീഡിയാ സെല്ലുമൊക്കെ രൂപീകരിക്കാൻ ശ്രമിക്കണമെന്നും യോഗം അഭിപ്രായപ്പെട്ടു.

കാലാവധി പൂർത്തിയായതിനാൽ നിലവിലുള്ള പ്രസ്ബിറ്ററൽ കൗൺസിൽ പിരിച്ചുവിടുകയും പുതിയ പ്രസ്ബിറ്ററൽ കൗൺസിൽ രൂപീകരിക്കുവാൻ പ്രസ്ബിറ്ററൽ കൗൺസിൽ നിയമാവലിയിൽ പറയുന്ന പ്രസിഡന്റ് മാർ ജോസ് പൊരുന്നേടം, സെക്രട്ടറി ഫാ. ജോസഫ് പരുവുമ്മേൽ എന്നിവർക്കു പുറമെ പ്രോട്ടോസിഞ്ചെല്ലൂസ് വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ, കത്തീഡ്രൽ വികാരി റവ.ഫാ. ജോർജ് മൈലാടൂർ, സെമിനാരി റെക്ടർ റവ.ഫാ. തോമസ് കച്ചിറയിൽ എന്നിവരെ യോഗം തിരഞ്ഞെടുത്തു. പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി ഫാ. ജോസഫ് പരുവുമ്മേൽ എല്ലാവർക്കും നന്ദി പറഞ്ഞു. 2.00 മണിയോടെ യോഗം അവസാനിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**
സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ

# മതബോധനരംഗം

## ബഹു. വികാരിയച്ചൻമാരുടെയും, പ്രധാനാധ്യാപകരുടെയും സമ്മേളനം

ജനുവരി 8-ാം തീയതി രാവിലെ 10 മണിമുതൽ ഉച്ചകഴിഞ്ഞ് 2.00 മണിവരെ ബഹുമാനപ്പെട്ട വികാരിയച്ചൻമാരുടെയും, പ്രധാനാധ്യാപകരുടെയും സംയുക്ത സമ്മേളനം ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കുന്നു. ബഹു. ജനറാളച്ചന്റെ സാന്നിദ്ധ്യത്തിൽ നടക്കുന്ന പ്രസ്തുത സമ്മേളനത്തിലേയ്ക്ക് എല്ലാവരും കൃത്യസമയത്തുതന്നെ എത്തിച്ചേരുവാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. പ്രധാനാധ്യാപകന് ലഭിച്ചിരിക്കുന്ന കത്തിൽ പറഞ്ഞിരിക്കുന്ന ഓഫീസ് സംബന്ധമായ കാര്യങ്ങൾ അന്ന് കൃത്യമായും ചെയ്തുതീർക്കുവാൻ ശ്രദ്ധിക്കണം.

## HCC, +1, +2 പരീക്ഷ 2011 ഫെബ്രുവരി 13-ന്

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HCC, +1, +2 പരീക്ഷകൾ നമ്മുടെ മതബോധന കലണ്ടറിൽ പറഞ്ഞിരിക്കുന്നതുപോലെ ഫെബ്രുവരി 13 ന് ഞായറാഴ്ച നടത്തുന്നതാണ്. ഹാൾടിക്കറ്റുകൾ PP, HM സമ്മേളനത്തിന് വരുമ്പോൾ രൂപതാ ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്. പരീക്ഷയ്ക്കുവേണ്ട സഹായവും ക്രമീകരണങ്ങളും പരീക്ഷാ കേന്ദ്രത്തിലെ ബഹുമാനപ്പെട്ട വികാരിയച്ചനും ഫൊറോനാ മതബോധന ഡയറക്ടറും ഫൊറോനാ ടീം അംഗങ്ങളുമാണ് ഒരുക്കുന്നത്.

പരീക്ഷാസമയം രാവിലെ 10 മണിക്ക് ആരംഭിച്ച് 1 മണിക്ക് അവസാനിക്കും. ഓരോ ഫൊറോനയിലെയും പരീക്ഷാസെന്ററുകൾ താഴെ കൊടുക്കുന്നു.

1) ബത്തേരി ഫൊറോന - ബത്തേരി,
2) ചുങ്കക്കുന്ന് ഫൊറോന - കൊട്ടിയൂർ

3) ഗൂഡല്ലൂർ റീജിയൻ – അരുൾനിലയം
4) കല്ലോടി ഫൊറോന – കല്ലോടി, ദ്വാരക, മക്കിയാട്
(ഈ സെന്ററുകളിൽപെടുന്ന ഇടവകകൾ ഏതെല്ലാമെന്ന് പിന്നീട് അറിയിക്കാം)
5) തരിയോട് ഫൊറോന – കാവുംമന്ദം
6) കൽപ്പറ്റ ഫൊറോന – കൽപ്പറ്റ
7) മാനന്തവാടി ഫൊറോന – മാനന്തവാടി കത്തീഡ്രൽ
8) മണിമൂളി ഫൊറോന – മണിമൂളി
9) മുള്ളൻകൊല്ലി ഫൊറോന – മുള്ളൻകൊല്ലി
10) നടവയൽ ഫൊറോന – നടവയൽ, ചുണ്ടക്കര
(ഈ സെന്ററുകളിൽപെടുന്ന ഇടവകകൾ ഏതെല്ലാമെന്ന് പിന്നീട് അറിയിക്കാം)
11) നിലമ്പൂർ ഫൊറോന – നിലമ്പൂർ
12) പയ്യംപള്ളി ഫൊറോന – പയ്യംപള്ളി

## പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്

1). പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം അതതു ഫൊറോനാ മതബോധന ഡയറക്ടർമാരുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങൾക്കായിരിക്കും. പരീക്ഷാ സെന്ററിലെ വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ഒരുക്കങ്ങൾ ചെയ്യേണ്ടതാണ്.

2) പരീക്ഷാസമയത്തിനു മുമ്പ് രജിസ്റ്റർ നമ്പറുകൾ എഴുതി പരീക്ഷാഹാൾ ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

3) പരീക്ഷാ സമയം കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അരമണിക്കൂർ കഴിഞ്ഞുവരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കേണ്ടതില്ല. അതുപോലെ പരീക്ഷാസമയം തീരുന്നതിന്റെ അരമണിക്കൂർ മുമ്പ് പരീക്ഷാർത്ഥികളെ ഹാളിൽ നിന്നും പുറത്തു പോകാൻ അനുവദിക്കയുമരുത്.

4) പരീക്ഷകഴിഞ്ഞ് ഫൊറോനാ ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ പേപ്പറുകൾ എണ്ണിതിട്ടപ്പെടുത്തി ക്രമമായി അടുക്കി പായ്ക്ക് ചെയ്ത് രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

5) പരീക്ഷയ്ക്ക് വരുമ്പോൾ നിർബന്ധമായും ഹാൾടിക്കറ്റ് കൊണ്ടുവരണം. ഹാൾടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല.

6) പരീക്ഷ എഴുതാനുള്ള Answer book ഉം Additional sheet ഉം

യൂണിവേഴ്സിറ്റി സീലോടുകൂടി നൽകുന്നതാണ്. യൂണിവേഴ്സിറ്റി സീലി ല്ലാത്ത പേപ്പറുകൾ മൂല്യനിർണ്ണയം നടത്തുന്നതല്ല.

**XII- ാം ക്ലാസ് കുട്ടികളുടെ പഠനസംഗമം**

തരിയോട്, നടവയൽ ഫൊറോനകളിലെ XII- ാം ക്ലാസ് കുട്ടിക ളുടെ പഠനസംഗമം യഥാക്രമം ചെന്നലോട്, നടവയൽ ഇടവകകളിൽ നടത്തി. തരിയോട് ഫൊറോന ഡയറക്ടർ ബഹു. ചാക്കോ മേപ്പുറത്ത് അച്ചനും നടവയൽ ഫൊറോന ഡയറക്ടർ ബഹു. ജോർജ് ആലുക്ക അച്ചനും ഫൊറോന സെക്രട്ടറിമാരായ ജോസ് മലയിൽ സാറിനും ജോസ് താഴത്തേൽ സാറിനും ഫൊറോന ടീം അംഗങ്ങൾ, മറ്റ് അധ്യാ പകർ എല്ലാവർക്കും ഏറെ നന്ദി. പ്രത്യേകമായി ബഹു. പാലക്കിയ ച്ചൻ, കുന്നത്തേട്ട് അച്ചൻ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു. ഒപ്പം ടീം അംഗങ്ങളായ ജോണി അമ്പാട്ട്, ബെന്നി വട്ടയ്ക്കാമുളയിൽ, വർക്കി ച്ചൻ നിരപ്പേൽ, സജി നരിവേലിൽ, സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നി വർക്കും ഏറെ നന്ദി.

**അർദ്ധവാർഷിക പരീക്ഷാഫലം**

അധ്യാപകർ കുട്ടികളുടെ അർദ്ധവാർഷിക പരീക്ഷാഫലം ശ്രദ്ധിച്ച് ആവശ്യമായ പ്രോത്സാഹനവും, ആവശ്യമെങ്കിൽ വേണ്ട തിരു ത്തലുകളും നൽകാൻ ശ്രദ്ധിക്കുമല്ലോ.

**ഫൊറോനാ സെക്രട്ടറിമാരുടെ സമ്മേളനം**

ജനുവരി 8-ാം തീയതി HM, PPസമ്മേളനത്തിനുശേഷം ഫൊറോന സെക്രട്ടറിമാരുടെ സമ്മേളനം ദ്വാരക പാസ്റ്ററൽ സെന്ററിൽ ഉണ്ടായിരിക്കുന്നതാണ്. ഫൊറോന സെക്രട്ടറിമാർ ശ്രദ്ധിക്കുമല്ലോ.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

**വചനം മാംസമായി അവതരിച്ചു**

വചനത്തിന്റെ ചുരുൾ നിവർത്തി ഇളംതലമുറയെ വചനാഭിമു ഖ്യമുള്ളവരായി വളർത്താൻ ബത്തേരി മേഖലയുടെ ആഭിമുഖ്യത്തിൽ നടത്തിയ വചനഡയറി ക്വിസ് മത്സരത്തിന് മേഖലാ ഡയറക്ടർ റവ. ഫാ.ഫ്രാൻസീസ് നെല്ലിക്കുന്നേൽ നേതൃത്വം നൽകി. എല്ലാ ഇടവക യിൽ നിന്നും കുട്ടികൾ പങ്കെടുത്തു. ഇവരെ പരിശീലിപ്പിച്ച് അയച്ച വികാരിയച്ചൻമാർക്കും പ്രധാനാദ്ധ്യാപകർക്കും നന്ദി. യഥാക്രമം മൂല ങ്കാവ്, അമ്പലവയൽ, മീനങ്ങാടി ഇടവകകൾ 1,2,3, സ്ഥാനങ്ങൾ കര സ്ഥമാക്കി.

**ജെയിംസ് കുന്നുംപുറത്ത്** (സെക്രട്ടറി)

**ബത്തേരി മേഖല - 2010-11 വചനക്വിസ് മത്സരം വിജയികൾ**

**V-ാം ക്ലാസ്**

Ist ആൻ സെബാസ്റ്റ്യൻ വാരിക്കാട്ട്, ശീതൾ ബിജു ഐമനത്തിൽ - മീനങ്ങാടി

IInd ചെറിയാൻ തറപ്പേൽ, മെർലിൻ തച്ചപ്പള്ളിൽ - അമ്പലവയൽ

IIIrd ചാക്കോ ഏലൂർ, ആൽഫിൻ കാനാട്ടുകണ്ടത്തിൽ - അമ്പലവയൽ

**VI-ാം ക്ലാസ്**

Ist അജിൽ ജെയിംസ് പുഞ്ചയിൽ, സോണിയ കളമ്പുകാട്ട് - മൂലങ്കാവ്

IInd നിഖിൽ നീലപ്പടവിൽ, റോഷിൻ വട്ടക്കുന്നേൽ - വടക്കനാട്

IIIrd അബിൻ കുന്നേൽ, അഭിഷേക് കൊടിയംപ്ലാക്കൽ - കടൽമാട്

IIIrd ഇമ്മാനുവേൽ വില്ലന്താനം, ബ്രിജീത്ത വരവുകാലായിൽ - അമ്പലവയൽ

**VII-ാം ക്ലാസ്**

Ist സാന്ദ്ര കറുപ്പംപറമ്പിൽ, നയന നെല്ലിക്കുന്നേൽ - മൂലങ്കാവ്

IInd ലോയിഡ് പാണാടൻ, രാഹുൽ ചെരിവുപുരയിടം- പഴൂർ

IIIrd ഡോൺബോസ്കോ പുത്തൻപുരയ്ക്കൽ, ജോസ്ന കട്ടിക്കാനായിൽ - ബത്തേരി

IIIrd ജസ്റ്റിൻ പുലിയളക്കൽ, അനറ്റ് വടക്കൂട്ട് - തോമാട്ടുചാൽ

**VIII-ാം ക്ലാസ്**

Ist സ്നേഹ കാരക്കാട്ട്, ഷാരോൺ ചാലിൽ - മീനങ്ങാടി

IInd എലിസബത്ത് അദളത്തിൽ, കുര്യാക്കോസ് ഇളയിടത്ത്മഠത്തിൽ - അമ്പലവയൽ

IIIrd സച്ചിൻ പെടേപ്പാട്ടുകുന്നേൽ, സോണ തട്ടത്തുപറമ്പിൽ - ബത്തേരി

**IX-ാം ക്ലാസ്**

Ist ആൻമേരി വില്ലന്താനം, ത്രേസ്യ തട്ടാറടിയിൽ - അമ്പലവയൽ

IInd മിലു കളമ്പുകാട്ട്, നൈസി നെല്ലിക്കുന്നേൽ - മൂലങ്കാവ്

IIIrd തോമസ് ഉള്ളാട്ടിൽ, റോസമ്മ തടത്തിൽ - കടൽമാട്

**X-ാം ക്ലാസ്**

Ist സോണിയ വാദ്ധ്യാപ്പള്ളി, ലിയ നെടുങ്ങാട്ട് - ബത്തേരി

IInd അമല പൂക്കളം, അനൂപ് പൂക്കളം - മൂലങ്കാവ്

IIIrd പ്രിൻസ് മാങ്കുന്നേൽ, അഞ്ചലി വട്ടക്കുന്നേൽ - വടക്കനാട്

**XI-ാം ക്ലാസ്**

I$^{st}$ അന്നമ്മ ഏലൂർ, റ്റീന പാലിയത്ത് - അമ്പലവയൽ

II$^{nd}$ അമല നാവള്ളി, അതുല്യ മുഞ്ഞനാട്ട് - പഴൂർ

III$^{rd}$ ആൻസില മാങ്കുഴി, ആഷ്‌ലിൻ പ്ലവനാക്കുഴി - ചിത്രഗിരി

III$^{rd}$ ഷിംന കക്കാടിയിൽ, ചിഞ്ചു കുപ്പത്താനത്ത് - തോമാട്ടുചാൽ

**XII-ാം ക്ലാസ്**

I$^{st}$ ഡെല്ലാ തോമസ് കോട്ടക്കുടി, റിനു വട്ടക്കുന്നേൽ - മൂലങ്കാവ്

II$^{nd}$ വിപിൻ കിടങ്ങൂക്കാരൻ, ജിബിൻ തൊഴുത്തുങ്കൽ - തോമാട്ടുചാൽ

III$^{rd}$ സോണ കൊങ്ങമ്പുഴ, സ്വപ്ന പച്ചിക്കൽ - ചിത്രഗിരി

III$^{rd}$ എൽസ ഉരുളേൽ, മേരി വെള്ളമറ്റത്തിൽ - പഴൂർ

**റവ.ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ**
(ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ബൈബിൾ അപ്പൊസ്റ്റൊലേറ്റ്**

2010 ലോഗോസ് ക്വിസിന്റെ വിജയികൾക്ക് വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചൻ ഡിസംബർ 16 -ാം തീയതി പാസ്റ്ററൽ സെന്ററിൽ വെച്ച് സമ്മാനദാനം നിർവ്വഹിച്ചു. ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവകകൾക്ക് ട്രോഫിയും, പ്രോത്സാഹന സമ്മാനങ്ങളും കൊടുത്തു

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹമുള്ള വൈദീകരെ, പ്രിയ സിസ്റ്റേഴ്സ്, മിഷൻലീഗ് അംഗങ്ങളെ,

പ്രേഷിതസാഗരം 2010 പേര് സൂചിപ്പിക്കുംപോലെ കടലില്ലാത്ത വയനാട്ടിൽ മനുഷ്യസാഗരം തീർത്ത് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടിരൂപത ചരിത്രം രചിച്ചു. മിഷൻലീഗിന്റെ ചരിത്രത്തിൽ ഇന്നുവരെ കണ്ടിട്ടില്ലാത്തതും, വയനാടൻ മലനിരകൾ ദർശിച്ചിട്ടില്ലാത്തതുമായ മഹാജനസഞ്ചയമാണ് ഡിസംബർ 11–ന് മാനന്തവാടിയിൽ കണ്ടത്. ചെറുപുഷ്പമിഷൻലീഗിന്റെ 63–ാം സംസ്ഥാന വാർഷികം അതിന്റേതായ ചാരുതയിൽ നിറമാല ചാർത്തിയപ്പോൾ മാനന്തവാടി രൂപതയ്ക്ക് അഭിമാനിക്കാൻ ഒട്ടേറെ കാര്യങ്ങൾ.... കഠിനമായ പരിശ്രമം.... കൂട്ടായ്മയുടെ മഹനീയത..... ആവേശത്തിന്റെ അഗ്നിജ്വാലകൾ...... അതിലുപരി ദൈവാനുഗ്രഹത്തിന്റെ നിറവ്. നന്ദിപറയാൻ വാക്കുകളില്ല.... പിന്തുണ നൽകിയ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്.... നേതൃത്വം നൽകിയ രൂപതാ വൈദീകർക്ക്....... രൂപതയിലെ മുഴുവൻ വൈദീക സന്യാസ സമർപ്പിത സമൂഹങ്ങൾക്ക്..... രാപകലില്ലാതെ അദ്ധ്വാനിച്ച ശാഖാ നേതൃത്വത്തിന്..... സാഗരത്തിൽ ഓളമാകാൻ എത്തിച്ചേർന്ന വിശ്വാസ സമൂഹത്തിന്, വിശ്രമമില്ലാതെ ഓടി നടന്ന് സംസ്ഥാന വാർഷികം മറക്കാനാകാത്ത മഹാ സംഭവമാക്കിയ സ്വാഗതസംഘം അംഗങ്ങൾക്ക്.... ചുക്കാൻ പിടിച്ച മിഷൻലീഗ് അന്തർദേശീയ, ദേശീയ, സംസ്ഥാന, രൂപതാ, ഭാരവാഹികൾക്ക്....... നന്ദി...... നന്ദി....... നന്ദി..... ഒരായിരം തവണ....

സ്നേഹപൂർവ്വം,

**ടോമിയച്ചൻ**

## മിഷൻലീഗ് മാനന്തവാടി രൂപതയുടെ കിരീടത്തിൽ ഒരു പൊൻതൂവൽകൂടി

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത 2009-2010 പ്രവർത്തന വർഷത്തിൽ സംസ്ഥാനതലത്തിൽ മികച്ച പ്രവർത്തനരൂപതയായി തിരഞ്ഞെടുക്കപ്പെട്ടു. കേരളത്തിൽ മിഷൻലീഗ് പ്രവർത്തിക്കുന്ന 17 രൂപതകളിലെ പ്രവർത്തനങ്ങളെ വിലയിരുത്തിയാണ് 1-ാം സ്ഥാനം നിർണ്ണയിക്കപ്പെട്ടത്. തുടർച്ചയായി 5-ാം വർഷമാണ് മാനന്തവാടി രൂപതയ്ക്ക് ഈ നേട്ടം സ്വന്തമാക്കാൻ കഴിഞ്ഞത്. രണ്ടാം സ്ഥാനം തലശ്ശേരി അതിരൂപതയും മൂന്നാംസ്ഥാനം ചങ്ങനാശ്ശേരി അതിരൂപതയും നേടി. രൂപതയുടെ ഈ നേട്ടത്തിന്റെ പിന്നിലെ ചാലകശക്തി രൂപതയിലെ മുഴുവൻ വൈദീകരും സിസ്റ്റേഴ്സും മതാദ്ധ്യാപകരും മിഷൻലീഗ് അംഗങ്ങളുമാണ്. എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

## മുതിരേരി ശാഖയ്ക്ക് 4-ാം സ്ഥാനം

2009-2010 പ്രവർത്തനവർഷത്തിൽ സംസ്ഥാനത്തെ മികച്ച 4-ാമത്തെ ശാഖയായി മാനന്തവാടി രൂപതയിലെ മുതിരേരി ശാഖ തിരഞ്ഞെടുക്കപ്പെട്ടു. ശാഖാ ഡയറക്ടർ ബഹു. സജി കോട്ടായിലച്ചനും, ശാഖാ നേതൃത്വത്തിനും അംഗങ്ങൾക്കും സി.എം.എൽ. രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## കെ.സി.വൈ.എം. ന് അഭിനന്ദനങ്ങൾ

കെ.സി.വൈ.എം. സംസ്ഥാനതല കലാമത്സരങ്ങളിൽ രണ്ടാം സ്ഥാനം നേടിയ മാനന്തവാടി രൂപതയ്ക്ക് മിഷൻലീഗ് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## മാനന്തവാടി ചെമ്മഞ്ഞക്കടലായി പ്രേഷിതസാഗരം-2010 ചരിത്രസംഭവമായി

ഡിസംബർ 11 ചെമ്മഞ്ഞക്കൊടിയുടെ കീഴിൽ കേരള ക്രൈസ്തവ സമൂഹം അണിനിരന്ന പുണ്യദിനം. മലയാളനാടിനെ ആത്മീയതയിൽ നിറയ്ക്കുന്നതിൽ നിർണ്ണായക സാന്നിധ്യമായ ചെറുപുഷ്പ മിഷൻലീഗിന്റെ കൈവഴികൾ ഒന്നുചേർന്ന് നീങ്ങിയപ്പോൾ മാനന്തവാടി ഒരു ചരിത്രസംഭവത്തിനാണ് സാക്ഷ്യംവഹിച്ചത്. സി.എം.എൽ. ലൂടെ വളർന്ന അഭിവന്ദ്യപിതാക്കന്മാർ തുടങ്ങി ശാഖ മുതൽ അന്തർദേശീയ തലംവരെയുള്ള നേതാക്കന്മാരും, ലക്ഷക്കണക്കിന് പ്രവർത്തകരും ചെമ്മഞ്ഞക്കൊടിക്കീഴിൽ അണിചേർന്നു നീങ്ങിയ പ്രേഷിതറാലി ഏറെ മനോഹരവും തങ്ങളുടെ വിശ്വാസത്തിന്റെ ഉറക്കെയുള്ള പ്രഘോഷണവുമായിരുന്നു.

മലബാറിന്റെ മാത്രമല്ല കേരളത്തിന്റെ ചരിത്രത്തിൽ തന്നെ ഇത്രയധികം പേർ അണിനിരന്ന സംഗമം ഇതിനുമുമ്പ് നടന്നിട്ടില്ല. പ്രേഷിത സാഗരത്തിൽ കുഞ്ഞുങ്ങൾ മുതൽ 90 കഴിഞ്ഞവർവരെയുള്ളവർ അണിനിരന്നു. വി.ഗ്രന്ഥം, മിഷൻലീഗ്, ആനുകാലികസംഭവങ്ങൾ തുടങ്ങിയവ കോർത്തിണക്കിയ നിശ്ചലദൃശ്യങ്ങളും, നാടൻകലാരൂപങ്ങളും, ബാന്റുമേളങ്ങളും വിശ്വാസ പ്രഖ്യാപനത്തിന്റെ മുദ്രാവാക്യങ്ങളും റാലിയ്ക്ക് ആത്മീയ ഉണർവ്വും ആവേശവും പകർന്നു. മാനന്തവാടി ടൗണിന്റെ മധ്യത്തിലൂടെ അച്ചടക്കത്തോടും ചിട്ടയോടും കൂടി നടത്തിയ റാലി വിശ്വാസ പ്രഘോഷണത്തിന്റെ ഏറ്റവും സമുന്നതമായ മാതൃകയാണ് വരച്ച് കാട്ടിയത്.

സംഘടനാ ചരിത്രത്തിലെ അവിസ്മരണീയസംഭവമായി മാറിയ പ്രേഷിതറാലി മാർ എമ്മാനുവേൽ പോത്തനാമുഴി നഗറിൽ (കണിയാരം ജി.കെ.എം. ഹൈസ്കൂൾ) ചെറുപുഷ്പ മിഷൻലീഗിന്റെ 33-ാമത്തെ മെത്രാനും മാനന്തവാടി രൂപത മുൻ രൂപതാഡയറക്ടറും ഇപ്പോൾ മണ്ഡ്യ രൂപതയുടെ പ്രഥമമെത്രാനുമായ മാർ ജോർജ് ഞരളക്കാട്ട് ഉദ്ഘാടനം ചെയ്തു. ചെറുപുഷ്പ മിഷൻലീഗിന്റെ 63 വർഷത്തെ ചരിത്രത്തെ പ്രതിനിധാനം ചെയ്ത 63 ചെമ്മഞ്ഞ ബലൂണുകൾ വാനിലേക്ക് ഉയർത്തിയാണ് റാലിക്ക് തുടക്കം കുറിച്ചത്. തുടർന്ന് മിഷൻലീഗിന്റെ അഭിമാനമായ ചെമ്മഞ്ഞപ്പതാക സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിനോയി പള്ളിപ്പറമ്പിലിന് കൈമാറി. മാനന്തവാടി രൂപതാമെത്രാൻ മാർ ജോസ് പൊരുന്നേടം റാലിയുടെ ഉദ്ഘാടനവേദിയിൽ സ്വാഗതമാശംസിച്ചു. റാലി കമ്മിറ്റി കൺവീനർ ജോൺസൺ ചിറായിൽ നന്ദി പറഞ്ഞു. ഭരണങ്ങാനത്ത് മുളയെടുത്ത ചെറിയ ഗ്രൂപ്പിന്റെ വളർച്ചയെ കുറിച്ചും അത് സമൂഹത്തിലും വ്യക്തിത്വങ്ങളിലും ചെലുത്തിയ സ്വാധീനം വളരെവലുതാണെന്നും വിശ്വാസ പരിശീലനരംഗത്ത് മിഷൻലീഗ് നൽകിയ സംഭാവനകളെക്കുറിച്ചും അഭിവന്ദ്യ പിതാക്കന്മാർ തങ്ങളുടെ പ്രസംഗത്തിൽ പരാമർശിച്ചു.

സംസ്ഥാന നേതാക്കന്മാരും അഭിവന്ദ്യ പിതാക്കന്മാരും ഏറ്റവും മുന്നിലായി റാലിയിൽ അണിനിരന്നു. തുടർന്ന് 63 മിഷൻലീഗ് പതാകകൾ 63 പേപ്പൽപതാകകൾ, 63 വി.ബൈബിളുകൾ, മിഷൻലീഗ് മദ്ധ്യസ്ഥരുടെ ഫ്ലോട്ടുകൾ തുടർന്ന് വിവിധ രൂപതകൾ... ഏറ്റവും പിന്നിലായി മാനന്തവാടി രൂപതയിലെ അംഗങ്ങൾ ഫൊറോനാ അടിസ്ഥാനത്തിൽ അണിനിരന്നു. 63 ബൈക്കുകൾ റാലിയുടെ ഏറ്റവും മുന്നിലായ് നഗരവീഥിയിലൂടെ നീങ്ങി. ചെമ്മഞ്ഞക്കൊടികളാലും തോരണങ്ങളാലും അലംകൃതമായ മാനന്തവാടി നഗരവീഥിയിലൂടെ നീങ്ങിയ റാലിയുടെ

മുൻനിരകൾ മിഷൻലീഗിന്റെ സ്ഥാപകനേതാവായ കുഞ്ഞേട്ടൻ നഗറിൽ (L.F.U.P. School) എത്തിയപ്പോഴേക്കും 63-ാം സംസ്ഥാനവാർഷിക സമ്മേളനത്തിന് തുടക്കംകുറിച്ചു.

നടവയലിലെ കുഞ്ഞുമിഷനറിമാരുടെ താളത്തിനൊത്ത ചുവടുവെപ്പുകളോടെ നടത്തിയ പ്രയർഡാൻസോടുകൂടി സമ്മേളനത്തിന് തുടക്കം കുറിച്ചു. സമ്മേളനത്തിന് സംസ്ഥാന ഡയറക്ടർ റവ.ഫാ. ആന്റണി പുതിയാപറമ്പിൽ സ്വാഗതമാശംസിച്ചു. സെക്രട്ടറി ശ്രീ. ജോസ് പുതിയാപറമ്പിൽ വാർഷികറിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിനോയി പള്ളിപ്പറമ്പിൽ അദ്ധ്യക്ഷപ്രസംഗം നടത്തി. തുടർന്ന് തലശ്ശേരി അതിരൂപത അദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. ജോർജ് വലിയമറ്റം ഭദ്രദീപം തെളിയിച്ച് 63-ാം സംസ്ഥാനവാർഷികം ഉദ്ഘാടനം ചെയ്തു. സി.എം.എൽ. 63-ാം വാർഷികം ചരിത്രത്തിൽ സുവർണലിപികളാൽ രേഖപ്പെടുത്തേണ്ടതാണെന്നും മിഷൻലീഗിനെ ഇത്രയധികം വളർത്തി വലുതാക്കിയ മുൻകാല നേതാക്കന്മാരുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്നും അദ്ദേഹം അനുസ്മരിച്ചു. തുടർന്ന് മണ്ഡ്യ രൂപതാ മെത്രാൻ മാർ ജോർജ് ഞരളക്കാട്ട് പ്രഥമ കുഞ്ഞേട്ടൻ പുരസ്കാരം നവജീവൻ ട്രസ്റ്റ് ചെയർമാൻ ശ്രീ. പി.യു. തോമസിന് സമ്മാനിച്ചു. കുഞ്ഞേട്ടൻ ജീവചരിത്ര പ്രകാശനം മാനന്തവാടി രൂപതാമെത്രാൻ മാർ ജോസ് പൊരുന്നേടം നിർവ്വഹിച്ചു. കുഞ്ഞേട്ടൻ സ്കോളർഷിപ്പ് കുമാരി അഖില പെരുവാഴയ്ക്ക് സി.എം.എൽ. സംസ്ഥാന വൈസ് ഡയറക്ടർ റവ.ഫാ. മാത്യു മുളയോലിൽ സമ്മാനിച്ചു. തുടർന്ന് റവ.ഫാ. ബെന്നി മുതിരക്കാലായിൽ (അന്തർദേശീയ വൈസ് ഡയറക്ടർ), ശ്രീ. തോമസ് ഏറണാട്ട് (അന്തർദേശീയ പ്രസിഡന്റ്), ശ്രീ. പീറ്റർ പി. ജോർജ് (ദേശീയ പ്രസിഡന്റ്), റവ.സി. ജെസി മരിയ എഫ്.സി.സി. (അന്തർദേശീയ സമിതി അംഗം), ശ്രീ. ജോർജ് പൈകയിൽ (മലബാർ റീജിയൻ ഓർഗനൈസർ), ശ്രീ. കെ.എൽ. പൗലോസ് (ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വയനാട്), ശ്രീമതി ഗ്ലാഡിസ് ചെറിയാൻ (മാനന്തവാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്), ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ (സി.എം.എൽ. രൂപതാ പ്രസിഡന്റ്), ശ്രീ. ജെനിഷ കോയിപ്പള്ളിൽ (മാനന്തവാടി മേഖലാ പ്രസിഡന്റ്), ശ്രീ. സജി കാരിക്കാമുകളേൽ (കത്തീഡ്രൽ ശാഖാ പ്രസിഡന്റ്), ശ്രീ. ഡോൺ കറുത്തേടത്ത് (മാനന്തവാടി ടൗൺചർച്ച് ശാഖാ പ്രസിഡന്റ്), അജയ് ആന്റോ കൈതാരം (രൂപതാ മൽസര വിജയി), ശ്രേയ ചിറപ്പുറം (രൂപതാ മൽസര വിജയി) എന്നിവർ പ്രസംഗിച്ചു. സി.എം.എൽ. രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ സമ്മേളനത്തിന് നന്ദി പറഞ്ഞു.

പൊതുസമ്മേളനം വേദിയിൽ നടക്കുമ്പോൾ പ്രേഷിതസാഗര ത്തിന്റെ അലകളുയർത്തി മാനന്തവാടി ടൗണിലൂടെ റാലി സമ്മേളന നഗരിയിലേക്ക് പ്രവേശിക്കുന്നുണ്ടായിരുന്നു. 2.20 ന് കണിയാരം ജി. കെ.എം. ഹൈസ്കൂൾ അങ്കണത്തിൽ നിന്നും ആരംഭിച്ച റാലിയുടെ ഏറ്റവും പിൻനിര സമ്മേളന നഗരിയിലെത്തിയത് 6.45 നാണ്.

കേരളത്തിലെ ഏറ്റവും വലിയ പ്രേഷിതസംഗമം മാനന്തവാടി രൂപതയുടെ ആതിഥേയത്വത്തിൽ വൻവിജയമായപ്പോൾ ഇതിന്റെ പിന്നിൽ ഊണും ഉറക്കവും ഉപേക്ഷിച്ച് മാസങ്ങളോളം പരിശ്രമിച്ച ധാരാളം സുമനസ്സുകളെ നന്ദിയോടെ സ്മരിക്കട്ടെ.

പ്രേഷിതസാഗരം മാനന്തവാടി രൂപതയിൽ നടത്താനും വിജയി പ്പിക്കാനും രൂപതയിലെ വിശ്വാസികളെയെല്ലാവരേയും വാർഷികത്തിൽ പങ്കെടുപ്പിക്കാനും ഏറ്റവും കൂടുതൽ താൽപര്യമെടുക്കുകയും വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകി രൂപതാ സമിതിക്ക് പ്രചോ ദനമേകുകയും ചെയ്ത അഭിവന്ദ്യ പിതാവിനെ ഏറെ നന്ദിയോടെ ഓർക്കുന്നു. സ്വാഗതസംഘം രക്ഷാധികാരിയായിരുന്ന് ഞങ്ങളെ മുന്നിൽ നിന്ന് നയിച്ചതും പിതാവായിരുന്നു.

പിതാവിനോട് ചേർന്ന് നിന്നുകൊണ്ട് സഹരക്ഷാധികാരികളാ യിരുന്ന വെരി. റവ.ഫാ. ജോർജ് മൂലയിൽ, വെരി.റവ.ഫാ. ജോസ് തേക്കനാടി എന്നിവരുടെ നിർദ്ദേശങ്ങളും പ്രോൽസാഹനവും പ്രാർത്ഥ നയും വാർഷികത്തിന്റെ വിജയത്തിനായി ഏറെ സഹായിച്ചു. സഹര ക്ഷാധികാരിയായും ഫൈനാൻസ് കമ്മിറ്റി ചെയർമാനായും ഞങ്ങളോ ടൊപ്പമുണ്ടായിരുന്ന കത്തീഡ്രൽ വികാരി ബഹുമാനപ്പെട്ട ജോർജ് മൈലാടൂരച്ചനും രൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

പ്രേഷിത സാഗരത്തിന്റെ പ്രേഷിതറാലി ഏറ്റവും മനോഹരവും വർണ്ണവിസ്മയക്കാഴ്ചകളാൽ അലംകൃതവുമായിരുന്നു. റാലിയുടെ ചെയർമാനായി റാലിയ്ക്ക് വേണ്ട കാര്യങ്ങൾ സംഘടിപ്പിച്ചത് ബഹു മാനപ്പെട്ട ജോർജ് മമ്പള്ളിയിലച്ചനായിരുന്നു. ബഹു. മമ്പള്ളിയച്ചന്റെ താൽപര്യവും സംഘടനാമികവും ഒരിക്കൽക്കൂടി തെളിയിക്കുന്നതായി രുന്നു പ്രേഷിതസാഗരത്തിന്റെ പ്രേഷിതറാലി. മമ്പള്ളിയച്ചന് ഞങ്ങളുടെ അകൈതവമായ നന്ദി അറിയിക്കുന്നു.

പ്രേഷിതസാഗരത്തിനുവേണ്ട പബ്ലിസിറ്റിയ്ക്ക് വേണ്ടകാര്യങ്ങൾ സംഘടിപ്പിച്ചത് ബഹുമാനപ്പെട്ട ജെയിംസ് കുന്നത്തേട്ടച്ചനായിരുന്നു. അച്ചന്റെ കഴിവും സമയവും ഇതിനുവേണ്ടി വിനിയോഗിക്കുകയും വേണ്ട സമയങ്ങളിൽ അച്ചന്റെ സാന്നിദ്ധ്യവും ഞങ്ങളോടൊപ്പമുണ്ടാ യിരുന്നു. അച്ചനെയും ഏറെ നന്ദിയോടെ സ്മരിക്കുന്നു.

കൂടാതെ വിവിധ കമ്മിറ്റികളിൽ ചെയർമാൻമാരായി പ്രവർത്തനങ്ങൾ നയിച്ച റവ.ഫാ. ജോസഫ് പരുവുമ്മേൽ (പ്രോഗ്രാം), റവ.ഫാ. ചാണ്ടി പുനക്കാട്ട് (ഭക്ഷണം), റവ.ഫാ. തോമസ് ചേറ്റാനി (റിസപ്ഷൻ), റവ.ഫാ. സെബാസ്റ്റ്യൻ പാറയിൽ (പ്രാർത്ഥന), റവ.ഫാ. ജോസ് കൊച്ചറയ്ക്കൽ (സ്റ്റേജ്), റവ.ഫാ.ജോസഫ് മേച്ചേരി (വെൽഫയർ), റവ.ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ (ലോ & ഓർഡർ), റവ.ഫാ. ജോസ് മുണ്ടയ്ക്കൽ (അലങ്കാരം), വൈസ് ചെയർമാൻമാരായിരുന്ന റവ.ഫാ. ജെയ്സൻ കുഴികണ്ടത്തിൽ (റിസപ്ഷൻ), റവ.ഫാ. ഷൈജു പള്ളിച്ചാംകുടി, റവ.ഫാ. വിനോദ് പാക്കാനിക്കുഴി, റവ.ഫാ. ജോമി പതിപ്പറമ്പിൽ (പ്രോഗ്രാം), റവ.ഫാ. ജെയിംസ് ചക്കിട്ടക്കുടി, റവ.ഫാ. അനിൽ മുഞ്ഞനാട്ട്, റവ.ഫാ. ബിനോയി കാശംകുറ്റി (ഭക്ഷണം), റവ. ഫാ. സണ്ണി മഠത്തിൽ (അലങ്കാരം), റവ.ഫാ. ജോസഫ് തേരകം, റവ.ഫാ. മനോജ് കറുത്തേടം, റവ.ഫാ. ജെസ്റ്റിൻ മൂന്നാനാൽ  (ലോ & ഓർഡർ), റവ.ഫാ. സജി കോട്ടായിൽ, റവ.ഫാ. മനോജ് കാക്കോനാൽ, റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ (റാലി), റവ. ഫാ. ജോസ് കപ്യാരുമലയിൽ (സ്റ്റേജ്), റവ.ഫാ. ബിജു തൊണ്ടിപ്പറമ്പിൽ, റവ.ഫാ. സെബിൻ ഐക്കരത്താഴത്ത് (ലൈറ്റ് & സൗണ്ട്സ്), റവ.ഫാ. ജിമ്മി ഓലിക്കൽ, റവ.ഫാ. ഡെന്നീസ് കഴുതാടിയിൽ, റവ. ഫാ. ജെയിംസ് മാങ്കോട്ടിൽ, റവ.ഫാ. ജെയിംസ് ചെമ്പക്കര (പബ്ലിസിറ്റി), റവ.ഫാ. റോണി തോട്ടത്തിൽ (വെൽഫയർ) തുടങ്ങിയവർക്കും രൂപതാസമിതിയുടെ നന്ദി അറിയിക്കട്ടെ.

വിവിധകമ്മറ്റികളിൽ ജനറൽ കൺവീനർമാരായിരുന്ന ശ്രീ. തോമസ് ഏറണാട്ട് (പ്രോഗ്രാം), ജോൺസൻ ചിറായിൽ (റാലി), ജോയി മേപ്പാടത്ത് (ഫിനാൻസ്), സജി വേങ്ങത്തടം, സിനി പേരിയക്കോട്ടിൽ, ജോസ്മിൽ വട്ടുകുന്നേൽ (ഭക്ഷണം), സജി തറപ്പുതൊട്ടി (പബ്ലിസിറ്റി), ഷൈജു മഠത്തിൽ, സി. സെറിൻ സി.എം.സി., (റിസപ്ഷൻ), നിതീഷ് ആലയ്ക്കൽ, ശ്രീ. ബിനീഷ് തുമ്പിയാംകുഴി (ലൈറ്റ് & സൗണ്ട്), ശ്രീ. ബേബി മൂത്തേടത്ത് (പ്രാർത്ഥന), ശ്രീ. ഷാജി ചന്ദനപ്പറമ്പിൽ, സി. ലിസ അലക്സ് (സ്റ്റേജ്), ശ്രീ. തോമസ് കല്ലറയ്ക്കൽ (ലോ&ഓർഡർ), ഡോളി പാറേക്കുടിയിൽ, ദിൽന കാവനമാലിൽ (അലങ്കാരം), എന്നിവർക്കും ഇവരോടൊപ്പം ചേർന്ന് പ്രവർത്തിച്ച മേഖലാ ഭാരവാഹികൾ, ശാഖാ മേഖലാ ജോ.ഡയറക്ടേഴ്സ്, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, രൂപതാ ടീം അംഗങ്ങൾ, ശാഖാഭാരവാഹികൾ, ശാഖാ മേഖലാ രൂപതാ മുൻഭാരവാഹികൾ, കെ.സി.വൈ.എം. മാതൃസംഘം, വിൻസെന്റ് ഡിപോൾ ഭാരവാഹികൾ, മതാധ്യാപകർ രൂപതാ എക്സി

ക്യൂട്ടീവ് അംഗങ്ങൾ, സർവ്വോപരി രൂപതയിലെ മുഴുവൻ മിഷൻലീഗ് അംഗങ്ങളും ഇടവകജനവും എല്ലാവരേയും ഏറെ നന്ദിയോടെ സ്മരിക്കുന്നു.

മാനന്തവാടിയിൽ പതിനായിരങ്ങൾ എത്തിചേർന്നത് അത് ഇടവക വൈദികരുടെ നിസ്തുലമായ താൽപര്യവും പ്രവർത്തനങ്ങളുമാണ്. പ്രേഷിതസാഗരം സ്വന്തം ഹൃദയത്തിലേറ്റുവാങ്ങി പ്രേഷിതസാഗരത്തിൽ പങ്കെടുത്ത പങ്കെടുപ്പിച്ച എല്ലാ അച്ചൻമാർക്കും രൂപതാ സമിതിയുടെ നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

### പ്രഥമകുഞ്ഞേട്ടൻ പുരസ്കാരം

ചെറുപുഷ്പമിഷൻലീഗ് സംസ്ഥാനസമിതി കുഞ്ഞേട്ടന്റെ സ്മരണാർത്ഥം നടപ്പിൽവരുത്തിയ കുഞ്ഞേട്ടൻ പുരസ്കാരം കോട്ടയം നവജീവൻ ട്രസ്റ്റിന്റെ ചെയർമാൻ ശ്രീ.പി.യു. തോമസിന് ലഭിച്ചു. മാനന്തവാടിയിൽ സംസ്ഥാന വാർഷികത്തിൽ വെച്ച് മണ്ഡ്യ രൂപതാ മെത്രാൻ മാർ ജോർജ് ഞരളക്കാട്ട് പുരസ്കാരം വിതരണം ചെയ്തു. അവാർഡിന് അർഹമായ പി.യു. തോമസിന് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ

### കുഞ്ഞേട്ടൻ സ്കോളർഷിപ്പ്

പ്രഥമകുഞ്ഞേട്ടൻ സ്റ്റേറ്റ് സ്കോളർഷിപ്പിന് നെയ്ക്കുപ്പശാഖയിലെ അഖില പെരുവാഴയിൽ അർഹമായി. സംസ്ഥാന വാർഷികത്തിൽ സി.എം.എൽ. സംസ്ഥാന വൈസ് ഡയറക്ടർ റവ.ഫാ. മാത്യു മുളയോലിൽ സ്കോളർഷിപ്പ് വിതരണം നടത്തി.

### സംസ്ഥാന വാർഷികം - സമ്മാനങ്ങൾ

പ്രേഷിതസാഗരം 2010 ന് റാലിയിലും ഫ്ളോട്ടിലും നടത്തിയ മത്സരത്തിൽ വിജയികളായവർ.

**റാലി – രൂപതാതലം**

I. കോട്ടയം, കണ്ണൂർ – മലബാർ റീജിയൻ
II. താമരശ്ശേരി
III. പാലാ

**മേഖലാതലം**

I. മാനന്തവാടി
II. കൊട്ടിയൂർ, കല്ലോടി

**ശാഖാതലം**

I. മുതിരേരി
II. കല്ലോടി
III. കൽപ്പറ്റ

ഫ്ളോട്ട്

I. അമ്പായത്തോട്

II. കല്ലോടി

III. കൽപ്പറ്റ

വിജയികൾക്ക് സി.എം.എൽ. രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

### പ്രേഷിതസാഗരം - വിളംബരറാലികൾ

പ്രേഷിതസാഗരം 2010 ന്റെ മുന്നോടിയായി നടവയൽ, കല്ലോടി, തരിയോട്, പയ്യമ്പള്ളി, കൊട്ടിയൂർ, കൽപ്പറ്റ, മേഖലകളിൽ വിളംബര റാലികൾ നടത്തി. മേഖലാഭാരവാഹികളും ഇടവകാവൈദികരും വിളം ബരറാലിക്ക് നേതൃത്വം നൽകി.

### ബൈബിൾ വാക്യപഠന മത്സരം

രൂപതാതല ബൈബിൾവാക്യ പഠനമത്സരം ജനുവരി 8-ാം തീയതി ശനിയാഴ്ച 10 മണിക്ക് ദ്വാരകയിൽ നടത്തപ്പെടുന്നതാണ്.

### മിഷൻലീഗ് കുടുംബസംഗമം

രൂപതാ കുടുംബസംഗമം 2011 ജനുവരി 26-ാം തീയതി 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കുന്നു. രൂപതാ ടീം എക്സിക്യൂട്ടീവ് കുടുംബാംഗങ്ങളുടെ സംഗമത്തിലേയ്ക്ക് ഏവരേയും പ്രത്യേകം ക്ഷണി ക്കുന്നു.

### സംസ്ഥാന കലാ സാഹിത്യ മത്സര വിജയികൾക്കുള്ള സമ്മാന വിതരണം

സംസ്ഥാന ബൈബിൾ കലോൽസവത്തിൽ വിജയികൾക്ക് ജനു വരി 26-ന് നടക്കുന്ന കുടുംബസംഗമത്തിൽ സമ്മാനങ്ങൾ വിതരണം നടത്തുന്നതാണ്. എല്ലാവരും എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

### മേഖലാ വാർത്തകൾ

ബത്തേരി : പ്രേഷിതസാഗരത്തിന്റെ വിജയത്തിനായി ഏകദിന പ്രാർത്ഥന സംഘടിപ്പിച്ചു. എല്ലാ ശാഖകളും പ്രാർത്ഥനയിൽ പങ്കെ ടുത്തു.

ജീവിതത്തിന്റെ കലണ്ടറിൽ നിന്നും ഒരുവർഷം കൂടി കൊഴി ഞ്ഞുവീണിരിക്കുന്നു. കഴിഞ്ഞ നാളുകളിൽ ദൈവം നൽകിയ അനു ഗ്രഹങ്ങൾക്ക് നന്ദിപറയാം. വരും നാളുകളിൽ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം. ഏവർക്കും പുതുവത്സരാശംസകൾ നേരുന്നു.

### കടുകുമണി മിഷൻ ക്വിസ്

കടുകുമണി ക്വിസിന്റെ രണ്ടാം തലത്തിലേയ്ക്ക് പ്രവേശിച്ചിരി ക്കുന്നവരുടെ ലിസ്റ്റ് ലഭിച്ചു കാണുമെന്ന് കരുതുന്നു. ജനുവരി 9-ന്

ഞായറാഴ്ച അതാത് ഇടവകകളിൽ വച്ചാണ് മത്സരപ്പരീക്ഷ നടക്കുക. പരീക്ഷയ്ക്ക് ഒരുങ്ങാനായുള്ള പഠനസഹായി സി.എം.എൽ. രൂപതാ ഓഫീസിൽ നിന്നും ലഭ്യമാണ്. വില 8 രൂപ.

## സംസ്ഥാനവാർഷികം ഞായർ പിരിവ് തന്ന ശാഖകൾ

തോമാട്ടുചാൽ-1000, കുറുമ്പാല-2900, കുന്നൂർ-1000, ബെർളിയാർ -500, പടമല-1700, പോരൂർ-5000, അപ്പപ്പാറ-333, വലിയകൊല്ലി-654, വാളാട്-171, കുറ്റിമൂല-1213, ചെന്നലോട്-5125, മുതിരേരി-3000, കമ്മന -1500, തേൾപ്പാറ-635, അമ്പലവയൽ-4230, കരിമ്പിൽ-1000, എടപ്പെട്ടി -3000, കേളകം-1000, പൂക്കോട്ടുംപാടം-2500, അരുൾനിലയം-1084, തോണിച്ചാൽ-1660, മാനന്തവാടി ടൗൺ-5000, ചിത്രഗിരി-1000, കബനി ഗിരി-1000, മൂലേപ്പാടം-500, കയ്യൂന്നി-1500, കുഞ്ഞോം-1000, പഴൂർ-1000, പുതുശേരിക്കടവ്-2000, കണിയാരം-8150, പുഴമുടി-300, നെടുമ്പാല-1000, ഒലിവുമല-750, വാഴവറ്റ-4000, വൈത്തിരി-1000, കൽപറ്റ-5000, ഇരുളം -4000, കുറമ്പാലക്കോട്ട - 810.

## മിഷൻഞായർ വിഹിതം തന്ന ശാഖകൾ

അമ്പായത്തോട് - 750, ചുങ്കക്കുന്ന് - 1000, പൂളപ്പാടം - 250, മംഗളം-500, മുട്ടിയേൽ-200, ബത്തേരി-1500, പുൽപ്പള്ളി-500, ദീപ്തിഗി രി-250, തവിഞ്ഞാൽ-1000, കരിമ്പിൽ-200, കേളകം-600, വിളമ്പുകണ്ടം -500, തോണിച്ചാൽ-1000, ചോക്കാട്-250, കുന്നൂർ-500, ചിത്രഗിരി-1000, കബിനിഗിരി-300, പാറത്തോട്ടം-150, തെനേരി-1400, കുറുമണി-200, ആടിക്കൊല്ലി - 500, വാകേരി-500, പുതുശ്ശേരി -100, ചുള്ളിയോട് - 250, ഒറ്റപ്ലാവ്-250.

**ബിനു മാങ്കൂട്ടത്തിൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജന സുഹൃത്തുക്കളേ,

സുന്ദരമായ ഋതുഭേദങ്ങൾക്കിടയിൽ ഉണർവ്വിന്റേയും ഉന്മേഷത്തിന്റേയും പൊന്നൊളികൾ വിതറിക്കൊണ്ട് ഒരു പുത്തൻ പ്രഭാതത്തിന്റെ മണിമുഴക്കം. 2011 പുതുവർഷ പുലരിയുടെ ഊഷ്മളമായ ആശംസകൾ സ്നേഹപൂർവ്വം നേരുന്നു. 2010 മാനന്തവാടി രൂപതയിലെ യുവജന പ്രസ്ഥാനം കരുത്താർജ്ജിച്ച വർഷമായിരുന്നു. വിവിധ മേഖലകളുടെ ശാക്തീകരണത്തിലൂടെ, സാമൂഹിക പ്രതിബദ്ധതയാർന്ന പ്രവർത്തനശൈലിയിലൂടെ യുവത സഭയുടെയും സമൂഹത്തിന്റെയും കരുത്തായി പ്രവർത്തിച്ച അനുഭവം. മിഴിവാർന്ന കർമ്മകാണ്ഡങ്ങളിലൂടെ യുവജനത സഞ്ചരിച്ചപ്പോൾ അത് വിജയത്തിന്റെ, വളർച്ചയുടെ, കൂട്ടായ്മയുടെ അനുഭവങ്ങളായി മാറി. ഈ വിജയകുതിപ്പിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ സുമനസ്സുകളേയും നന്ദിയോടെ ഓർക്കുന്നു.

2011 പുത്തൻ പ്രതീക്ഷകളും ആശയങ്ങളും യുവമനസ്സുകളെ മഥിക്കുമ്പോൾ സമൂഹത്തിന്റെ മന:സാക്ഷിയായി – വേറിട്ട് ചിന്തിക്കുന്ന, പ്രതികരിക്കുന്ന, പ്രവർത്തിക്കുന്ന തരംഗമാകട്ടെ യുവസമൂഹം എന്ന് ആശംസിക്കുന്നു. ചിന്ത നിറയെ നന്മകളും ബുദ്ധിനിറയെ വെളിച്ചവും, അധരം നിറയെ അലിവും, കണ്ണു നിറയെ കാരുണ്യവും, ഹൃദയം നിറയെ സ്നേഹവും, വ്യക്തിത്വം നിറയെ വിശുദ്ധിയും നിറഞ്ഞ – യുവാവായ ക്രിസ്തുവിന്റെ ചൈതന്യം നമ്മെ ജ്വലിപ്പിക്കട്ടെ. സമൂഹത്തിൽ അസ്വസ്ഥതകൾ പടർന്ന് വരുമ്പോൾ മൂല്യാധിഷ്ഠിതമായ സമൂഹത്തിന്റെ വക്താക്കളാകാൻ നീതിബോധവും ധാർമ്മികതയും നിറഞ്ഞ സമൂഹത്തിന്റെ ശബ്ദമാകാൻ സമൂഹത്തിന്റെ പുഴുക്കുത്തുകളെ തിരിച്ചറിഞ്ഞ് പ്രതികരിക്കുന്ന, ചലിപ്പിക്കുന്ന ശക്തിയായി മാറുവാൻ – രൂപതയിലെ മുഴുവൻ യുവജനങ്ങൾക്കും ഒരുമിച്ച് യത്നിക്കാം. അങ്ങനെ 2011

പുത്തൻ ഉണർവ്വിന്റെ കാലമാക്കിമാറ്റാൻ നമുക്കൊരുമിച്ച് പ്രവർത്തി ക്കാം. എല്ലാവർക്കും വിജയങ്ങൾ ആശംസിക്കുന്നു.

പുതുവത്സര ആശംസകളോടെ,

**സണ്ണിയച്ചൻ**

## സ്നേഹപൂർവ്വം കൃതജ്ഞതയോടെ

ഉത്സവ് 2010 – കെ.സി.വൈ.എം. സംസ്ഥാന കലോത്സവം മാന ന്തവാടിയിൽ ദ്വാരക സേക്രട്ട്ഹാർട്ട് സ്കൂളിൽ അരങ്ങേറിയപ്പോൾ അത് ഒരു ഉത്സവമായി. കേരളത്തിലെ വിവിധ രൂപതകളിൽനിന്ന് വന്ന യുവ ജനത്തിന് ആവേശവും കരുത്തും നൽകി മാനന്തവാടി രൂപതയിലെ യുവജനങ്ങൾ ഊഷ്മളമായ സ്വീകരണം നൽകിയപ്പോൾ അത് അതി ശയവും ഉത്സവവുമായി മാറി. ഉത്സവിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ വരെയും വളരെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം, ബത്തേരി പിതാവ് അഭിവന്ദ്യ ജോസഫ് മാർ തോമസ്, വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളി ക്കുന്നേൽ, പാസ്റ്ററൽ സെന്ററിലെ വൈദീക സുഹൃത്തുക്കൾ, മേഖലാ ഡയറക്ടർമാർ ആനിമേറ്റർമാർ, യൂണിറ്റ് ഡയറക്ടർമാർ ആനിമേറ്റർമാർ, രൂപതാ, സിൻഡിക്കേറ്റ് അംഗങ്ങൾ, വോളണ്ടിയേഴ്സ്.... വിവിധ പ്രവർത്തക സമിതികൾ വളരെ പ്രത്യേകിച്ച് കല്ലോടി മേഖലയും ദ്വാരക യൂണിറ്റും – ഒത്തിരി ഒത്തിരി നന്ദി. ഒപ്പം വേദി നൽകി, സൗകര്യങ്ങൾ ഒരുക്കി എല്ലാം ഭംഗിയായി അരങ്ങേറാൻ അവസരമൊരുക്കിയ സേക്ര ട്ട്ഹാർട്ട് ഹയർസെക്കണ്ടറി സ്കൂൾ അധികൃതർക്ക്, നോർബർട്ടൈൻ സഭാംഗങ്ങൾക്ക്, പ്രത്യേകിച്ച് പ്രിയോർ റവ.ഫാ. ജോസ് അന്തനാട്ടിന് കൃതജ്ഞതയുടെ മലരുകൾ അർപ്പിക്കുന്നു. ഉത്സവിന്റെ വിജയത്തി നായി സാമ്പത്തികമായി സഹായിച്ച എല്ലാ നല്ല മനസ്സുകളെയും നന്ദി യോടെ ഓർക്കുന്നു. രൂപതയിലെ മുഴുവൻ യുവജനങ്ങൾക്കും നന്ദി യർപ്പിച്ച് നിങ്ങളുടെ സഹകരണത്തിന്, കൂട്ടായ്മയ്ക്ക് കൃതജ്ഞതയർപ്പി ക്കുന്നു.

**സണ്ണിയച്ചൻ**

ഡിസംബറിലെ മരംകോച്ചുന്ന തണുപ്പിനെ യുവത്വത്തിന്റെ പ്രവർത്തനാഗ്നിയാൽ ചാമ്പലാക്കിക്കൊണ്ട് കെ.സി.വൈ.എം. മാനന്ത വാടി രൂപതയുടെ ആതിഥേയത്വത്തിൽ നടന്ന ഉത്സവ് 2010 സംസ്ഥാന കലോത്സവം ഏവരുടെയും പ്രശംസ ഏറ്റുവാങ്ങുന്ന വിധത്തിൽ വൻവി ജയകരമാക്കി തീർക്കുവാൻ ഞങ്ങളെ സഹായിച്ച മാനന്തവാടി രൂപത യിലെ എല്ലാവർക്കും കെ.സി.വൈ.എം. രൂപതാ കുടുംബത്തിന്റെ നന്ദി അർപ്പിച്ചുകൊള്ളട്ടെ.

4-12-2010 ന് രാവിലെ 10 മണിക്ക് സംസ്ഥാന പ്രസിഡന്റ് ശ്രീ. ദീപക് ചേർക്കാട്ട് കെ.സി.വൈ.എം. ന്റെ മൂവർണ്ണ പതാക വാനിലേക്കുയർത്തി ഉത്സവ് 2010 ന് തുടക്കം കുറിച്ചു. കേരള സഭയിലെ 29 രൂപതകളിൽനിന്നായി 1500 യുവജനങ്ങൾ വിവിധ മത്സര ഇനങ്ങളിലായി മാറ്റുരച്ചു.

**കൾച്ചറൽ ഈവനിങ്ങ്**

ഉത്സവ് 2010 ന് മാറ്റുകൂട്ടുവാൻ സംഘടിപ്പിച്ച കലാസന്ധ്യ വയനാടിന്റെ എം.പി. ശ്രീ. എം.ഐ. ഷാനവാസ് ഭദ്രദീപം കൊളുത്തി ഉത്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ശ്രീ. ദീപക് ചേർക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. മാനന്തവാടി രൂപതാ മെത്രാൻ മാർ ജോസ് പൊരുന്നേടം, ബത്തേരി രൂപതാ മെത്രാൻ ഡോ.ജോസഫ് മാർ തോമസ് അനുഗ്രഹപ്രഭാഷണം നടത്തി. സംസ്ഥാന ഡയറക്ടർ റവ.ഫാ. ജെയ്സൺ കൊള്ളന്നൂർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. എൽ. പൗലോസ്, ബ്ലോക്ക് പ്രസിഡന്റ് അബ്ദുൾ അഷറഫ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എച്ച്.ഡി. പ്രദീപ്, മാനന്തവാടി കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം, മാനന്തവാടി കെ.സി.വൈ.എം. രൂപതാ പ്രസിഡന്റ് സജിൻജോസ് ചാലിൽ, ശ്രീ. ജോസ് പള്ളത്ത്, ശ്രീമതി ചിന്നമ്മ ടീച്ചർ, ശ്രീമതി ഉഷാവിജയൻ തുടങ്ങിയവർ സദസ്സിനെ അഭിസംബോദന ചെയ്ത് സംസാരിച്ചു. തുടർന്ന് ഏഷ്യാനെറ്റ് വോഡാഫോൺ തകതിമി വിജയി ജോബിൻ ജോർജും ടീമംഗങ്ങളും അവതരിപ്പിച്ച ഫ്യൂഷൻ ഡാൻസും അരങ്ങേറി.

05-12-2010 ന് വൈകുന്നേരം 7 മണിയോടെ ആഘോഷത്തിന്റെ 'ഉത്സവിന്' കൊട്ടികലാശമായി സമാപന സമ്മേളനത്തിൽ മാനന്തവാടി രൂപതാ വികാരിജനറാൾ വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ ട്രോഫികളും സമ്മാനവും വിതരണം ചെയ്തു. ഉത്സവ് 2010 ന് വള്ളുവനാടിന്റെ ആരവവുമായി വന്ന തിരുവനന്തപുരം ലാറ്റിൻ രൂപത 161 പോയിന്റോടുകൂടി ഓവറോൾ ചാമ്പ്യൻമാരായി ആതിഥേയത്വത്തിന്റെ ആരവത്തിലുലഞ്ഞാടിയ മാനന്തവാടി രൂപത 159 പോയിന്റോടുകൂടി റണ്ണറപ്പായി. മാനന്തവാടി രൂപതയെ കെ.സി.വൈ.എം. സംസ്ഥാനത്തിന്റെ ശിരസ്സിൽ പൊൻതിലകമാകാൻ സഹായിച്ച മാനന്തവാടിയിലെ എല്ലാ കലാകാരന്മാർക്കും കലാകാരികൾക്കും നന്ദിയുടെ പൂച്ചെണ്ട് സമർപ്പിക്കട്ടെ. സംസ്ഥാന കലോത്സവം വിജയിപ്പിക്കുന്നതിന് മുൻകൈ എടുത്ത എല്ലാ മേഖലാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, മേഖലാ ഭാരവാഹികൾ, വിവിധ കമ്മിറ്റി അംഗങ്ങൾ, വോളണ്ടിയേഴ്സ്, ഞങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയ സുമനസ്സുകൾ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.

**'ഉത്സവ്-10' മാനന്തവാടി രൂപതയ്ക്ക് 2-ാം സ്ഥാനം**

**സംസ്ഥാന മത്സര വിജയികൾ**

| | | |
|---|---|---|
| 1. കവിതാരചന | അഞ്ജലി കറുത്തേടത്ത് | B grade |
| | മഞ്ചു കൈപ്പുള്ളിമാലിൽ | B grade |
| 2. കാർട്ടൂൺ രചന | നിഷ മുണ്ടയ്ക്കൽ | III with A grade |
| | അരുൺ കുറിയിടത്ത് | A grade |
| 3. കൊളാഷ് | ജിനീഷ് പതിപ്പള്ളിൽ | II with B grade |
| | പ്രദീഷ് കൊല്ലംകുന്നേൽ | B grade |
| 4. പോസ്റ്റർ രചന | നിഷ മുണ്ടയ്ക്കൽ | I with A grade |
| 5. നോട്ടീസ് രചന | റിയ പരപ്പള്ളിൽ | III with B grade |
| | സജിൻ ജോസ് ചാലിൽ | B grade |
| 6. ഫാൻസിഡ്രസ് | സുനിൽ കുറ്റിയാനിക്കൽ | B grade |
| | അഖിൽ മാട്ടേലാനിക്കൽ | C grade |
| 7. ബൈബിൾ ക്വിസ് | സന്തോഷ് കൂട്ടുങ്കൽ | |
| | നിഷ കൊല്ലംമാക്കിൽ | |
| | മാർട്ടിൻ | B grade |
| 8. സംഘഗാനം | ഡയാന മുഞ്ഞനാട്ട് & പാർട്ടി | II with A grade |
| 9. തെരുവ് നാടകം | സന്തോഷ് കൂട്ടുങ്കൽ& പാർട്ടി | III with A grade |
| 10. മാർഗ്ഗംകളി | അനു കുളങ്ങര & പാർട്ടി | I with A grade |
| 11. KCYM ആന്തം | രാജേഷ് പനച്ചിക്കൽ&പാർട്ടി | B grade |
| 12. ലളിതഗാനം | നെവൽരാജ് പുതിയകുന്നത്ത് | II with A grade |
| | ജിൻസി ഉറുമ്പിൽ | B grade |
| | അലീന പന്തിരുപറ | B grade |
| | സോനു ഉരുളിയാനിക്കൽ | B grade |
| 13. പ്രസംഗം | ഷിനിൽ തെക്കോലിക്കൽ | B grade |
| | ശലഭ കിഴക്കേപറമ്പിൽ | B grade |
| 14. മോണോആക്ട് | ജോഫീന റാത്തപ്പള്ളിൽ | B grade |
| | ഷിനി ഏഴുമായിൽ | B grade |
| 15. മിമിക്രി | ഷെല്ലി ഓലിക്കൽ | II with B grade |
| | നോബിൾ താണുവേലിൽ | B grade |
| 16. നാടോടിനൃത്തം | നീതു എടപ്പാട്ട് | II with A grade |
| | ക്രിസ് മുകുളേൽ | III with A grade |
| | ക്രിസ്റ്റീന കുരിശുംമൂട്ടിൽ | A grade |

## മേഖലാ കൺവെൻഷനുകൾ

മേഖലാ ശാക്തീകരണത്തിന്റെ ആർജ്ജവമുൾക്കൊണ്ട് മേഖലയിലെ യുവജനങ്ങളെ സുശക്തരാക്കാൻ സംഘടിപ്പിച്ച മേഖലാ കൺവെൻഷനുകൾ ബത്തേരി, കല്ലോടി, തരിയോട് മേഖലകളിൽ വൻവിജയമാക്കിയതിന് അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## യൂണിറ്റ് മേഖലാ റിപ്പോർട്ടുകൾ

ഫാം പ്രവർത്തനവർഷത്തെ യൂണിറ്റ്, മേഖലാ പ്രവർത്തന റിപ്പോർട്ടുകൾ ഡിസംബർ 25 ന് മുമ്പായി രൂപതാ ഓഫീസിൽ ലഭിച്ചില്ലെങ്കിൽ മികച്ച യൂണിറ്റ്, മേഖലാ, തിരഞ്ഞെടുപ്പിന് പരിഗണിക്കുന്നതല്ല. റിപ്പോർട്ടിനോടൊപ്പം മികച്ച യൂണിറ്റ് പ്രവർത്തകൻ, പ്രവർത്തകയുടെ പേര് അയക്കുമല്ലോ.

## വാർഷിക സെനറ്റ്

'വിശ്വാസ യുവത വികസിത രാഷ്ട്രം' എന്ന മുദ്രാവാക്യം മുഴക്കി പ്രവർത്തനത്തിൽ ഒട്ടേറെ മുന്നേറിയ 2010 പ്രവർത്തന വർഷത്തിന് പരിസമാപ്തി കുറിക്കുവാനും 2011 വർഷത്തെ ഹൃദ്യമായി സ്വീകരിക്കുവാനുമായി ഈ വർഷത്തെ വാർഷിക സെനറ്റ് 2011 ജനുവരി 1,2 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ച് ചേരുന്നതാണ്. പ്രസ്തുത സെനറ്റ് 1-ാം തീയതി വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 2-ാം തീയതി ഉച്ചയോടെ അവസാനിക്കുന്നതാണ്. ഈ സെനറ്റിൽ കെ.സി.വൈ.എം. 2010 പ്രവർത്തന വർഷത്തെ എല്ലാ മേഖലാ പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, 2011 വർഷത്തെ എല്ലാ മേഖലാ ഭാരവാഹികൾ, ഡയറക്ടർ, ആനിമേറ്റർമാർ, 2010 ലെ സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## 'ഉത്സവ്-10' മാനന്തവാടി രൂപതയ്ക്ക് രണ്ടാംസ്ഥാനം

'ഉത്സവ്-10' സംസ്ഥാനതല കലാമത്സരങ്ങളിൽ കേരളത്തിലെ 30 രൂപതകളിൽ നിന്നായി 1500 ഓളം യുവജനങ്ങൾ പങ്കെടുത്ത കലോത്സവത്തിൽ മാനന്തവാടി രൂപത 159 പോയിന്റോടെ 2-ാം സ്ഥാനം കരസ്ഥമാക്കി.

## പ്രവർത്തനവർഷ ഉത്ഘാടനവും, നേതൃത്വസംഗമവും, വഴി പ്രകാശനവും

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ 2011 പ്രവർത്തന വർഷത്തിന്റെ മാർഗ്ഗദർശിയായ 'വഴി' യുടെ പ്രകാശനവും പ്രവർത്തന വർഷ ഉത്ഘാടനവും പുതിയ വർഷത്തെ യൂണിറ്റ്, മേഖലാ, രൂപതാ ഭാരവാഹികളുടെ നേതൃത്വസംഗമവും ഫെബ്രുവരി 12-ന് ശനിയാഴ്ച

രാവിലെ 9.30 മുതൽ 2.00 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ച് നടക്കുന്നതാണ്. പ്രസ്തുത സംഗമത്തിൽ എല്ലാ മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ, യൂണിറ്റ് ആനിമേറ്റർമാർ 2011–ലെ പ്രവർത്തന വർഷത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട യൂണിറ്റ്, മേഖലാ, രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുക്കണം.

**അംഗത്വ സ്വീകരണം**

2011 വർഷത്തിൽ അംഗത്വം സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നവർ രൂപതാഓഫീസിൽ നിന്നും ലഭിക്കുന്ന Biodata യുടെ ഫോം വാങ്ങി പൂരിപ്പിച്ച് നൽകേണ്ടതാണ്. മൂന്നുവർഷത്തേയ്ക്കാണ് പുതിയതായി ലഭിക്കുന്ന അംഗത്വകാർഡിന്റെ കാലാവധി.

**മേഖലാ വാർത്തകൾ**

**കല്ലോടി മേഖല**

കല്ലോടി മേഖല യുവജനസമ്മേളനം 'യുവ–2010' – കല്ലോടി മേഖല കെ.സി.വൈ.എം. യുവജനസമ്മേളനവും വാർഷികവും (യുവ –2010) ഡിസംബർ 16 ന് കല്ലോടിയിൽ വച്ച് നടന്നു. 17 യൂണിറ്റുകളിൽ നിന്ന് 500 ൽ പരം യുവജനങ്ങൾ പങ്കെടുത്തു. മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ ഉത്ഘാടനം ചെയ്തു. മേഖല പ്രസിഡന്റ് ജിതേഷ് ജോസ് മുളയ്ക്കക്കുന്നേൽ അദ്ധ്യക്ഷനായിരുന്നു. മേഖല മുഖപത്രം 'വഴിവിളക്ക്' രൂപതാ പ്രസിഡന്റ് സജിൻ ജോസ് ചാലിൽ പ്രകാശിപ്പിച്ചു. റവ.സി.ഡോ. ഡെയ്സി ജോസഫ് ക്ലാസ്സെടുത്തു. റവ.ഫാ. ജെയ്സ് ചെട്ടിയാശ്ശേരി സംവിധാനം ചെയ്ത സിനിമ "തിരിച്ചറിയാനൊരാൾ" പ്രദർശിപ്പിച്ചു.

**മേഖലയ്ക്ക് സ്വന്തമായി വെബ്സൈറ്റ്**

നൂതന മാർഗ്ഗത്തിലൂടെ യുവജനങ്ങളുമായി സംവേദനം നടത്തുക എന്ന ലക്ഷ്യത്തോടെ കല്ലോടി മേഖല സ്വന്തമായി വെബ്സൈറ്റ് തുടങ്ങി. ഡിസംബർ 16–ന് കല്ലോടിയിൽ വച്ച് നടന്ന മേഖല സമ്മേളനത്തിൽ ഫൊറോന വികാരി റവ. ഫാ. ജോർജ് മമ്പള്ളിൽ ഉത്ഘാടനം ചെയ്തു. കെ.സി.വൈ.എം. ചരിത്രം, മേഖല ചരിത്രം, മേഖല, യൂണിറ്റ്, ഭാരവാഹികൾ ഫോട്ടോ ഗാലറി–റൺ Year plan, KCYM രജിസ്ട്രേഷൻ, E-mail സൗകര്യം ഫോറം ലോഡുചെയ്യാൻ അവസരം എന്നീ പ്രത്യേകതകളോടുകൂടിയ വെബ്സൈറ്റിന്റെ അഡ്രസ്സ് WWW.kcymkallodi.in

**മാനന്തവാടി മേഖല**

എറണാകുളം കലൂരിൽ വച്ച് നടന്ന ജീവൻ റ്റി.വി. ക്ലബ് രൂപീക

രണത്തിൽ മേഖലാ കോ-ഓഡിനേറ്റർ വിനീഷ് കോട്ടായിൽ പങ്കെടുത്തു.

മാനന്തവാടിമേഖലാ കൺവെൻഷൻ 'യുവസംഗമം-2010' ൽ മേഖലയിലെ വിവിധ യൂണിറ്റുകളിൽ നിന്നായി 300 യുവജനങ്ങൾ പങ്കെടുത്തു. കണിയാരം കത്തീഡ്രൽ വികാരി റവ.ഫാ.ജോർജ് മൈലാടൂർ ഉത്ഘാടനം ചെയ്തു. റവ.ഫാ. ജോസഫ് പാംബ്ലാനി മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് ഗാന്ധിപാർക്കിലേയ്ക്ക് നടന്ന എൻഡോസൾഫാൻ നിരോധിക്കുക എന്ന് ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ പ്രതിഷേധറാലിയിൽ 150 ഓളം യുവജനങ്ങൾ പങ്കെടുത്തു.

മേഖലാ പ്രസിഡന്റ് ബിജു പുത്തൻകണ്ടത്തിലിന്റെ നേതൃത്വത്തിൽ മേഖലാടീം അംഗങ്ങൾ സമരിറ്റൻ ഭവൻ സന്ദർശിക്കുകയും അവിടെയുള്ള അന്തേവാസികൾക്ക് ഭക്ഷണം നൽകുകയും ചെയ്തു.

## തരിയോട് യൂണിറ്റ്

കൽപറ്റ ഫാത്തിമാ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ സൗജന്യ രക്തനിർണ്ണയക്യമ്പ് സംഘടിപ്പിക്കുകയും Blood donation group രൂപീകരിക്കുകയും ചെയ്തു. വിലക്കയറ്റത്തിന്റെയും കർഷക ചൂഷണത്തിന്റെയും ഈ കാലഘട്ടത്തിൽ പാർലമെന്റ് അംഗങ്ങളുടെ ശമ്പള അലവൻസ് വർദ്ധനവിനെതിരെ യുവജനങ്ങളുടെ Signature campaign നടത്തി ശക്തമായി പ്രതിഷേധിച്ചു. കൂർഗ് Institute of Dental College ന്റെ സഹകരണത്തോടെ ഏകദിന സൗജന്യ ദന്തപരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു. 250 ഓളം ആളുകൾ ഈ ക്യാമ്പിൽ പങ്കെടുത്തു. കെ.സി.വൈ.എം. അംഗങ്ങൾ ഒന്നിച്ചുചേർന്ന് പൂർവ്വികരെ അനുസ്മരിച്ചുകൊണ്ട് സെമിത്തേരി സന്ദർശനം നടത്തുകയും പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു.

പുതുവത്സരാശംസകളോടെ,

**ബെന്നി പച്ചിക്കൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഡിസംബർ 05 മുതൽ 08 വരെ നടന്ന MPC കോഴ്സിൽ 88 പേരും മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് ഡിസംബർ 10 മുതൽ 13 വരെ നടന്ന MPC കോഴ്സിൽ 92 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## അടുത്ത മാസങ്ങളിലെ കോഴ്സുകൾ

ജനുവരി 14–17 – പാസ്റ്ററൽ സെന്റർ ദ്വാരക
ജനുവരി 27–30 – പാസ്റ്ററൽ സെന്റർ ദ്വാരക

## കത്തോലിക്കാ മാതൃസംഘടന

ഡിസംബർ 16 ന് രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചന്റെ നേതൃത്വത്തിൽ രൂപതാ വാർഷികവും ജനറൽ ബോഡിയും ചേർന്നു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ജനറാളച്ചൻ ബഹു. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചന് ഹൃദ്യമായ സ്വീകരണം നൽകി. അച്ചൻ അമ്മമാർക്ക് വേണ്ടി സന്ദേശവും കൊടുത്തു. "ഇന്നത്തെ കുടുംബം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും, മക്കളെ നല്ലരീതിയിൽ വളർത്തേണ്ട ആവശ്യകതയെകുറിച്ചും അച്ചൻ വളരെ വ്യക്തമായി തന്നെ അമ്മമാരോട് സംസാരിച്ചു. കണക്ക്, റിപ്പോർട്ട് എന്നിവ അവതരിപ്പിച്ചു. രൂപതാ ആനിമേറ്റർ സി. ടെസീന നന്ദി അർപ്പിച്ചു. ഉച്ചഭക്ഷണത്തോടെ മീറ്റിംഗ് അവസാനിച്ചു. ഏകദേശം 350 ഓളം അംഗങ്ങൾ പങ്കെടുത്തു. എല്ലാവർക്കും നന്ദിയും സ്നേഹവും ക്രിസ്തുമസിന്റെയും പുതുവർഷത്തിന്റെയും ആശംസകളും നേരുന്നു.

## ആനിമേറ്റേഴ്സ് മീറ്റ്

15, 16 തീയതികളിൽ നടന്ന ആനിമേറ്റേഴ്സ് സംഗമത്തിൽ 65 ഓളം അംഗങ്ങൾ പങ്കെടുത്തു. മാതൃസംഘടനയുടെ ശാക്തീകരണ

ത്തെക്കുറിച്ചും, അവരുടെ ദൗത്യത്തെക്കുറിച്ചും ബഹു. ജോർജ്ജ് മൂലയിലച്ചൻ ക്ലാസ്സെടുത്തു. ഈ രണ്ട് ദിവസങ്ങളിൽ സഹകരിച്ച എല്ലാ ആനിമേറ്റേഴ്സിനും ഹൃദ്യമായ നന്ദിയും സ്നേഹവും രൂപതാ മാതൃ സംഘടന ആശംസിക്കുന്നു.

**വിമൻസ് കമ്മീഷൻ**

ഒത്തിരി വർഷങ്ങളായി മാതൃസംഘടനയിലും, വിമൻസ് കമ്മീഷന്റെ സെക്രട്ടറിയായും സേവനം അനുഷ്ഠിച്ച ഡോ. വത്സല സ്കറിയയ്ക്ക് രൂപതാ മാതൃസംഘടനയുടെയും വിമൻസ് കമ്മീഷന്റെയും രൂപതാ കുടുംബപ്രേഷിതത്വത്തിന്റെയും നന്ദിയും സ്നേഹവും പ്രവർത്തനവീഥികളിൽ എല്ലാ വിജയങ്ങളും പ്രാർത്ഥനകളും ആശംസിക്കുന്നു.

അഭിവന്ദ്യ പിതാവിനാൽ നിയമിതരായിരിക്കുന്ന വിമൻസ് കമ്മീഷൻ രൂപതാ ആനിമേറ്റർ സി. ആലീസ് SKD, രൂപതാ സെക്രട്ടറി ശ്രീ. ജിഷ പറയിടത്തിൽ, ഫൊറോന സെക്രട്ടറിമാർ ശ്രീ. ചിന്നമ്മ റാത്തപ്പള്ളി (ബത്തേരി ഫൊറോന), ശ്രീമതി ലിസി ഇരയിൽ (ചുങ്കക്കുന്ന് ഫൊറോന), ശ്രീമതി റീബ പാലത്തിനടിയിൽ (ഗൂഡല്ലൂർ മേഖല), ശ്രീമതി മോളി തോപ്പിൽ (കല്ലോടി ഫൊറോന), ശ്രീമതി മോളി വട്ടക്കുന്നേൽ (കൽപ്പറ്റ ഫൊറോന), ശ്രീമതി ശ്രീജ കാഞ്ഞിരക്കാട്ട് (മാനന്തവാടി ഫൊറോന), ശ്രീമതി ആലീസ് മൂക്കനോലിൽ (മണിമൂളി ഫൊറോന), ശ്രീമതി റീന ചീങ്കല്ലേൽ (നടവയൽ ഫൊറോന), ശ്രീമതി മേരി പാലത്താനത്ത് (നിലമ്പൂർ ഫൊറോന), ശ്രീമതി മാർഗ്ഗരറ്റ് ആര്യപ്പള്ളി (പയ്യമ്പള്ളി ഫൊറോന), ശ്രീമതി മേരിക്കുട്ടി പള്ളിക്കമാലിൽ (പുൽപ്പള്ളി ഫൊറോന), ശ്രീമതി അന്നമ്മ പൊൻതൊട്ടിയിൽ (തരിയോട് ഫൊറോന) എന്നിവർക്ക് ഹൃദ്യമായ അഭിനന്ദനങ്ങളും രൂപതാ കുടുംബപ്രേഷിതത്വത്തിലേക്ക് സ്വാഗതവും.

**തരിയോട് മേഖല**

27 ന് കുടുംബപ്രേഷിതത്വ സംഘടനയുടെ തരിയോട് ഫൊറോനയുടെ ജനറൽ ബോഡിയോഗം ചെന്നലോട് ഇടവകയിൽ വെച്ച് നടന്നു. ഈ സമ്മേളനത്തിൽ ബഹു. പാലക്കിയച്ചൻ അദ്ധ്യക്ഷനായിരുന്നു. ബഹു. ആനിമേറ്റർ സി. ആൻസി ജോസ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് കരോൾഗാന മത്സരം നടത്തി. 7 യൂണിറ്റുകൾ ഈ മത്സരത്തിൽ പങ്കെടുത്തു. ഒന്നാം സ്ഥാനം ചെന്നലോടും രണ്ടാം സ്ഥാനം കുറുമണിയും മൂന്നാം സ്ഥാനം കാവുംമന്ദം ശാഖയും നേടി. വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി. വിവിധ യൂണിറ്റിൽ നിന്നുമുള്ള ബഹു. ആനിമേറ്റേഴ്സും 53 അമ്മമാരും പങ്കെടുത്തു. മേഖല ട്രഷറർ ശ്രീമതി അന്നമ്മ ടീച്ചർ നന്ദി പറഞ്ഞു.

## പുൽപ്പള്ളി മേഖല

04 ന് രൂപതാ ടീം പുൽപ്പള്ളി മേഖലയിൽ സന്ദർശനം നടത്തി. 9 ശാഖകളിലെ ഭാരവാഹികൾ പങ്കെടുത്തു. മേഖല ഡയറക്ടർ റവ. ഫാ. ജോണി കുന്നത്ത് സ്വാഗതം ആശംസിക്കുകയും രൂപതാ ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടിയിൽ അച്ചൻ ആമുഖ പ്രഭാഷണം നടത്തുകയും ചെയ്തു. രൂപതാ ആനിമേറ്റർ സി. ടെസീന മക്കളുടെ രൂപീകരണത്തിൽ മാതാക്കൾക്കുള്ള പങ്കിനെക്കുറിച്ച് ക്ലാസ്സെടുത്തു.

ഗ്രൂപ്പ് ചർച്ചകൾക്ക് രൂപതാ ടീം നേതൃത്വം കൊടുക്കുകയും റിപ്പോർട്ട് ബുക്ക്, കണക്ക് എന്നിവ പരിശോധിക്കുകയും പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് വേണ്ട പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും ബഹു. ഡെന്നീസച്ചൻ നൽകുകയും ചെയ്തു. മേഖലാ പ്രസിഡന്റ് നന്ദി അർപ്പിച്ചു.

## പോരൂർ ശാഖ

നവംബർ 16 ന് ശാഖ ഡയറക്ടർ ബഹു. തോമസ് മണക്കുന്നേൽ അച്ചന്റെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ 195 അമ്മമാർ പങ്കെടുത്തു. ശാഖയുടെ ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിച്ചു. ഇടവകയിൽ നടക്കുവാൻ പോകുന്ന ധ്യാനത്തിൽ എല്ലാവരേയും സംബന്ധിപ്പിക്കുവാൻ വേണ്ട ഒരുക്കങ്ങൾ വാർഡ് തലത്തിൽ ചെയ്യാൻ തീരുമാനിച്ചു. 7 –ാം തീയതി ധ്യാന വിജയത്തിനായി ആരാധന നടത്തുവാൻ തീരുമാനിച്ചു. മക്കളുടെ സ്വഭാവരൂപീകരണം മാതാക്കളിലൂടെ എന്ന വിഷയത്തെ കുറിച്ച് രൂപതാ സെക്രട്ടറി ശ്രീമതി ഫിലോ ജോസ് ക്ലാസെടുത്തു. ശാഖ സെക്രട്ടറി ശ്രീമതി ലില്ലി ജോയി എല്ലാവർക്കും നന്ദി പറഞ്ഞു.

## ഇടിവണ്ണ ശാഖ

ശാഖാ ഡയറക്ടർ ബഹു. ജിൽസൺ കോക്കണ്ടത്തിൽ അച്ചന്റെയും ആനിമേറ്റർ സിസ്റ്ററിന്റെയും നേതൃത്വത്തിൽ നവംബർ മാസം ഒരു നല്ല പ്രവർത്തനമാണ് ഇടിവണ്ണയിലെ അമ്മമാർ കാഴ്ചവെച്ചത്. അമ്മമാർ സിമിത്തേരിയും പരിസരവും വൃത്തിയാക്കി. നവംബർ 13 ന് അമ്മമാർക്കുവേണ്ടി ബ്ര. ഡേവിഡ് മാധ്യമങ്ങളുടെ സ്വാധീനത്തെക്കുറിച്ച് വിവേകത്തോടെ അതിനെ സ്വീകരിക്കുന്നതിനുള്ള ഒരു ക്ലാസ്സ് എടുക്കുകയുണ്ടായി. ഡിസംബർ മാസം നോമ്പ് എടുക്കുവാനും ഒരു തുക കാഴ്ചവെപ്പിലൂടെ സമാഹരിച്ച് ചോക്കാട് ശാന്തിസദനത്തിൽ കൊടുക്കുവാനും തീരുമാനമായി. നേരത്തെ തീരുമാനിച്ചതുപോലെ ഏതാണ്ട് 15 ഓളം അമ്മമാർ പള്ളിക്ക് മുത്തുക്കുടകൾ വാങ്ങാനുള്ള തുക കൊടുക്കുകയുണ്ടായി. അന്നേ ദിവസം വരിസംഖ്യ ഇനത്തിൽ 360 രൂപ സമാഹരിച്ചു. 28 ന് ദേവാലയവും പരിസരവും അമ്മമാർ വൃത്തിയാക്കി.

## കാട്ടിക്കുളം ശാഖ

13 ന് ഇടവകയിലെ എല്ലാ മാതാക്കളെയും സംഘടിപ്പിച്ച് കുടും ബിനി സംഗമം നടത്തി. 65 അമ്മമാർ പങ്കെടുത്തു. രൂപതാ ഡയറക്ടർ റവ. ഫാ. ഡെന്നീസ് സംഗമം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. സി. ജെസി പോൾ എസ്. എച്ച്. ആധുനിക യുഗത്തിൽ വിശ്വാസാധി ഷ്ഠിതമായ കുടുംബം, മക്കളുടെ വളർത്തൽ എന്നിവ ആസ്പദമാക്കി ക്ലാസുകൾ എടുത്തു. റവ. ഫാ. സണ്ണി മഠത്തിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. ആനിമേറ്റർ സി. സിസിലിയ. എസ്. എച്ച്. സ്വാഗ തവും ശ്രീമതി കുഞ്ഞൂഞ്ഞമ്മ പൂവനാട്ട്, ശ്രീമതി മിനി എന്നിവർ നന്ദിയും പറഞ്ഞു. മാതൃസംഘടനാംഗങ്ങൾ സ്നേഹവിരുന്ന് ഒരുക്കി അമ്മമാർക്ക് നൽകി.

## പാലാങ്കര ശാഖ

പാലാങ്കര ഇടവകയിൽ ബഹു. ജോസ് ചക്കിട്ടുകുടിയച്ചന്റെയും ആനിമേറ്റർ സി. ലില്ലി ജോണിന്റെയും നേതൃത്വത്തിൽ ശാഖയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി പോകുന്നു. നവംബർ 15 ന് എല്ലാ ഭാരവാഹികളും സി. ലില്ലിയും കൂടി ഇടവകയിലെ എല്ലാ കിടപ്പുരോഗി കളെയും പോയി കാണുകയും അവരുടെ വീടുകളിൽ പ്രാർത്ഥനകൾ നടത്തുകയും ചെയ്തു. അഗതിമന്ദിരത്തിൽ പോകുകയും അവർക്ക് ഇടവകയിൽ നിന്നു കിട്ടിയ തുകയും ഡ്രസ്സുകളും കൊണ്ടുപോയി കൊടുക്കുകയും കൂടാതെ ഡിസംബർ മാസത്തിൽ ഒരു ശനിയാഴ്ച അവരുടെ അടുത്തുപോകുകയും ഒരു ദിവസം അവർക്ക് ശുശ്രൂഷ ചെയ്തു കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു.

## ധർമ്മഗിരി ശാഖ

പുതുതായി രൂപം കൊണ്ട ധർമ്മഗിരി ശാഖയ്ക്ക് രൂപതാ മാതൃ സംഘ കൂട്ടായ്മയിലേക്ക് സ്വാഗതം.

| | | |
|---|---|---|
| ആനിമേറ്റർ | – | സി. ലിന്റാ ജേക്കബ് |
| പ്രസിഡന്റ് | – | ശ്രീമതി തങ്കമ്മ ഓലപുരയ്ക്കൽ |
| വൈസ്.പ്രസിഡന്റ് | – | ശ്രീമതി മേഴ്സി വാഴക്കാലായിൽ |
| സെക്രട്ടറി | – | ശ്രീമതി ജോളി പുത്തൻപുരയ്ക്കൽ |
| ജോ. സെക്രട്ടറി | – | ശ്രീമതി ജിനോ ഓടയ്ക്കൽ |
| ട്രഷറർ | – | ശ്രീമതി ഷീജ വടയാറ്റിൽ |

## ഏലപ്പീടിക ശാഖ

റവ. ഫാ. ചാക്കോച്ചൻ വാഴാക്കാലായുടെ നേതൃത്വത്തിൽ പ്രസി ഡന്റ് ശ്രീമതി ലിസി മംഗലത്തിന്റെ അദ്ധ്യക്ഷതയിൽ ആനിമേറ്റർ സി. ജോസ്നയുടെ സാന്നിദ്ധ്യത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

03 ന് വികാരിയച്ചന്റെ നേതൃത്വത്തിൽ ജനറൽ ബോഡി വിളിച്ചുകൂട്ടി 55 അമ്മമാർ പങ്കെടുത്തു. പ്രാർത്ഥനയോടെ ആരംഭിച്ചു. കണക്കും, റിപ്പോർട്ടും അവതരിപ്പിച്ച് ആനിമേറ്റർ സിസ്റ്റർ അമ്മമാർക്കുവേണ്ടി ക്ലാസ്സ് നയിച്ചു. അതിനുശേഷം വികാരിയച്ചൻ വേണ്ട നിർദ്ദേശങ്ങൾ നൽകി. ക്രിസ്തുമസ്സ് ഫ്രണ്ടിനെ തിരഞ്ഞെടുത്തു. അമ്മമാരുടെ നേതൃത്വത്തിൽ നടത്തുന്ന പുൽക്കൂട് മത്സരത്തെപ്പറ്റിയും ഇടവകയിൽ വൃദ്ധ മാതാപിതാക്കളെ സന്ദർശിച്ച് കേക്ക് വിതരണം നടത്തുന്നതിനെപ്പറ്റിയും തീരുമാനമെടുത്തു. സി. എം. എൽ റാലിയിൽ അമ്മമാരുടെ ഭാഗഭാഗിത്വം ഉണ്ടാകണമെന്നും അച്ചൻ പറഞ്ഞു. പള്ളിയും, പരിസരവും, പൂന്തോട്ടവും അമ്മമാരുടെ നേതൃത്വത്തിൽ വൃത്തിയാക്കി.

### ജൂഡ്സ് മൗണ്ട് ശാഖ

ജൂഡ്സ് മൗണ്ട് ശാഖയിലെ മാതൃസംഘടനാ അംഗങ്ങൾ പഴയ വസ്ത്രങ്ങൾ ശേഖരിക്കുകയും 08 ന് എച്ച്. ഡി കോട്ടയിലുള്ള ജ്യോതി വികാസിൽ എത്തിച്ച് കൊടുക്കുകയും റവ. ഫാ. ബാബു ചക്കിയത്ത് ഏറ്റുവാങ്ങുകയും ചെയ്തു. പിന്നീട് ഗ്രാമവാസികളെ സന്ദർശിക്കുകയും അവരുടെ ജീവിത സാഹചര്യങ്ങൾ നേരിട്ട് മനസ്സിലാക്കുകയും ചെയ്തു. ഞങ്ങൾ നടത്തിയ ഈ പ്രവർത്തനം ആത്മീയമായ ഉണർവ്വും സന്തോഷവും നൽകിയ ഒരു പ്രേഷിത പ്രവർത്തനമായിരുന്നു. ഡയറക്ടർ ബഹു. ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാലിന്റെയും, ആനിമേറ്റർ സി. പോൾ മേരിയുടെയും നേതൃത്വത്തിൽ നടത്തിയ ഈ പ്രവർത്തനത്തിൽ കൈക്കാരന്മാരും കമ്മറ്റി അംഗങ്ങളും പങ്കാളികളായി.

### മരിയൻ സിംഗിൾസ്

### ഏകസ്ഥ കൂട്ടായ്മ

നവംബർ 13 ന് ഏകസ്ഥരായ കുറച്ച് പേരും സി. മരീനയും ഒരുമിച്ച് മാനന്തവാടിയിലെ സമരിറ്റൻ ആശ്രമം സന്ദർശിച്ചു. അവിടെയുള്ള അന്തേവാസികളുമായി സംസാരിച്ചു. അവരുടെ ദുഃഖങ്ങൾ കുറച്ചു സമയം പങ്കുവെച്ചു. മധുര പലഹാരങ്ങൾ വിതരണം ചെയ്തു. തിരിച്ചു പോന്നു.

22 ന് 15 സഹോദരിമാർ സി. മരീനയുടെ നേതൃത്വത്തിൽ ഒരുമിച്ച് കൂടി ജപമാലയും ഷെയറിംങ്ങും നടത്തി. ബഹു. ഡെന്നീസച്ചൻ ക്രിസ്തുമസ് ഫ്രണ്ടിനെ എടുത്തു. ഡിസംബർ 16 ന് കാട്ടിക്കുളം കരുണഭവനും, ജയമാതാ ആശ്രമവും സന്ദർശിച്ചു. 22 ന് 15 ഓളം ഏകസ്ഥർ ഒരുമിച്ച്കൂടി. അടുത്ത മീറ്റിംഗ് ജനുവരി 11 ന് 10 മണിക്ക്.

**റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

"കർത്താവ് എപ്പോഴും എന്റെ കൺമുമ്പിലുണ്ട്; അവിടുന്ന് എന്റെ വലതു ഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങുകയില്ല. അതിനാൽ എന്റെ ഹൃദയം സന്തോഷിക്കുകയും അന്തരംഗം ആനന്ദം കൊള്ളുകയും ചെയ്യുന്നു." (സങ്കീ. 16:8-9).

അനുവാചകർക്കെല്ലാം പുതുവത്സരാശംസകൾ പ്രാർത്ഥനാ പൂർവ്വം നേരുന്നു.

**സോണൽ മീറ്റിംഗ്**

2010 ഡിസംബർ 3 ആദ്യവെള്ളി 105 ശുശ്രൂഷകർ സോണൽ മീറ്റിംഗിൽ സംബന്ധിച്ചു. 10 മണിക്ക് ആരാധന ആരംഭിച്ചു. ശ്രീ. ജോസ് മാളോല വിവിധ നിയോഗങ്ങളുമായി പരി. അമ്മയുടെ മദ്ധ്യസ്ഥം തേടി ജപമാല അർപ്പിച്ചു. 2010 ൽ വിവിധ മിനിസ്റ്ററികൾക്കും ശുശ്രൂഷകർക്കും ശുശ്രൂഷകൾക്കും തമ്പുരാൻ വർഷിച്ച അനുഗ്രഹങ്ങൾക്ക് നന്ദിയുമായി കോ-ഓർഡിനേറ്റർ ശ്രീ. ബേബി മൂത്തേടം ആരാധന നയിച്ചു. 11 മണിക്ക് ശ്രീ. സിറിൾ പന്ത്രാനിക്കൽ വിശ്വാസജീവിതം എന്ന വിഷയത്തെ ആസ്പദമാക്കി വചനം പങ്കുവെച്ചു. വിശ്വസിച്ച് പ്രാർത്ഥിച്ചപ്പോൾ തന്റെ ജീവിതത്തിൽ ദൈവം ഇടപെട്ട സംഭവങ്ങൾ അദ്ദേഹം സാക്ഷ്യപ്പെടുത്തിയത് ഹൃദയസ്പർശിയായി അനുഭവപ്പെട്ടു. 12 മണിക്ക് ബഹുമാന ജോർജ്ജ് മേമനയച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. 2011 ലേക്ക് നേതൃനിരയിലേക്കുള്ള തെരഞ്ഞെടുപ്പ് ആത്മാവിനാൽ പൂരിതരായി നിർവ്വഹിക്കുവാൻ ശുശ്രൂഷകർ പ്രാർത്ഥിച്ച് ഒരുങ്ങി. ബഹു. പാറയിൽ അച്ചൻ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. ലഘുഭക്ഷണത്തിനു ശേഷം വീണ്ടും സമ്മേളിച്ച് തെരഞ്ഞെടുപ്പ് നടത്തി. പ്രോലൈഫ്, കപ്പിൾസ് മിനിസ്ട്രി ഇവയുടെ തെരഞ്ഞെടുപ്പ് ജനുവരിയിൽ നടത്താൻ നിശ്ചയിച്ചു. 2010 ൽ സോണിനെ നയിച്ചവരെ ബഹു. പാറയിൽ അച്ചൻ

അനുമോദിച്ച് സംസാരിച്ചു. 3.15 ന് സോണൽ മീറ്റിംഗ് അവസാനിച്ചു. എൽഡറിംഗിനായി 6.00 p.m വരെയുള്ള സമയം വിനിയോഗിച്ചു.

**ജാഗരണ പ്രാർത്ഥന**

6.30 ന് ജപമാല ചൊല്ലി. 7 മണിക്ക് ബഹു. പാറയിൽ അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ജാഗരണ പ്രാർത്ഥനയിൽ പങ്കെടുത്ത എല്ലാവരും അത്താഴം കഴിച്ചു. തുടർന്ന് കുരിശിന്റെ വഴി നടത്തി. 9.30 ന് ആരംഭിച്ച ആരാധന 11 മണിവരെ ബഹു. മനോജ് കാക്കോനാൽ അച്ചൻ നയിച്ചു. തുടർന്ന് ശ്രീ. മത്തായി കാരക്കാട്ടും ശ്രീ. ജോസ് മാളോലയും 12 മണിവരെ നേതൃത്വം നൽകി. കർത്താവ് സൗഖ്യവും കൃപകളും വർഷിച്ച രാത്രിയായിരുന്നു ജാഗരണപ്രാർത്ഥനയുടെ നിമിഷങ്ങൾ.

**ആദ്യശനി - ഏകദിന കൺവെൻഷൻ 4-12-2010**

2010 ലെ അവസാനത്തെ ആദ്യശനി കൺവെൻഷൻ 6.00 a.m ന് പരി. അമ്മയുടെ സന്നിധിയിലെ ജപമാല പ്രാർത്ഥനയോടെ ആരംഭിച്ചു. ബഹു. പാറയിൽ അച്ചൻ വചനസന്ദേശം നൽകി, പ്രാർത്ഥിച്ച്, വി. ജലം തളിച്ച് ശുശ്രൂഷകരെ ശക്തീകരിച്ചു. ഒരുക്കശുശ്രൂഷകർ, പ്രഭാതഭക്ഷണം ഇവയ്ക്ക് ശേഷം 8.30 ന് സ്റ്റേജിലെ ശുശ്രൂഷകൾ ആരംഭിച്ചു. സപ്ര, ജപമാല, സ്തുതി ആരാധന ഈ പതിവുശുശ്രൂഷകൾ സീയോൻ ടീമും ബഹു. പാറയിൽ അച്ചനും നയിച്ചു. 11 മണിക്കുള്ള വചനശുശ്രൂഷ നടത്തിയത് ക്രിസ്തുദാസി സമൂഹത്തിലെ സി. ഷാന്റിയാണ്. 12 മണിക്ക് മാനന്തവാടി രൂപതയുടെ പുതിയ വികാരി ജനറാൾ മോൺ. മാടപ്പള്ളിക്കുന്നേൽ അച്ചനെ സ്വാഗതം ചെയ്ത് ബഹു. പാറയിൽ അച്ചൻ സംസാരിച്ചു. ബഹു. മനോജ് അച്ചൻ പൂവ് നൽകി അനുമോദിച്ചു. തുടർന്ന് ബഹു. മാത്യു അച്ചൻ വി. ബലി അർപ്പിച്ച് വചനം പങ്കുവെച്ചു. ലഘുഭക്ഷണം അനുഭവസാക്ഷ്യങ്ങൾ ഇവയ്ക്കു ശേഷം ആരാധന ആരംഭിച്ചു. തുടർന്ന് ദിവ്യകാരുണ്യപ്രദക്ഷിണവും സൗഖ്യപ്രാർത്ഥനയും തമ്പുരാനെ തൊട്ടറിഞ്ഞ നിമിഷങ്ങളായിരുന്നു. കർത്താവ് തങ്ങൾക്കായി നൽകിയ സന്ദേശങ്ങൾ ജനം കാതോർത്തു ശ്രവിച്ചു. കുമ്പസാരത്തിലൂടെ ആത്മീയ സൗഖ്യത്തിനും കൗൺസിലിംഗിലൂടെ മാനസിക സൗഖ്യത്തിനും വേദിയൊരുക്കി. കുട്ടികൾക്കായി സിയോൻ ചാപ്പലിൽ പ്രോഗ്രാം ഉണ്ടായിരുന്നു. 3.15 ന് ശുശ്രൂഷകൾ അവസാനിച്ചു. ദൈവസ്തുതികൾ പാടി ജനം ഭവനങ്ങളിലേക്ക് മടങ്ങി.

**രണ്ടാംശനി - ദമ്പതികൂട്ടായ്മ**

ദമ്പതികൂട്ടായ്മയുടെ സമ്മേളനം മാനന്തവാടി അമലോത്ഭവ മാതാവിന്റെ പള്ളിയിൽ വെച്ചു നടത്തി. 13 പേർ പങ്കെടുത്തു. ലത്തീൻ

പള്ളി വികാരി ബഹു. സനൽ അച്ചൻ ക്ലാസ്സെടുക്കുകയും വി. ബലി അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

**മൂന്നാംവെള്ളി - സൗഖ്യദിനം**

9.30 ന് സിയോൻ ചാപ്പലിൽ ശുശ്രൂഷ ആരംഭിച്ചു. ജപമാല, സ്തുതി ആരാധന ശ്രീ. മത്തായി കാരക്കാട്ട് നയിച്ചു. ബഹു. ജോർജ്ജ് മേമനയച്ചൻ വി. ബലി അർപ്പിച്ചു. സൗഖ്യപ്രാർത്ഥന നടത്തി.

**സിയോൻ കുടുംബ കൂട്ടായ്മ**

24-11-2010 ന് സിയോൻ ശുശ്രൂഷകരുടെയും അവരുടെ ജീവിത പങ്കാളികളുടെയും ഒരു സമ്മേളനം സിയോനിൽ നടത്തി. 182 പേർ പങ്കെടുത്തു. ശുശ്രൂഷകരും ജീവിത പങ്കാളികളും ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പാറയിലച്ചനോടൊപ്പം ദിവ്യകാരുണ്യ സന്നിധിയിൽ ചെലവഴിച്ചു. ബഹു. മേമനയച്ചൻ പരി. അമ്മയോട്ചേർന്ന് വിവിധ നിയോഗങ്ങളുമായി ജപമാല നയിച്ചു. 12 മണിക്ക് ബഹു. പാറയില ച്ചനും ബഹു. മേമനയച്ചനും ചേർന്ന് ശുശ്രൂഷകർക്കും കുടുംബത്തി നുംവേണ്ടി വി. ബലി അർപ്പിച്ചു. ബഹു. പാറയിലച്ചന്റെ വചനപ്രഘോ ഷണം ഹൃദയസ്പർശിയായിരുന്നു. വി. ബലിയ്ക്കുശേഷം സിയോൻ ഹാളിൽ വിഭവ സമൃദ്ധമായ വിരുന്നൊരുക്കി. അതിനുശേഷം ശുശ്രൂ ഷകരുടെ കലാപരിപാടികൾ സമ്മേളനത്തിന് മാറ്റുകൂട്ടി. എല്ലാം ഭംഗി യാക്കിയ ദൈവകൃപയ്ക്ക് നന്ദിയായി കോ-ഓർഡിനേറ്റർ ശ്രീ. ബേബി മൂത്തേടം രചിച്ച മാതാവിന്റെ ഗാനം അദ്ദേഹം ആലപിച്ചു. ബഹു. പാറ യിൽ അച്ചൻ ആശീർവ്വാദം നൽകി. ബഹു മനോജ് അച്ചനും സന്നിഹി തനായിരുന്നു.

**സിയോൻ 2011 ജനുവരി മാസത്തിൽ**

| | | |
|---|---|---|
| 01 ആദ്യശനി | - | ഏകദിന കൺവെൻഷൻ, |
| | - | ജാഗരണപ്രാർത്ഥന |
| | - | ക്രിസ്റ്റീൻ കൺവെൻഷൻ |
| 8 രണ്ടാംശനി | - | കൗൺസിലിംഗ് ദിനം |
| | - | ദമ്പതീകൂട്ടായ്മ |
| | - | യുവജന കൂട്ടായ്മ |
| 21 മൂന്നാംവെള്ളി | - | സൗഖ്യദിനം, ജാഗരണപ്രാർത്ഥന |
| 28 നാലാംവെള്ളി | - | ജാഗരണപ്രാർത്ഥന (സുവിശേഷമുന്നണി) |

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
സിയോൻ ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരി, സഹോദരരെ,

പ്രതീക്ഷയുടെ പൂക്കാലവുമായി ഒരു പുതുവർഷം സമാഗതമായി. 2010 ലെ അനുഭവങ്ങൾ നമുക്ക് നൽകിയ പാഠങ്ങൾ ഉൾക്കൊണ്ട് സൊസൈറ്റി പ്രവർത്തനങ്ങളുടെ പ്രസക്തിയും അതിൽ നമ്മുടെ ഉത്തരവാദിത്വവും പങ്കുചേരലും എങ്ങനെ ഫലപ്രദമാക്കാമെന്ന ഉത്തമബോദ്ധ്യത്തോടെ ദൈവം നമുക്ക് നൽകിയ പുതുവർഷത്തെ നമുക്ക് വരവേൽക്കാം.

**K.R.C.C. യുവജന സാഹിത്യമത്സരം**

2011 ജനുവരി 9 ന് ഞായറാഴ്ച 10.00 a.m ന് എറണാകുളം കലൂർ റിന്യൂവൽ സെന്ററിൽ വെച്ച് നടത്തുന്നതാണ്. രൂപതാ മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചവർ പങ്കെടുക്കണം. നേരത്തെ ചെല്ലുന്നവർക്ക് താമസസൗകര്യം ഉണ്ടായിരിക്കും. എറണാകുളത്ത് ബന്ധപ്പെടുവാൻ അഡ്വ. ജെസ്റ്റിൻ ഡേവിഡിന്റെ മൊബൈൽ നമ്പർ: 9495538456.

**കുട്ടികൾക്ക് പെയിന്റിങ്ങ് മത്സരം**

സെന്റ് വിൻസെന്റ് ഡി പോളിന്റെ 350 -ാം ചരമവാർഷികം പ്രമാണിച്ച് "ചിത്രരചന പെയിന്റിംങ്ങ്" മത്സരം K.R.C.C. മാർച്ച് മാസം നടത്തുന്നു. വിഷയം "കർമ്മനിരതനായ വി.വിൻസെന്റ് ഡി പോൾ" സ്വന്തം ഭാവനക്കനുസരിച്ച് വിശുദ്ധന്റെ പ്രവർത്തനങ്ങളിലൊന്നിന്റെ ചിത്രം രചിച്ച് കളർചെയ്ത് എ.സി. തലത്തിൽ മത്സരത്തിൽ 1-ാം സ്ഥാനക്കാരുടെ ചിത്രങ്ങൾ മാർച്ച് ആദ്യവാരത്തിൽ സി.സി. യിൽ ഏൽപ്പിക്കുക. തിരഞ്ഞെടുക്കുന്ന ചിത്രങ്ങൾ K.R.C.C യിൽ അയച്ചുകൊടുക്കുന്നതാണ്. 3 ഗ്രൂപ്പുകളിലായി മത്സരം നടത്താം. 1) STD 1 മുതൽ 4 വരെ, 2) STD 5 മുതൽ 9 വരെ, 3) STD 10 മുതൽ 12 വരെ എ. സി. തലത്തിൽ സമ്മാനം കൊടുക്കണം. മത്സരത്തിൽ തിരഞ്ഞെടുക്കുന്ന ചിത്ര

രചനയ്ക്ക് സി.സി. സമ്മാനവും K.R.C.C തലത്തിൽ തിരഞ്ഞെടുക്കുന്ന ചിത്രരചനകൾക്ക് സംസ്ഥാന സമ്മാനവും കൊടുക്കുന്നതായിരിക്കും. കുട്ടികളെ പ്രോത്സാഹിപ്പിച്ച് പങ്കെടുക്കുവാൻ എല്ലാ കോൺഫ്രൻസുകളും ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## പ്രാർത്ഥനാ സഹായം

ആസ്ട്രേലിയൻ നാഷണൽ കൗൺസിൽ പ്രസിഡന്റ് ബ്ര. സ്വെദ് ട്യൂട്ടൺ കരൾ ട്യൂമർ ബാധിച്ച് ചികിത്സയിലാണ്. അദ്ദേഹത്തിന്റെ രോഗശാന്തിക്കായി പരി. അമ്മയുടെയും വി. വിൻസെന്റിന്റെയും വാഴ്ത്തപ്പെട്ട ഫെഡറിക്ക് ഓസ്സാനാമിന്റെയും മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കണമെന്ന് നാഷണൽ പ്രസിഡന്റ് എല്ലാ പ്രവർത്തകരോടും അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രാർത്ഥിക്കുമല്ലോ?

## റ്റി.ജി. ക്വാർട്ടർ റിപ്പോർട്ട്

31-12-2010 ന് അവസാനിക്കുന്ന റ്റി.ജി. ക്വാർട്ടറിന്റെ കണക്കുകൾ 2011 ജനുവരി 10 ന് സി.സി. യിൽ ലഭിക്കത്തക്കവിധം എ.സി. പ്രസിഡണ്ടുമാർ റിപ്പോർട്ട് അയച്ചുതരണം.

## പാടിച്ചിറ എ.സി.

ബഹു. ഫാദർ മത്തായി പള്ളിച്ചാൻകുടിയുടെ മഹനീയ സാന്നിദ്ധ്യത്തിൽ 12-12-2010 ന് പാടിച്ചിറയിൽ വെച്ച് ചേർന്ന പൊതുയോഗം ത്രിതല പഞ്ചായത്ത് ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട കത്തോലിക്കാസഭ പ്രതിനിധികളെ ആദരിക്കുകയും അവർക്ക് അനുമോദനങ്ങൾ അർപ്പിക്കുകയും ചെയ്തു. യോഗത്തിൽ എ.സി. പ്രസിഡന്റ് ബ്രദർ ലൂക്കാ മാപ്ലശേരി അധ്യക്ഷനായിരുന്നു. സെന്റർ കൗൺസിലിന്റെ പ്രസിഡന്റ് വൈ. പ്രസിഡന്റുമാർ, ട്രഷറർ, ജന.സെക്രട്ടറി എന്നിവർ പങ്കെടുത്തു.

## പുതിയ കോൺഫ്രൻസ്

തരിയോട് എ.സി. യിലെ കോട്ടത്തറയിൽ സെന്റ് ജോർജ്ജ് കോട്ടത്തറ എന്ന പേരിൽ പുതിയ കോൺഫ്രൻസ് നിലവിൽ വന്നു. ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ സി. സി. വൈസ് പ്രസിഡന്റ് ജോണി പാറ്റാനി, ശ്രീ. കുര്യാക്കോസ് പാറേക്കാട്ടിൽ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പുതിയ കോൺഫ്രൻസിന്റെ പ്രസിഡന്റായി ബ്ര. ജോർജ്ജ് കുന്നത്ത് തെരഞ്ഞെടുക്കപ്പെട്ടു. പുതിയ കോൺഫ്രൻസിന് എല്ലാവിധ മംഗളങ്ങളും നേരുന്നു.

**അഡ്രസ്സ്**

ബ്ര. ജോർജ്ജ് കുന്നത്ത്<br>
മാടക്കുന്ന്. പി. ഒ., കൽപ്പറ്റ<br>
പിൻ 673121 - ഫോൺ: 04936 250474

**ഓസ്സാനാംഭവൻ സന്ദർശന കലണ്ടർ**

**ഓസ്സാനാംഭവൻ സന്ദർശനം - 2011 ജനുവരി 16 മുതൽ ഫെബ്രുവരി 15 വരെ**

2011 ജനുവരി 17 - ലിറ്റിൽ ഫ്ളവർ ചെറുകാട്ടൂർ, തോണിച്ചാൽ എ. സി., 19-1-2011 - സെന്റ് അൽഫോൻസ ദ്വാരക, 21-1-211 സെന്റ് തെരേസ കൊമ്മയാട്, 22-1-2011 - സെന്റ് ജോസഫ് ബാലേശുഗിരി - വാഴവറ്റ എ. സി., 25-1-2011 - സെന്റ് ജോർജ്ജ് കൊളവയൽ, 27-1-2011 - സെന്റ് ഫ്രാൻസീസ് അസീസി മീനങ്ങാടി, 29-1-2011 - സെന്റ് ജോസഫ് തെനേരി, 31-1-2011 - സെന്റ് മേരീസ് തെനേരി, 2-2-2011 - അമലോത്ഭവ വാഴവറ്റ, 4-2-2011 - സെന്റ് സെബാസ്റ്റ്യൻ വാഴവറ്റ, 5-2-2011 - സെന്റ് ഡൊമിനിക്ക് സാവിയോ വാഴവറ്റ, 7-2-2011 - സെന്റ് മാർട്ടിൻ അമ്പലവയൽ, ബത്തേരി എ. സി., 9-2-2011 - സെന്റ് മേരീസ് ബത്തേരി, 11-2-2011 - സെന്റ് ജോർജ്ജ് ചിത്രഗിരി, 12-2-2011 - സെന്റ് അൽഫോൻസ കടൽമാട്, 15-2-2011 - സെന്റ് മേരീസ് കടൽമാട്.

കോൺഫ്രൻസുകൾ നിശ്ചിത തീയതികളിൽ സന്ദർശനം നടത്തുവാൻ പരിശ്രമിക്കുക.

**പത്താംവാർഷികം**

ചുണ്ടക്കര സെന്റ് ജോസഫ്സ് കോൺഫ്രൻസിന്റെ പത്താം വാർഷികം 18-12-10 ന് സമുചിതമായി ആഘോഷിച്ചു. മോൺ. ജോസഫ് കണിയാമറ്റം അദ്ധ്യക്ഷനായ യോഗത്തിൽ സി.സി. പ്രസിഡന്റ് ബ്ര. തോമസ് മാങ്ങൻ വാർഷികം ഉദ്ഘാടനം ചെയ്തു. സീനിയർ വൈസ് പ്രസിഡന്റ് ബ്ര. ജോണി പാറ്റാനി, കുര്യാക്കോസ് പാറേക്കാട്ട്, എ.സി. പ്രസിഡന്റ് ബ്ര. മാത്യു നിരപ്പേൽ എന്നിവർ ആശംസകളർപ്പിച്ച് പ്രസംഗിച്ചു. ബ്ര. സി.യു. ജോസഫ് കഴിഞ്ഞ 10 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ചുണ്ടക്കര എ.സി. യിലെ മുഴുവൻ പ്രവർത്തകരും പങ്കെടുത്ത യോഗത്തിൽ കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. വിത്സൻ ജോസഫ് നന്ദി പ്രകാശിപ്പിച്ചു.

**'സഹോദരസ്നേഹത്തിന്റെ മേൽക്കൈ'**

സഹായം കൊടുക്കുന്നയാളുടെ കൈകൾ മുകളിലും സ്വീകരിക്കുന്നയാളുടെ കൈകൾ താഴെയുമാണ് സാധാരണ. എന്നാൽ കൊടുക്കുന്നവന്റെ ഈ മേൽക്കൈ സ്വീകരിക്കുന്നവന്റെ മേലുള്ള ആധിപത്യം ആകാതെ സഹോദരസ്നേഹത്തിന്റെ പ്രകാശമായി ഭവിക്കത്തക്കവിധം SSVP യുടെ പ്രവർത്തനങ്ങൾ ദൈവികചൈതന്യമുള്ളതായിരിക്കണമെന്ന് മോൺ. ജോസഫ് കണിയാമറ്റം ഉത്ബോധിപ്പിച്ചു.

## ഓസ്സാനാംഭവൻ ക്രിസ്മസ് ആഘോഷം

വർഷംതോറും ഓസ്സാനാംഭവനിൽ വെച്ച് നടത്തിവരുന്ന ക്രിസ്മസ് ആഘോഷം ഈ വർഷം 20-12-2010 ന് നടവയൽ ഓസ്സാനാംഭവനിൽ വെച്ച് സമുചിതമായി ആഘോഷിച്ചു. രാവിലെ 10.00 ന് റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ (വികാരി ജനറാൾ, മാനന്തവാടി രൂപത) വി. കുർബാനയോടെ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. തദവസരത്തിൽ ഒട്ടേറെ പേരുടെ സഹായസഹകരണം കൊണ്ടാണ് ഓസ്സാനാംഭവൻ നടന്നുപോകുന്നത് എന്ന് അനുസ്മരിച്ചു. മറ്റുള്ളവരെ സഹായിക്കുക എന്നത് ഒരു വ്യക്തിയുടെ കടമയായി വളരണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. തുടർന്ന് 11.30 a.m ന് ചേർന്ന ക്രിസ്മസ്സ് ആഘോഷ ചടങ്ങിൽ വയനാട് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി എ. ദേവകി മുഖ്യാതിഥിയായിരുന്നു. ആഘോഷ ചടങ്ങിന്റെ ഔപചാരികമായ ഉദ്ഘാടന കർമ്മം മാനന്തവാടി രൂപതാ വികാരി ജനറൽ റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ നിർവ്വഹിച്ചു. റവ. ഫാ. ബെന്നി മുതിരക്കാലായിൽ (ആത്മീയോപദേഷ്ടാവ്) ചടങ്ങിൽ അദ്ധ്യക്ഷം വഹിച്ചു. നടവയൽ ഫൊറോന വികാരി റവ. ഫാ. ജെയിംസ് കുന്നത്തേട്ട് ക്രിസ്മസ്സ് ആശംസകൾ നേർന്ന് സംസാരിച്ചു. ആഘോഷങ്ങൾക്ക് നാന്ദി കുറിച്ചുകൊണ്ട് സ്നേഹത്തിന്റെ, ഐക്യത്തിന്റെ പ്രതീകമായി ക്രിസ്മസ്സ് കേക്ക് മുറിക്കൽ കർമ്മം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി എ. ദേവകി നിർവ്വഹിച്ചു. തദവസരത്തിൽ ജനപ്രതിനിധി എന്ന നിലയിൽ ആവുന്ന സഹായം ചെയ്യുന്നതാണെന്ന് അവർ അറിയിച്ചു. അന്തേവാസികൾക്ക് പുതുവസ്ത്രങ്ങളുടെ കിറ്റ് വിതരണം പൂതാടി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മൃണാളിനി നിർവ്വഹിച്ചു. തുടർന്ന് ആശംസകളർപ്പിച്ച് ശ്രീമതി റാണി വർക്കി (പനമരം ബ്ലോക്ക് പഞ്ചായത്ത്), അന്നക്കുട്ടി ജോസ് (പൂതാടി പഞ്ചായത്ത് - വികസനം), ബാബു മങ്ങോട്ടിൽ (കൊട്ടിയൂർ പഞ്ചായത്ത് മെമ്പർ), ഗൗരി മാധവൻ (പനമരം പഞ്ചായത്ത് മെമ്പർ), ശ്രീമതി ലില്ലി ചെങ്ങാലിക്കാവിൽ (മുള്ളൻകൊല്ലി പഞ്ചായത്ത് മെമ്പർ), ശ്രീമതി ജൽത്രൂദ് ചാക്കോ (കൽപ്പറ്റ മുൻസിപ്പൽ കൗൺസിലർ) എന്നിവർ സംസാരിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി വത്സ ചാക്കോയുടെ സാന്നിധ്യം ചടങ്ങിനെ ധന്യമാക്കി. തുടർന്ന് റവ. ഫാ. സജി കാട്ടാംകോട്ടിൽ (അസി. വികാരി, നടവയൽ ഫൊറോന), ആശംസകളർപ്പിച്ചു. ബ്ര. തോമസ് മാങ്ങൻ ചടങ്ങിന് സ്വാഗതവും സെക്രട്ടറി അഗസ്റ്റിൻ കൊടിയംകുന്നേൽ നന്ദിയും പറഞ്ഞു. തുടർന്ന് 1. 30 ന് സ്നേഹവിരുന്ന് എല്ലാവരേയും സംമ്പുഷ്ട മാക്കി. 2 p.m ന് ചടങ്ങ് അവസാനിച്ചു. സ്നേഹാദരങ്ങളോടെ എല്ലാവർക്കും ക്രിസ്മസ്സ് ആശംസകൾ നേർന്നുകൊണ്ട്,

**ബ്ര. എം.സി.തോമസ് മാങ്ങൻ**

സി.സി. പ്രസിഡന്റ്



# ജയിൽ മിനിസ്ട്രി

**നവംബർ 2010**

ഊഷരഭൂമിയിലേയ്ക്ക് ഇറ്റുവീഴുന്ന ഒരു തുള്ളി വെള്ളം. തീക്ഷ്ണതയോടെ ഭൂമി അത് ഏറ്റുവാങ്ങുന്നു. സന്തോഷാധിക്യത്തോടെ, പൊടിപാറിച്ച് ഭൂമി സ്വാഗതം ചെയ്യുന്നു.ഈ അനുഭവമാണ് പുതിയിടംകുന്ന് പള്ളിയിൽ നിന്ന് ബഹു. വിൻസെന്റ് കൊരട്ടിപ്പറമ്പിലച്ചന്റെയും ബഹു. എസ്.എച്ച്. സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ മതാധ്യാപകരും കുട്ടികളും ജയിൽ സന്ദർശനത്തിനായി നവംബർ 21–ാം തീയതി വൈത്തിരിയിൽ വന്നപ്പോൾ ഉണ്ടായത്. ജാതി, മത, വർഗ്ഗ, വർണ്ണ വ്യത്യാസമില്ലാതെ കലാപരിപാടികൾ വീക്ഷിച്ച്, സംഭാഷണത്തിൽ ഏർപ്പെട്ട് ജയിലിലെ ഏകാന്തതകൾ പങ്കുവെക്കുമ്പോൾ ഇനിയൊരു തടവറജീവിതത്തിലേക്ക് തങ്ങളില്ല എന്ന തീരുമാനം അവരുടെ മുഖത്ത് വ്യക്തമായി. ജയിൽ സന്ദർശനത്തിനായി വരികയും മധുരപലഹാരങ്ങളോടെ തടവറ മക്കളെ സന്തോഷിപ്പിക്കുകയും ചെയ്ത ബഹു. വിൻസെന്റ് അച്ചനും കൂട്ടർക്കും രൂപതാ ജയിൽ മിനിസ്ട്രിയുടെ ഹൃദയം നിറഞ്ഞ നന്ദി.....

**റവ. ഫാ. ബിനു പൈനുങ്കൽ**
(ഡയറക്ടർ)

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**മദ്യവിരുദ്ധ പ്രവർത്തനം - മാനന്തവാടി രൂപതയ്ക്ക് മൂന്നാം സ്ഥാനം**

മികച്ച മദ്യവിരുദ്ധ പ്രവർത്തനം കാഴ്ചവെയ്ക്കുന്നതിന് കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ കേരളത്തിലെ കത്തോലിക്കാ രൂപതകൾക്ക് നൽകുന്ന അവാർഡുകളിൽ മാനന്തവാടി രൂപത മൂന്നാം സ്ഥാനം നേടി.

കോട്ടയത്ത് നടന്ന 12-ാം ജന്മദിന സമ്മേളനത്തിൽ കെ.സി.ബി.സി. ചെയർമാൻ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് അവാർഡ് വിതരണം ചെയ്തു. കമ്മീഷൻ ചെയർമാൻ ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെത്തെചേരിൽ അധ്യക്ഷത വഹിച്ചു. തിരുവനന്തപുരം അതിരൂപതാ ആർച്ച്ബിഷപ് ഡോ. സൂസൈപാക്യം ഉദ്ഘാടനം ചെയ്തു. ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം മുഖ്യപ്രഭാഷണം നടത്തി.

മാനന്തവാടി രൂപതാ ഡയറക്ടർ റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, സി.ജോവിറ്റ, ബേബി പേടപ്പാട്ട് എന്നിവർ ട്രോഫികൾ ഏറ്റുവാങ്ങി.

**മദ്യവിരുദ്ധ ഞായർ - ജനുവരി 30 ന്**

ജനുവരി 30 ഞായറാഴ്ച കെ.സി.ബി.സി. മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. മദ്യവിമുക്ത സഭയും സമൂഹവും എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷന്റെ പ്രവർത്തനം സഭാതനയരിൽ എത്തിച്ചേരുക എന്നതാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ പ്രസക്തി. നമ്മുടെ കൗമാരക്കാരായ വിദ്യാർത്ഥികൾപോലും മദ്യത്തിനും മയക്കുമരുന്നിനും അടിമയായിക്കൊണ്ടിരിക്കുന്നു. നാളത്തെ സമൂഹത്തെ നയിക്കേണ്ടവർ മദ്യത്തിന് അടിമയായാൽ സമൂഹത്തിന്റെ ഗതി എന്തായിരിക്കും. മാനസിക

ശാരീരിക രോഗികളാൽ നിറയുന്ന ഒരു നാടായി ദൈവത്തിന്റെ സ്വന്തം നാട് മാറും. അതിനാൽ മദ്യവിരുദ്ധ പ്രവർത്തനം കൂടുതൽ ശക്തമാകണം.

രൂപതയിലെ വിവിധ സംഘടനകളും ഇടവക മതബോധന രംഗവും ആ കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുക്കണമെന്ന് അപേക്ഷിക്കുകയാണ്. കുട്ടികളിലും മുതിർന്നവരിലും ലഹരിവിരുദ്ധ മനോഭാവം വളർത്തിക്കൊണ്ടുവരണം.

മദ്യവിരുദ്ധ ഞായറാഴ്ച എടുക്കുന്ന സ്തോത്രകാഴ്ചയാണ് ഒരു വർഷത്തെ മദ്യവിരുദ്ധ പ്രവർത്തനഫണ്ട്. പല ഇടവകകളും ആ പിരിവ് മാത്രം നൽകാറില്ല. നൽകുന്നവരിൽ ഭൂരിഭാഗവും ചെറിയ ഒരു സംഖ്യ തന്ന് സഹകരിക്കുന്നു. ഈ പ്രവർത്തനവർഷം കൂടുതൽ സജീവമായി പ്രവർത്തിക്കുവാൻ എല്ലാവരുടെയും സഹായസഹകരണം പ്രതീക്ഷിക്കുന്നു.

## മോചന 2010 - കൊട്ടിയൂർ ഹൈസ്കൂൾ

കൊട്ടിയൂർ ഹൈസ്കൂളിൽ വെച്ച് ഡിസംബർ 14-ന് ചൊവ്വാഴ്ച രാവിലെ 10.30 മുതൽ 1 മണിവരെ ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസുകൾ നടത്തി. അഞ്ഞൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു. മോചന-2010 സംഘടിപ്പിക്കുവാൻ മുൻകൈ എടുത്ത പ്രധാനാധ്യാപികയ്ക്കും സഹപ്രവർത്തകർക്കും പ്രത്യേകം നന്ദി. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## മോചന 2010 - കേളകം ഹൈസ്കൂളിൽ

കേളകം സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിൽ 8 മുതൽ 11 വരെയുള്ള ക്ലാസുകളിലെ ആൺകുട്ടികൾക്കായി ഡിസംബർ 14 ന് ചൊവ്വാഴ്ച ഉച്ചയ്ക്ക് 2 മണിമുതൽ 4 മണിവരെ മോചന 2010 സംഘടിപ്പിച്ചു. പി.റ്റി.എ. പ്രസിഡന്റ് സെമിനാർ ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് ആശംസ അർപ്പിച്ചു. സ്കൂൾ JRC യുടെ നേതൃത്വത്തിലാണ് സെമിനാർ നടത്തിയത്. പ്രധാനാധ്യാപികയ്ക്കും സഹപ്രവർത്തകർക്കും പ്രത്യേകം നന്ദി. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

# റേഡിയോ മാറ്റൊലി 90.4 mhz

1. ഹയർസെക്കണ്ടറി / കോളേജ് വിദ്യാർത്ഥികൾക്കായി ന്യൂസ് ഹണ്ട് ക്വിസ് മത്സരം ദ്വാരക എ.യു.പി. സ്കൂളിൽ വെച്ച് നടത്തി. അമൃതാ ടിവി ബെസ്റ്റ് സിറ്റിസൺ ജേണലിസ്റ്റ് റിയാലിറ്റി ഷോ ഫൈനലിസ്റ്റ് മി. സുരേഷ്കുമാർ മത്സരം നയിച്ചു. 16 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു. ജനുവരിയിൽ ഈ മത്സരത്തിന്റെ രണ്ടാം റൗണ്ട് നടക്കും.

2. മിനിസ്റ്ററി ഓഫ് ഇൻഫർമേഷൻ ആന്റ് ബോർഡ്കാസ്റ്റിംഗിനു കീഴിലുള്ള ഫീൽഡ് പബ്ലിസിറ്റി ഡിപ്പാർട്ട്മെന്റിലെ 20-ാം അംഗങ്ങൾ റേഡിയോ മാറ്റൊലി സന്ദർശിച്ചു.

3) എറണാകുളം സെന്റ് തെരേസ് കോളേജിലെ 15 ഓളം എം. എസ്.ഡബ്ളിയു. വിദ്യാർത്ഥികൾ കേരള സ്റ്റേറ്റ് ലേബർ മൂവ്മെന്റ് ഡിറക്ടർ ഫാ. ജെയ്സൻ വടാശേരിയുടെ നേതൃത്വത്തിൽ റേഡിയോ മാറ്റൊലി സന്ദർശനം നടത്തി.

4) തത്സമയ ന്യൂസ് അപേഡ്റ്റുകൾ, വിവിധ ഭാഷ ചലച്ചിത്ര ഗാന പരിപാടികൾ എന്നിങ്ങനെ പുത്തൻ വിഭവങ്ങളുമായി 01-01-2011 മുതൽ റേഡിയോ മാറ്റൊലിയുടെ പ്രക്ഷേപണസമയം രാവിലെ 6 മുതൽ രാത്രി 10 വരെയായിരിക്കും.

**ഫാ. ജോസ് കാവുങ്കൽ**
അസി.ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

# മീഡിയാ കമ്മീഷൻ

**കലാകാരന്മാരുടെ ലിസ്റ്റ്**

രൂപതയിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന കലാകാരന്മാരുടെയും, മാധ്യമപ്രവർത്തകരുടെയും ലിസ്റ്റ് തയ്യാറാക്കുന്നതിനായി ബഹു. വികാരിയച്ചന്മാരുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് ഒരു കത്തയച്ചിരുന്നു. അതോടൊപ്പമുള്ള ഫോറത്തിൽ, അത്തരത്തിൽപ്പെട്ട ആളുകളുണ്ടെങ്കിൽ, അവരുടെ പേരുകൾ ചേർത്ത് മീഡിയ ഓഫീസിലേയ്ക്ക് അയച്ചുതരുമല്ലോ.

**പ്രേഷിതസാഗരം ലൈവ് ബ്രോഡ്കാസ്റ്റിംഗ്**

പ്രേഷിതസാഗരം – 2010 റാലിയുടെ ഇന്റർനെറ്റ് ബ്രോഡ്കാസ്റ്റിംഗ് വിജയകരമായി നടത്തി.

**ഗ്ലോറിയ 2010**

മാനന്തവാടി രൂപത മീഡിയാകമ്മീഷൻ ഇടവകകൾക്കുവേണ്ടി സംഘടിപ്പിച്ച കരോൾ ഗാനമത്സരത്തിൽ കല്പറ്റ ഇടവക ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി. കൊട്ടിയൂർ ഇടവക ടീം രണ്ടാം സ്ഥാനവും പുതിയിടംകുന്ന് ഇടവക ടീം മൂന്നാം സ്ഥാനവും നേടി. ബത്തേരി ഇടവക ടീം പ്രോത്സാഹന സമ്മാനത്തിനർഹമായി.

**ഫാ. ജെയ്സ് ബേബി ചെട്ടിയാശ്ശേരി**
വൈസ് ചെയർമാൻ, മീഡിയാ കമ്മീഷൻ

# പി.ആർ.ഒ. വാർത്തകൾ

നവംബർ 26-ാം തീയതി വയനാട്ടിൽ സാന്നിദ്ധ്യമുള്ള വിവിധ കത്തോലിക്ക രൂപതകളുടെ പ്രതിനിധികളും ന്യൂനപക്ഷ കമ്മീഷൻ മോണിറ്ററിംഗ് ഓഫീസർ ശ്രീ. മുത്തുവേലു ഐ.എ.എസ്സും തമ്മിൽ മാനന്തവാടി ബിഷപ്സ് ഹൗസിൽ വെച്ച് മുഖാമുഖം പരിപാടി നടന്നു. സംസ്ഥാനത്തെ ഏക ന്യൂനപക്ഷ ജില്ലയായ വയനാടിന്റെ വികസന ത്തിനായി നടപ്പു പഞ്ചവത്സര പദ്ധതിയിൽ കേന്ദ്രം നീക്കിവെച്ചിരിക്കുന്ന തുക ജില്ലയ്ക്ക് നഷ്ടമാകാതിരിക്കാൻ ബന്ധപ്പെട്ടവർ സത്വര നടപടി കൾ എടുക്കണമെന്ന് രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം ആവ ശ്യപ്പെട്ടു. ഇതു സംബന്ധിച്ച നിവേദനവും ന്യൂനപക്ഷ കമ്മീഷന് നൽകി.

ഇന്ത്യയിലെ തെരഞ്ഞെടുക്കപ്പെട്ട 90 ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളിൽ കേരളത്തിൽനിന്നുള്ള ഏക ജില്ലയാണ് വയനാട്. നടപ്പു പഞ്ചവത്സരപദ്ധതിയിൽ 42 കോടിരൂപയുടെ പദ്ധതികൾ കേന്ദ്ര സർക്കാ രിൽനിന്നും ലഭ്യമെങ്കിലും പദ്ധതി കാലയളവ് അവസാനിക്കാറായിട്ടും ജില്ലയിൽ ധനവിനിയോഗം നടത്താത്തതിൽ, ജില്ലയിലെ കത്തോലിക്കാ സമുദായത്തിനുള്ള ഉത്കണ്ഠയും പ്രതിഷേധവും കേന്ദ്രന്യൂനപക്ഷ കമ്മീഷൻ മോനിട്ടറിംഗ് ഓഫീസിൽ മുമ്പാകെ അവതരിപ്പിച്ചു. ഇതി നായി മാനന്തവാടി, ബത്തേരി, കോട്ടയം രൂപതകളിലെ പ്രതിനിധിക ളുടെ യോഗം മാനന്തവാടി ബിഷപ്സ് ഹൗസിൽ വിളിച്ചു ചേർത്തു.

**പ്രതികരണം ഫലം കണ്ടു**

ഡിസംബർ 5-ന് വൈകുന്നേരം ഇന്ത്യവിഷൻ ചാനൽ പ്രക്ഷേ പണം ചെയ്ത 'വാരാന്ത്യം' പരിപാടിയിൽ, കത്തോലിക്കാ സഭയേയും സഭയുടെ വിശ്വാസ സത്യങ്ങളേയും അധിക്ഷേപിക്കുന്ന തരത്തിലുള്ള പരാമർശങ്ങൾ നടത്തിയതിൽ രൂപതയുടെ പ്രതിഷേധം ചാനൽ അധി കാരികളേയും ഈ പരിപാടി സ്പോൺസർ ചെയ്ത അറ്റ്ലസ് ജ്വല്ലറി യേയും ഫോൺ മുഖേനയും രേഖാമൂലവും അറിയിച്ചു. ഇന്ത്യാവിഷൻ ഫോണിൽ വിളിച്ച് ഖേദം രേഖപ്പെടുത്തുകയും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമെന്നറിയിക്കു കയും ചെയ്തു. അറ്റ്ലസ് ജ്വല്ലറിയുടെ ഉത്തരവാദപ്പെട്ടവർ സംഭവത്തിൽ ക്ഷമാപണം നടത്തുകയും ക്ഷമാപണം നടത്തുവാൻ ആവശ്യപ്പെട്ട് ഇന്ത്യാവിഷന് അയച്ച കത്തിന്റെ കോപ്പി അയച്ചു തരികയും ചെയ്തു. മാധ്യമങ്ങളെ ജാഗ്രതാപൂർവ്വം നിരീക്ഷിക്കുകയും, ക്രൈസ്തവരെ താറ ടിച്ചു കാണിക്കുന്ന പരിപാടികൾ കാണാനോ, വായിക്കാനോ, കേൾക്കാ നോ, ഇടവന്നാൽ തൽസമയം പ്രതികരിക്കാനും തുടർന്നും നാം തയ്യാ റാവണം.

**സി. ദീപ്തി ജോസ് S.H.** (ഓഫീസ് സെക്രട്ടറി)

# സാമൂഹ്യ സേവനരംഗം (WSSS)

## SWS ഡയറക്ടർമാരുടെ യോഗം

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വൈദികരുടെ സഹകരണം മെച്ചപ്പെടുത്തുന്നതിനുമായി SWS ഡയറക്ടർമാരുടെ യോഗം നവംബർ 16 -ാം തീയതി WSSS ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. WSSS ഡയറക്ടർ അഡ്വ. റവ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. മാനന്തവാടി രൂപതാ വികാരി ജനറാൾ റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. കത്തീഡ്രൽ വികാരി റവ. ഫാ. ജോർജ്ജ് മൈലാടൂർ ചർച്ചകൾക്ക് നേതൃത്വം നൽകി. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ സ്വാഗതവും WSSS ജനറൽ കോ-ഓഡിനേറ്റർ ജോസ് എള്ളുമന്ദം കൃതജ്ഞതയും രേഖപ്പെടുത്തി.

## വയനാടിന്റെ വികസനം; മുഖാമുഖം

വയനാട് ജില്ലയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭരണ സാരഥികളെയും, ഉദ്യോഗസ്ഥരെയും, വിവിധ സന്നദ്ധ സംഘടനകളിലെ ഭാരവാഹികളെയും പങ്കെടുപ്പിച്ചുകൊണ്ട് 'വയനാടിന്റെ വികസനം' എന്ന വിഷയത്തിൽ മുഖാമുഖം സംഘടിപ്പിച്ചു. WSSS ഡയറക്ടർ അഡ്വ. റവ. ഫാ. ജോൺ ചൂരപ്പുഴയിൽ സ്വാഗതം പറഞ്ഞു. മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം അദ്ധ്യക്ഷത വഹിച്ച യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.എൽ. പൗലോസ് ഉദ്ഘാടനം ചെയ്തു. പുതിയ ഭരണസമിതിയിൽ നിന്ന് വയനാടൻ ജനത പ്രതീക്ഷിക്കുന്നത് എന്ത് എന്ന് പിതാവ് തന്റെ പ്രസംഗത്തിൽ സവിസ്തരം പ്രതിപാദിച്ചു. മാനന്തവാടി ബ്ലോക്ക്

പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അബ്ദുൾ അഷറഫ്, മാനന്തവാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഗ്ലാഡീസ് ചെറിയാൻ, എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എച്ച്. ബി. പ്രദീപ് മാസ്റ്റർ, വയനാട് ജില്ലാ പഞ്ചായത്ത് മെമ്പർ പി.എം. ജോയി, നബാർഡ് ഏരിയ ജനറൽ മാനേജർ ബൈജു കുറുപ്പ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ജയകുമാർ, ശ്രേയസ് പ്രോഗ്രാം ഓഫീസർ ഫ്രാൻസീസ്, ജീവന കോ-ഓഡിനേറ്റർ ജെയിംസ്, WSSS പ്രോഗ്രാം ഓഫീസർ ഒ. പി. അബ്രാഹം, WSSS ജനറൽ കോ-ഓഡിനേറ്റർ ജോസ് എള്ളുംമന്ദം എന്നിവർ സംസാരിച്ചു. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ കൃതജ്ഞത അർപ്പിച്ചു.

## തുല്യ ബാധ്യത സംഘം (Joint Liability Group) പരിശീലനം

നബാർഡ് ജില്ലയിൽ പുതുതായി തുല്യ ബാധ്യതാ സംഘം (JLG) രൂപീകരിക്കുന്നതിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തു. JLG യെ ക്കുറിച്ച് കൂടുതൽ പഠിക്കുന്നതിനായി WSSS ടീം അംഗങ്ങൾക്ക് ഏകദിന പരിശീലനം സംഘടിപ്പിച്ചു. WSSS ഡയറക്ടർ അഡ്വ. റവ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം ചെയ്തു. നബാർഡ് ഏരിയാ ജനറൽ മാനേജർ ബൈജു കുറുപ്പ് ക്ലാസുകൾക്ക് നേതൃത്വം നൽകി. WSSS പ്രോഗ്രാം ഓഫീസർ ഒ. പി. അബ്രാഹം സ്വാഗതവും ജനറൽ കോ-ഓഡിനേറ്റർ ജോസ് എള്ളുമന്ദം നന്ദിയും പറഞ്ഞു.

## നേതൃത്വ പരിശീലനം

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡുമായി സഹകരിച്ച് തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി കോളനികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നേതാക്കൾക്ക് 2 ദിവസത്തെ പരിശീലനം ബോയ്സ് ടൗണിൽ വെച്ച് സംഘടിപ്പിച്ചു. WSSS ഡയറക്ടർ അഡ്വ. റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ, ജനറൽ കോ-ഓഡിനേറ്റർ ജോസ് എള്ളുംമന്ദം, എബി തോമസ്, കെ. ഒ. ജോയി, സജി, അന്നമ്മ എന്നിവർ നേതൃത്വം നൽകി.

## ആരോഗ്യ ബോധവൽക്കരണ ക്ലാസ്സും മെഡിക്കൽ ക്യാമ്പും

തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി ആദിവാസികൾക്കായി ആരോഗ്യ ബോധവൽക്കരണ ക്ലാസ്സും മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. ഡോ. അബി നേതൃത്വം നൽകി.

## സന്ദർശിച്ചു

കേന്ദ്ര സർക്കാർ മൈനോരിറ്റി കമ്മീഷൻ മോണിറ്ററിംഗ് ഓഫീസർ ശ്രീ. മുത്തുവേലു WSSS ൽ സന്ദർശനം നടത്തി. WSSS ന്റെ പ്രവർത്തനങ്ങൾ ടീം അംഗങ്ങളുമായി ചർച്ച ചെയ്ത് മനസ്സിലാക്കുകയും, മുതിരേരി SWS ൽ സന്ദർശനം നടത്തുകയും ചെയ്തു.

കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ശാസ്ത്ര സാങ്കേതിക വകുപ്പിലെ പ്രൊജക്ട് സെലക്ഷൻ കമ്മിറ്റി ചെയർമാൻ ശ്രീ. എഡിസൻ ഡിസംബർ 12 -ാം തീയതി WSSS സന്ദർശിക്കുകയും ചർച്ച നടത്തുകയും ചെയ്തു.

## കൃഷി-സാങ്കേതിക വിദ്യയിൽ പരിശീലനം

FVTRS പദ്ധതിയിൽ ഉൾപ്പെടുത്തി മാനന്തവാടി, പുൽപ്പള്ളി മേഖലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട SWS അംഗങ്ങൾക്ക് അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വെച്ച് കൃഷി-സാങ്കേതിക വിദ്യയിൽ രണ്ട് ദിവസത്തെ പരിശീലനം സംഘടിപ്പിച്ചു. നേഴ്സറി സാങ്കേതിക വിദ്യകൾ, ബെഡിംഗ്, ഗ്രാഫ്റ്റ്, ലെയറിംഗ് എന്നിവയിൽ പ്രായോഗിക പരിശീലനം നൽകി.

## SWS നേതൃത്വ പരിശീലനം

സോഷ്യൽ വെൽഫയർ സൊസൈറ്റി ഭാരവാഹികൾക്കായി നേതൃത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. WSSS ജോയിന്റ് ഡയറക്ടർ സെബാസ്റ്റ്യൻ ഏലംകുന്നേൽ ഉദ്ഘാടനം ചെയ്തു. 'സാന്ത്വന സൗഹൃദം' എന്ന വിഷയത്തിൽ നടന്ന പരിശീലനത്തിന് ഫാം വയനാട് കോ - ഓഡിനേറ്റർ ജെയ്സി നേതൃത്വം നൽകി.

## കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ഓർഗനൈസേഴ്സ് (CDO) പരിശീലനം

കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ഓർഗനൈസേഴ്സിനുവേണ്ടി ഡിസംബർ 3, 4 തീയതികളിൽ ബോയ്സ് ടൗണിലെ WSSS പരിശീലന കേന്ദ്രത്തിൽ വെച്ച് 2 ദിവസത്തെ പരിശീലനം സംഘടിപ്പിച്ചു. WSSS ഡയറക്ടർ അഡ്വ. റവ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം ചെയ്തു. താലൂക്ക് വ്യവസായ കേന്ദ്രം ഓഫീസർ ഇ.ജി. ജോസഫ്, എടവക കൃഷി ഓഫീസർ കെ. മമ്മൂട്ടി, സെബാസ്റ്റ്യൻ പാലംപറമ്പിൽ, WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ, പ്രോഗ്രാം ഓഫീസർ ഒ. പി. അബ്രാഹം, കോ-ഓഡിനേറ്റർ എബി തോമസ്, റീജണൽ കോ-ഓഡിനേറ്റർ സിജോ. കെ. വി എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

**ഇൻസ്പെക്ഷൻ പൂർത്തീകരിച്ചു**

ജൈവകൃഷി വ്യാപന പദ്ധതിയുടെ ഭാഗമായി WSSS ന്റെ ആന്തരിക നിയന്ത്രണ സംവിധാനം, കൃഷിയിടങ്ങൾ എന്നിവ പരിശോധിക്കുന്നതിന് അന്താരാഷ്ട്ര സർട്ടിഫിക്കേഷൻ ഏജൻസിയായ LACON ഇന്റർനാഷണൽ ഇൻസ്പെക്ഷൻ നടത്തി. ഈ വർഷത്തെ പരിശോധന പൂർത്തീകരിച്ചപ്പോൾ 2343 കർഷകരാണ് ഈ പദ്ധതിയിൽ അംഗങ്ങളായി നിലകൊള്ളുന്നത്. ഇതിൽ 620 പേർക്ക് സർട്ടിഫൈഡ് ജൈവ കർഷകർ എന്ന പദവി ലഭിച്ചു. ബാക്കിയുള്ളവർ പരിവർത്തന കാലത്തിലുള്ള കർഷകരാണ്.

**ബോർഡുകൾ സ്ഥാപിച്ചു**

ജൈവകൃഷി വ്യാപന പദ്ധതിയുടെ ഭാഗമായി WSSS ന്റെ നിയന്ത്രണത്തിൽ വരുന്ന 75 ഗ്രാമങ്ങളിലും 'ജൈവകൃഷി പ്രദേശം' (Organic Zone) എന്ന് രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിച്ചു.

**തൈകൾ വിൽപ്പനയ്ക്ക്**

നിയന്ത്രിത കൃഷി സംവിധാനം ഉപയോഗിച്ച് അത്യുല്പ്പാദന ശേഷിയുള്ള പച്ചക്കറി തൈകൾ കർഷകർക്കായി WSSS തയ്യാറാക്കിയിരിക്കുന്നു. തക്കാളി, വഴുതന, മുളക്, വെണ്ട എന്നിവയുടെ ഇൻഡോ-അമേരിക്കൻ ഹൈബ്രിഡ് തൈകൾ 100 എണ്ണത്തിന് (1 ട്രെ) 150 രൂപയാണ് വില. ആവശ്യമുള്ള കർഷകർ WSSS ഓഫീസുമായി ബന്ധപ്പെടുക.

**കോഴികുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്**

നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ (മുട്ട കോഴി) ബോയ്സ് ടൗണിലെ ഫാമിൽ വിതരണം നടത്തിവരുന്നു. SWS അംഗങ്ങൾക്ക് 60 രൂപയും. അല്ലാത്തവർക്ക് 65 രൂപയും ആണ് 1 കോഴികുഞ്ഞിന്റെ വില. ആവശ്യമുള്ളവർ WSSS ഓഫീസിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം.

**ഫ്ളോ സെർട്ട് വാർഷിക പരിശോധന നടത്തി**

ചെറുകിട കാർഷിക കുടുംബങ്ങളുടെ സാമ്പത്തിക സുരക്ഷിതത്വം പൂർണ്ണമായും ആശ്രയിച്ചിരിക്കുന്നത് കാർഷികോല്പ്പന്നങ്ങളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലിലാണ്. ചെറുകിട മലയോര മേഖലയിലെ കർഷകരുടെ പ്രധാന ആശ്രയമായ നാണ്യവിളകളുടെ വിലയാകട്ടെ ആഗോളവിപണിയുമായി ബന്ധപ്പെട്ടുകിടക്കുകയും ചെയ്യുന്നു. ഉൽപ്പാദന ചിലവിനോ, ജീവിത ചിലവിനോ ആനുപാതികമായ പ്രതിഫലം ലഭിക്കാതെ ഉല്പ്പന്നങ്ങൾ വിൽക്കാൻ കർഷകർ നിർബന്ധിതരാകുന്നു. മോഹവിലകൾക്കും പൊടുന്നനെയുള്ള തകർച്ചകൾക്കും

അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനങ്ങൾക്കും കാർഷിക വിളകളിൽ പടർന്നുപിടിക്കുന്ന രോഗകീടങ്ങൾക്കുമിടയിൽ അനിശ്ചിതത്വത്തിലാണ് കർഷകരുടെ ഭാവി. മൂന്നാം ലോകരാഷ്ട്രങ്ങളിലെ കർഷകരുടെ ഈ അവസ്ഥ ഒട്ടും നീതീകരിക്കാവുന്നതല്ലെന്നുള്ള വിശ്വാസം ഇന്ന് ആഗോളതലത്തിൽ ബലപ്പെട്ടു വരികയാണ്. അന്താരാഷ്ട്ര വിപണിയെ കൂടുതൽ നീതിയുക്തമായി പുനഃസംഘടിപ്പിക്കണമെന്നുള്ള ആവശ്യം ഇന്ന് വികസിത രാജ്യങ്ങളിൽ തന്നെ ഉയർന്നു കഴിഞ്ഞു. കൂടാതെ ചെറുകിട കർഷകരിൽ നിന്ന് തങ്ങൾ വാങ്ങുന്ന ഉല്പ്പന്നങ്ങൾക്ക് പിന്നിലെ മനുഷ്യാധ്വാനത്തിനും മുതൽ മുടക്കിനും അർഹിക്കുന്ന പ്രതിഫലം കൊടുക്കുവാൻ പ്രതിജ്ഞാബദ്ധരായവരുടെ വിവിധ വാണിജ്യ സംരംഭങ്ങളും വികസിത രാജ്യങ്ങളിൽ സജീവമായി വരികയാണ്. ഇത്തരം സംഘടനകളുടെ കൂട്ടായ്മയാണ് 'ഫെയർട്രേഡ്' എന്ന പേരിൽ 1950 തുകളിൽ ആരംഭിച്ച് ജർമ്മനിയിലെ ബോൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന സംഘടന ഇന്ന് ആഗോളവ്യാപകമായി ശ്രദ്ധ പിടിച്ചു പറ്റി.

ചെറുകിട കർഷക കൂട്ടായ്മകളിൽ നിന്നും ഉല്പ്പാദനചെലവിന് ആനുപാതികമായി മുൻകൂട്ടി നിശ്ചയിച്ച വില നൽകി ശേഖരിക്കുന്ന ഉൽപ്പന്നങ്ങൾ ഫെയർട്രേഡ് കൗണ്ടറുകളും ഷോപ്പുകളും വഴി ഉപഭോക്താക്കളിൽ എത്തിക്കുന്ന സംവിധാനമാണിത്. ഉൽപ്പന്നങ്ങൾ പരമാവധി ചൂഷണരഹിതമായിരിക്കണമെന്ന് ആഗ്രഹിക്കുന്ന ഉപഭോക്താക്കളാണ് ഫെയർട്രേഡ് ഉൽപ്പന്നങ്ങൾ വാങ്ങുന്നത്. ഉൽപ്പാദകനും ഉപഭോക്താവിനും ഇടയിൽ വ്യാപാര കണ്ണികളുടെ എണ്ണം പരമാവധി കുറയ്ക്കാൻ ഫെയർട്രേഡ് ശ്രമിക്കുന്നു. ഇത് ഉല്പ്പാദകർക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ മേൽ കൂടുതൽ നിയന്ത്രണം ഉണ്ടാക്കുന്നതിനും ഉൽപ്പങ്ങളുടെ വില ഇടനിലക്കാർക്കിടയിൽ നഷ്ടപ്പെടാതെ പരമാവതി ഉൽപ്പാദകന് ലഭിക്കാനും കൂടിയാണ്.

### WSSS ഓർഗ്ഗാനിക്ക് ഫെയർട്രേഡ് ഫാർമേഴ്സ് അസോസിയേഷൻ (Woffa – വോഫാ):

കഴിഞ്ഞ എട്ട് വർഷമായി വയനാട് ജില്ലയിലെ അംഗീകൃത ജൈവകാർഷിക ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് വിലയേക്കാൾ അധിക വില കർഷകർക്ക് നൽകി വരുന്ന സംഘടനയാണ് WSSS. വയനാട്ടിലെ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ സാമൂഹ്യരംഗത്ത് നമുക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ – മാന്യമായ കൂലി, തൊഴിലവസരങ്ങൾ, ആരോഗ്യ –വിദ്യാഭ്യാസ മേഖലകളിലെ പുരോഗതി തുടങ്ങിയവ നിലനിർത്തുന്നതിന് നമ്മുടെ കാർഷിക – ചെറുകിട ഉൽപ്പന്നങ്ങൾക്ക് ന്യായ വില

നിലനിർത്തേണ്ടതാണെന്ന് സംഘടന വിശ്വസിക്കുന്നു. വയനാട്ടിലെ വിവിധ ഗ്രാമങ്ങളിലായി 2500 ഓളം ജൈവകർഷകർ WSSS ജൈവ സർട്ടിഫിക്കേഷൻ പദ്ധതിയിൽ അംഗങ്ങളാണ്. അന്താരാഷ്ട്ര ജൈവ സർട്ടിഫിക്കേഷൻ ഏജൻസികളിൽ നിന്നും സർട്ടിഫിക്കറ്റ് നേടികൊടുക്കുന്നതോടൊപ്പം നിരവധി ഉൽപ്പന്നങ്ങൾ മൂല്യ വർദ്ധനവ് നടത്തി ഉയർന്ന വിലയിൽ വിപണനം നടത്തുന്നതിനുള്ള സംസ്കരണ സംവിധാനങ്ങളും ഒരുക്കി വരികയാണ്. ഇത്തരം സംരംഭങ്ങളിൽ കർഷകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് WSSS തീർത്തും ജനാധിപത്യ രീതിയിൽ രൂപപ്പെടുത്തി തിരഞ്ഞെടുത്തിട്ടുള്ള കർഷക പ്രതിനിധികളുടെ സംഘടനയാണ് WSSS ഓർഗ്ഗാനിക്ക് ഫെയർട്രേഡ് ഫാർമേഴ്സ് അസോസിയേഷൻ. വൊഫാ എന്ന ചുരുക്ക പേരിൽ ചാരിറ്റബിൾ സൊസൈറ്റി നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘടനയാണിത്. WSSS ലെ ജൈവസർട്ടിഫിക്കേഷൻ പദ്ധതിയിൽ അംഗങ്ങളായ 500 ഓളം കർഷകർ ഇതിലെ അംഗങ്ങളായിട്ടുണ്ട്.

അന്താരാഷ്ട്ര ഫെയർട്രേഡ് സർട്ടിഫിക്കേഷൻ നടപടികളുടെ ഭാഗമായ കൃഷിയിട പരിശോധനയും സംഘടനയുടെ മറ്റ് പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി ജർമ്മനിയിലെ ഫ്ളോസേർട്ട് ഏജൻസിയിൽ നിന്നും ശ്രീ. സൂരജ്, ശ്രീ. ദിനേശ് കുൽക്കർണി എന്നിവർ കഴിഞ്ഞ നവംബർ മാസം 29, 30 ഡിസംബർ 1 തീയതികളിൽ സന്ദർശനം നടത്തി. പരിശോധനയുടെ ഭാഗമായി ചെറുകാട്ടൂർ, പുൽപ്പള്ളി, പഴൂർ, കുളത്തുവയൽ, കല്ലോടി തുടങ്ങിയ സ്ഥലങ്ങളിൽ വച്ചു കർഷകരുടെ യോഗം വിളിച്ചുചേർത്തിരുന്നു. കൂടാതെ ഓഫീസിൽ വെച്ചു നടന്ന യോഗത്തിൽ സംഘം ചെയർമാൻ റവ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴ, വൈസ് ചെയർമാൻ ശ്രീ. ചാക്കോ, സെക്രട്ടറി ശ്രീ. സണ്ണി മൂലക്കര, ശ്രീ. സാബു, ശ്രീ. ലൂക്കോസ്, ശ്രീ. ശശീന്ദ്രൻ, ശ്രീ. ജോസ്. പി. എ. എന്നിവർ പങ്കെടുത്തു. വാർഷിക പരിശോധനയ്ക്കുവേണ്ട ക്രമീകരണങ്ങൾക്ക് കോ-ഓഡിനേറ്റർ ശ്രീ. മാർട്ടിൻ ഫീൽഡ് ഓഫീസർമാരായ ശ്രീ. ജോൺസൻ. പി. വി., ശ്രീ. ബെന്നി, ശ്രീ. എൽദോ, ശ്രീ. ജോഷി, ശ്രീമതി സുജാ ജോയി തുടങ്ങിയവർ നേതൃത്വം നൽകുകയും ചെയ്തു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ഡയറക്ടർ, WSSS മാനന്തവാടി

# മേരിമാതാ ആർട്സ് & സയൻസ് കോളേജ്

**സ്ത്രീധന വിരുദ്ധദിനാചരണം**

വയനാട് ജില്ലാ സാമൂഹ്യക്ഷേമ വകുപ്പ് സംഘടിപ്പിച്ച സ്ത്രീധന വിരുദ്ധദിനാചരണം നവംബർ 20–ന് കോളേജ് ഓഡിയോ വിഷ്വൽ ഹാളിൽ ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻ ശ്രീ. കെ.എൽ. പൗലോസ് ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അബ്ദുൾ അഷറഫ്, പഴശ്ശിസ്മാരക ഗ്രന്ഥാലയം പ്രസിഡന്റ് ശ്രീ. അൻവർ സാദത്ത്, ശിശുവികസന പദ്ധതി ഓഫീസർമാരായ ശ്രീമതി ഡാർലി പോൾ, ശ്രീമതി പുഷ്പവല്ലി എന്നിവർ പ്രസംഗിച്ചു. കോളജ് യൂണിയൻ ചെയർമാൻ ശ്രീ. റിത്വിക് പ്രിയേഴ്സ് സ്ത്രീധനം വാങ്ങില്ലെന്ന പ്രതിജ്ഞ വിദ്യാർത്ഥികൾക്ക് ചൊല്ലിക്കൊടുത്തു. പ്രിൻസിപ്പാൾ ഡോ. രാജുജോർജ് സ്വാഗതവും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ ശ്രീ. കെ. വിലാസ്നാഥൻ നന്ദിയും പറഞ്ഞു. വിഷയവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി പ്രദർശനവും അഡ്വ.ശ്രീ. വേണുഗോപാലിന്റെ ക്ലാസും നടന്നു.

**ബഹുമാനപ്പെട്ട വിദ്യാഭ്യാസ സാംസ്കാരിക മന്ത്രിയോട് ഒരു മലയാളം മാഷിന്റെ അഭ്യർത്ഥന**

ഡി.സി. ബുക്സ് പ്രസിദ്ധീകരണമായ "പച്ചക്കുതിര"മാസികയുടെ നവംബർ മാസം പതിപ്പിൽ കോളേജിലെ മലയാള വിഭാഗം തലവൻ ഡോ.ജോസഫ് കെ.ജോബ് എഴുതിയ മലയാളത്തിന്റെ പദവികൾ എന്ന പ്രൗഢഗംഭീരമായ ലേഖനം അച്ചടിച്ചുവന്നു. "മലയാളത്തിന് ക്ലാസിക്കൽ പദവി വേണമെന്ന് പറയാൻ മലയാളികൾക്കോ കേരള ഭരണകൂടത്തിനോ നയരൂപീകരണം നടത്തുന്നവർക്കോ യാതൊരു ധാർമ്മിക അവകാശവുമില്ല" എന്ന് ലേഖകൻ. "നമ്മളാൽ കഴിയുന്നതൊന്നും നമ്മുടെ ഭാഷയ്ക്ക് വേണ്ടി ചെയ്യാതെ മറ്റുള്ളവർ നമ്മുടെ ഭാഷയ്ക്ക് പദവികൾ കൊടുത്ത് ആദരിക്കണമെന്ന് ആവശ്യപ്പെടുന്നത് വങ്കത്തരമാണ്." കാലാവധി അവസാനിക്കുന്നതിനുമുമ്പ് മലയാളഭാഷയുടെ ഒന്നാം ഭാഷാപദവിയും, വിദ്യാലയങ്ങളിൽ മാതൃഭാഷാപഠനം നിർബന്ധിതമാക്കുന്നതിനുള്ള നടപടിക്രമങ്ങളും സ്വീകരിക്കാൻ സർക്കാരിന് കഴിയുമോ എന്നും ലേഖകൻ ചോദിക്കുന്നു.

## Zoofest 2010

ഡിസംബർ ഒന്നാംതീയതി ജന്തുശാസ്ത്ര വിഭാഗം നടത്തിയ Zoofest 2010 ൽ ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള ആയിരത്തോളം കുട്ടികൾ പങ്കെടുത്തു. ഡോ.സ്വാമിനാഥൻ റിസേർച്ച് ഫൗണ്ടേഷനിലെ ശാസ്ത്രജ്ഞൻ ശ്രീ. ശിവൻ പി.വി. ജീവശാസ്ത്രമേള ഉദ്ഘാടനം ചെയ്ത് ജൈവവൈവിധ്യത്തിന്റെ പരിപാലനത്തെപ്പറ്റി ക്ലാസെടുത്തു. സ്പെസിമൻ എക്സിബിഷൻ ഫാ. ഫ്രാൻസീസ് ഞള്ളമ്പുഴയും ഫോട്ടോ എക്സിബിഷൻ ഡോ.രാജീവ് തോമസും ഉദ്ഘാടനം ചെയ്തു. മിസ് മേരി നിർമ്മല ബോർജിയ ക്വിസ് മത്സരത്തിന് നേതൃത്വം നൽകി.

## ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

ദേശീയ ന്യൂനപക്ഷ കാര്യവകുപ്പിൽ നിന്നയച്ച നാഷണൽ ലവൽ മോണിട്ടർ ശ്രീ. സി. മുത്തുവേലു കോളേജ് സന്ദർശിച്ച് ന്യൂനപക്ഷ വിദ്യാർത്ഥികളെ നേരിൽകണ്ട് സംസാരിച്ചു. കഴിഞ്ഞ രണ്ടുവർഷങ്ങളിലായി 257 ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കേന്ദ്രഗവൺമെന്റ് ഏർപ്പെടുത്തിയ സ്കോളർഷിപ്പ് ലഭിച്ചു. കെമിസ്ട്രി വിദ്യാർത്ഥി മിസ് സ്വാതി ബേബിക്ക് കേരള ഗവൺമെന്റ് ഏർപ്പെടുത്തിയ 10,000 രൂപയുടെ ഗോൾഡൻ ജൂബിലി സ്കോളർഷിപ്പും, ശ്രീ. ശരത് ശശിക്ക് കേരള ഹയർ എജ്യുക്കേഷൻ കൗൺസിൽ ഏർപ്പെടുത്തിയ സ്കോളർഷിപ്പും ലഭിച്ചു.

## യൂണിവേഴ്സിറ്റി പരീക്ഷകൾ

ഒന്നും മൂന്നും സെമസ്റ്ററുകൾക്കുള്ള കണ്ണൂർ യൂണിവേഴ്സിറ്റി പരീക്ഷകൾ കഴിഞ്ഞ് രണ്ടും നാലും സെമസ്റ്റർ ക്ലാസ്സുകൾ യഥാക്രമം ഡിസംബർ 13 നും 8 നും ആരംഭിച്ചു. നിർത്തിവച്ച മാനന്തവാടിയിലെ യൂണിവേഴ്സിറ്റി കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് സെന്റർ പുനസ്ഥാപിക്കുന്നതിനായി ഇംഗ്ലീഷ് അധ്യാപകർ യൂണിവേഴ്സിറ്റി അധികൃതർക്ക് നിവേദനം നൽകി.

## ബോർഡ് ഓഫ് സ്റ്റഡീസ് പുനസംഘടിപ്പിച്ചു

കണ്ണൂർ യൂണിവേഴ്സിറ്റി വിവിധപഠന വകുപ്പുകളിലേയ്ക്കുള്ള ബോർഡ് ഓഫ് സ്റ്റഡീസ് പുന:സംഘടിപ്പിച്ചു. വിവിധ ബോർഡുകളിൽ അംഗങ്ങളായ അധ്യാപകരുടെ പേരുവിവരം.

i. ഡോ. രാജു ജോർജ് (ഫംങ്ഷണൽ ഇംഗ്ലീഷ്)
ii. ഡോ. ജോസഫ് കെ.ജോസ് (മലയാളം)
iii. ഡോ. രാജീവ് തോമസ് (സയൻസ് ഫാക്കൽറ്റി)
iv. മരിയ മാർട്ടിൻ (കായികവിഭാഗം, കോഴിക്കോട് വാഴ്സിറ്റി)

v. ഡോ. പ്രസാദൻ പി.കെ.(സുവോളജി)
vi. ഡോ. സുധാദേവി എ. ആർ. (അക്കാദമിക് കൗൺസിൽ + സെനറ്റ്)
vii. ശ്രീ. ഷാജു പി.പി. (ജേണലിസം + കമ്മ്യൂണിക്കേഷൻ ഫാക്കൽറ്റി)
viii. ശ്രീ. തോമസ് മോണോത് (കംമ്പ്യൂട്ടർ സയൻസ് + ഇൻഫർമേഷൻ ടെക്നോളജി)
ix. ഡോ. സി. ജർമീന കെ.എ. (ഡോക്ടറൽ കമ്മറ്റി)

**പ്രകൃതി പഠനക്യാമ്പ്**

വയനാട് വന്യജീവി സംരക്ഷക കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ 40 നാഷണൽ സർവ്വീസ് സ്കീം വാളണ്ടിയർമാരും ആറ് അധ്യാപകരും ഡിസംബർ 4,5 തീയതികളിൽ തോൽപ്പെട്ടി റെയ്ഞ്ചിൽ വച്ചു നടന്ന പ്രകൃതി പഠനക്യാമ്പിൽ പങ്കെടുത്തു. മിസ്. പാമി സെബാസ്റ്റ്യൻ കോർഡിനേറ്റ് ചെയ്തു.

**മാർ ജോർജ്ജ് ഞരളക്കാട്ട് എൻഡോവ്മെന്റ്**

തിരുനെല്ലിക്കടുത്തുള്ള അപ്പപ്പാറ ആരാധന സന്യാസിനി സമൂഹവുമായി സഹകരിച്ചു നടത്തുന്ന ട്രൈബൽ സ്ത്രീകൾക്കുള്ള തൊഴിൽ പരിശീലനകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിദ്യാർത്ഥി - അധ്യാപക പ്രതിനിധികൾ സന്ദർശിച്ച് സെന്ററിന്റെ പ്രവർത്തനം നിരീക്ഷിച്ചു വിലയിരുത്തുകയും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

**യു.ജി.സി. യുമായി അഭിമുഖം**

XI -ാം പദ്ധതികാലത്ത് കോളജുകൾക്കുള്ള ധനസഹായ പരിഗണനക്കായി ബാംഗ്ലൂരിൽ നവംബർ 21-ന് യു.ജി.സി. വിളിച്ചുകൂട്ടിയ അഭിമുഖത്തിൽ പ്രിൻസിപ്പൽ ഡോ.രാജു ജോർജ്, ബർസാർ ഫാ. ബിജു തുരുത്തേൽ, IQAC കോഡിനേറ്റർ ഡോ. മരിയ മാർട്ടിൻ ജോസഫ്, ഓഫീസ് സൂപ്രണ്ട് ശ്രീ. ജോസ് ചെറിയാൻ എന്നിവർ പങ്കെടുത്തു.

**കരിയർ പ്ലാനിംഗ് വർക്ക്ഷോപ്പ്**

DC School of Communications സ്പോൺസർ ചെയ്ത കാമ്പസ് ലീഡേഴ്സ് ഫണ്ട് (HUNT) മൂന്നാംവർഷ വിദ്യാർത്ഥികൾക്കായി ഡിസംബർ ആറിന് കോളേജ് ഓഡിയോ വിഷൽഹാളിൽ ശ്രീ. ജയഗോപാലിന്റെ നേതൃത്വത്തിൽ നടന്നു.

**ചാവറ തീർത്ഥാടനകേന്ദ്രം**

ഇംഗ്ലീഷ് വിഭാഗം അധ്യാപകൻ ഫാ.ഫ്രാൻസീസ് ഞള്ളമ്പുഴ സി.എം.ഐ. പണികഴിപ്പിച്ച എടയൂർക്കുന്ന് തീർത്ഥാടനകേന്ദ്രം മാധ്യമശ്രദ്ധ പിടിച്ചുപറ്റി. ഈ ദേവാലയത്തെക്കുറിച്ചുള്ള വാർത്തകൾ വർത്ത

മാനപത്രങ്ങളിലും ടെലിവിഷനിലും ഈയിടെ സ്ഥാനംപിടിക്കുകയുണ്ടായി. ചരിത്രപ്രസിദ്ധമായ തിരുനെല്ലി, തൃശിലേരി അമ്പലങ്ങൾക്ക് നടുവിലായി പണിതീർത്ത ഈ ദേവാലയത്തിന്റെ തദ്ദേശീയ നിർമ്മാണ രീതിയാണ് മാധ്യമങ്ങൾക്ക് താൽപര്യമായത്.

**കൗൺസലിംഗ്**

മിസ് നിമ്മി വി. ജോയ് MSW ഫുൾടൈം പ്രൊഫഷണൽ കൗൺസിലറായി നിയമിക്കപ്പെട്ടു.

**ട്രക്കിംങ്**

ഡിസംബർ 17-ന് 75 NCC കേഡറ്റ്സ് ലഫ് ഡോ. രാജീവ് തോമസുമൊത്ത് പക്ഷിപാതാളത്തിലേക്ക് ട്രക്കിംങിന് പോയി.

**പക്ഷിനീരീക്ഷണം**

ഡോ. സലീം ആലിയുടെ ജന്മദിനത്തിൽ യൂണിവേഴ്സിറ്റി ക്യാമ്പസുമായി ചേർന്ന് നമ്മുടെ വിദ്യാർത്ഥികൾ തോൽപ്പെട്ടി വനത്തിൽ 200 ഓളം വിവിധയിനം പക്ഷികളുടെ നിരീക്ഷണം നടത്തി.

**മനുഷ്യാവകാശ ദിനാചരണം**

പൊളിറ്റിക്കൽ സയൻസ് വിഭാഗവും താലൂക്ക് ലീഗൽ സർവ്വീസ് സൊസൈറ്റിയും കൂടിചേർന്ന് കോളജ് യൂണിയൻ ഡിസംബർ 10-ന് മനുഷ്യാവകാശ ദിനാചരണം നടത്തി. അനുബന്ധ സെമിനാറിൽ അഡ്വ. എം. വേണുഗോപാൽ ക്ലാസെടുത്തു. ഫാ. സിബിച്ചൻ വിഷയാവതരണം നടത്തി. ചെയർമാൻ റിത്വിക് പ്രിയേഴ്സ് നന്ദി പറഞ്ഞു.

**എൻഡോ സൾഫാൻ നിരോധനത്തിനായ്**

ആഗോള കീടനാശിനി വിരുദ്ധവാരാ (ഡിസംബർ 3-10-2010) ചരണത്തിന്റെ ഭാഗമായി നടന്ന ബോധവൽക്കരണ റാലിയിൽ കോളേജിലെ രണ്ടാംവർഷ കെമിസ്ട്രി, മാത്സ് വിദ്യാർത്ഥികൾ പങ്കെടുത്തു.

**വനിതാ ഹോസ്റ്റൽ**

യു.ജി.സി. ധനസഹായം ലഭിച്ച വനിതാ ഹോസ്റ്റലിന്റെ നിർമ്മാണം അവസാനഘട്ടത്തിലേക്ക് കടന്നു. അടുത്ത അധ്യയന വർഷാരംഭത്തോടെ യു.ജി.സി. നിബന്ധനകൾക്കു വിധേയമായി ഹോസ്റ്റൽ പ്രവർത്തിച്ചു തുടങ്ങും.

**NSS സ്പെഷ്യൽ ക്യാമ്പ്**

ഈ വർഷത്തെ നാഷനൽ സർവ്വീസ് സ്കീം വോളണ്ടിയർമാർക്കുള്ള സ്പെഷ്യൽ ക്യാമ്പ് ഡിസംബർ 23-ാം തീയതി വള്ളിയൂർക്കാവ് നെഹ്റു മെമ്മോറിയൽ യു.പി.സ്കൂളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഗ്ലാഡിസ് ചെറിയാൻ ഉത്ഘാടനം ചെയ്തു. ഫാ.

ഫ്രാൻസീസ് ഞള്ളമ്പുഴയും മിസ് പാമി സെബാസ്റ്റ്യനും കോഡിനേറ്റ് ചെയ്തു.

## NCC Camp

തലശ്ശേരിയിൽ വച്ച് ഡിസംബർ 21 മുതൽ നടക്കുന്ന ഈ വർഷത്തെ ആന്വൽ ട്രെയിനിംഗ് ക്യാമ്പിൽ 40 NCC കേഡറ്റുകൾ പങ്കെടുത്തു. ലഫ്.ഡോ. രാജീവ് തോമസ് കോർഡിനേറ്റ് ചെയ്തു.

## നാഷണൽ ലവൽ റീ അക്രഡിറ്റേഷൻ

റവ.ഫാ. റോബിൻ വടക്കുംചേരിൽ മാനേജർ ക്രിസ്തുമസ് സന്ദേശം നൽകുകയും റീ അക്രഡിറ്റേഷൻ തയ്യാറെടുപ്പുകൾ അവലോകനം ചെയ്യുകയും ചെയ്തു. അക്രഡിറ്റേഷൻ തയ്യാറെടുപ്പുകൾക്ക് മേൽനോട്ടം കൊടുക്കാനായി അഞ്ച് അംഗങ്ങളുള്ള കോർ കമ്മറ്റി ചാർജെടുത്തു. ഡോ.മരിയ മാർട്ടിൻ (കോഡിനേറ്റർ), ഡോ. ജോസഫ് കെ.ജെ., മിസ് ഗീതാ ആന്റണി, ശ്രീ. ബിജു ജോസഫ്, ശ്രീ. ജോർജ് തോമസ് (അംഗങ്ങൾ)

**Dr. Raju George**
Principal



# അറിയിപ്പുകൾ

### 1) വിശ്വാസതീർത്ഥം (Cosmo Pilgrimage) 12-ാം വർഷത്തിലേയ്ക്ക്

Cosmo Pilgrimage -ന്റെ 2011 -ാം ആണ്ടിലെ വിശുദ്ധനാട് സന്ദർശനം.

1. 2011 ഏപ്രിൽ - ഇസ്രായേൽ, ഈജിപ്ത്, ജോർദ്ദാൻ, പാലസ്തീന നാടുകളിലേയ്ക്ക്.

2. 2011 സെപ്റ്റംബർ, ഒക്ടോബർ - പാരീസ്, ലൂർദ്ദ്, അവിഞ്ഞോൺ, മിലാൻ, വെനീസ്, പാദുവ, അസ്സീസി, വത്തിക്കാൻ, റോം തുടങ്ങിയ പുണ്യസ്ഥലങ്ങളിലേയ്ക്ക്

താല്പര്യമുള്ളവർ ഉടൻ ബന്ധപ്പെടുക:-

Rev. Fr. Vincent Pudussery
St.Joseph's Church, Rippon P.O., Wayanad - 673577
Phone : 09562796505, 09388431601
Land : 04936-280757
Email : vincentpudussery@gmail.com
Web : www.cosmopilgrimage.com

■

### 2) Divine Institute of Bible & Spirituality

One year residential course - English

For Priests / Religious / Lay persons

"Your Word is a lamp to my feet and a light to my path" (Ps.119:105)

July 30, 2011 - March 23, 2012

Course Director - Rev. Fr. Babu Antony Vadakkekara VC
Divine Retreat Centre
Muringoor, Chalakudy - 680 316, Kerala, India
Ph: 0480-2708098, 2708193, Fax : 0480-2708097; 2706913

Email : babuachanvc@gmail.com, website: www.drcm.org

*".... Do you understand what you are reading? He replied, 'How can I, unless someane guides me..?" (Act. 8:30-31)*

- Here is an opportunity to study and understand the Sacred scripture- A spiritual journey through all the books of the Bible, from Genesis to Revelation, in an atmosphere of prayer and personal reflection.
- Renowned Bible Scholars unravel the mysteries contained in the Bible and their relevance for today.
- Discussion of major theological subjects, current social and moral issues and topics of practical nature for a better Christian living etc., under the guidance of eminent theologians and experts.
- The Course is offered to priests, Religious and Lay Persons in view of their spiritual growth and ministry.

## Highlights

- The course commences on July 30, 2011 at 5.00 p.m. with one week retreat and concludes on March 23, 2012.
- Morning and evening prayers, daily Eucharistic celebration, confession and monthly recollection.
- Music ministry
- Audio - visuals and Films on Biblical and Theological Themes
- Outreach Program
- Special training in Family Counseling, Personality development and in Christian leadership
- Group Discussion, debate cultural evenings, presentation of seminar papers, etc.
- Two weeks holidays for Christmas

**Academic qualification of the Participants : +2 or its equivalent and above. Knowledge of English language is essential. Age limit : Between 20-60**

Course fee : Rs. 17,000/-
(Including boarding and lodging)
payable on arrival.

Reg. Fee: Rs. 500/-
(M.O. or D.D. drawn in favor of Fr. Babu Vadakkekara VC, Director, Divine Institute of Bible & Spirituality, DRC, Muringoor) to be sent along with the application



# *Programme*

## PASTORAL CENTRE, DWARAKA

### *January - 2011*

| | | |
|---|---|---|
| *01 Sat* | - | *Zion CRC : Prayer Day, Christeen Prayer Day,* |
| *02 Sun* | - | *KCYM Secretariat / Syndicate* |
| *07 Fri* | - | *CML : Executive* |
| *08 Sat* | - | *Jesus Youth : Prayer Day, Catechism : HM PP Conference* |
| *08 Sat* | - | *Joint Meeting of CMA Executive & Women's Commission* |
| *08 Sat -09 Sun* | - | *KCYM : Annual Senate & Election* |
| *11 Tue* | - | *Marian Singles* |
| *14 Fri -17 Mon* | - | *Marriage Preparation Course* |
| *14 Fri -15 Sat* | - | *KST Meeting* |
| *16 Sun* | - | *KCYM : Joint Syndicate* |
| *25 Tue* | - | *CML : Executive & Team Meeting* |
| *26 Wed* | - | *CML : Family Gathering* |
| *27 Thu -30 Sun* | - | *Marriage Preparation Course* |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## *2011 January*

| | | |
|---|---|---|
| *1 Sat* | *.............* | *Out of Station* |
| *2 Sun* | *.............* | *Marakav : Pastoral Visit* |
| *3 Mon* | *............* | *Kottiyoor : Ordination of Dn. Jacob Vathalloor Schoenstatt* |
| *4 Tue* | *...........* | *Vanjode : Ordination of Dn. Shinoj Aranjaniyil Schoenstatt* |
| | *Noon* | *SKD Generalate, 80th Birthday Celebration of Mar Jacob Thoomkuzhy* |
| *5 Wed* | *............* | *Chennalode : Ordination of Dn. Sebastian Paikkatt V.C..* |
| *6 Thu* | *.............* | *New Priests' reception at the Bishop's House* |
| *7 Fri* | *.............* | *Out of Station* |
| *8 Sat* | *Morning* | *Kelakam : Blessing of Sunday School* |
| | *Afternoon* | *Kayyunny : SH School Anniversary* |
| *9 Sun 15 Sat* | *...* | *Mount St. Thomas : Syro Malabar Bishop's Synod* |
| *16 Sun 23 Sun* | *...* | *Bangalore : International Theological Meeting* |
| *24 Mon* | *............* | *Velloonny : Ordination of Dn. Stephen Vattodi OSB* |
| *25 Tue* | *...............* | *Out of Station* |
| *26 Wed* | *..........* | *Visitors' Day* |
| *27 Thu 28 Fri* | *...* | *Out of Station* |

| | | |
|---|---|---|
| 29 Sat | .............. | Minor Seminary : Parents' Day |
| 30 Sun | ............ | Marutha : Pastoral Visit |
| 31 Mon | ............ | Manimooly |

## 2011 February

| | | |
|---|---|---|
| 1 Tue | .............. | Engaged |
| 2 Wed | .............. | Dwaraka : Priests' Conference |
| 3 Thu | .............. | Payyampally : Sent off meeting of Teachers |
| 4 Fri | .............. | Out of Station |
| 5 Sat | .............. | Thalanji : Chapel Blessing |
| 6 Sun | .............. | Ruby Nagar : Conclusion of Parish Jubilee |
| 7 Mon | .............. | Ernakulam : POC |
| 8 Tue10 Thu | ..... | Aluva : Seminary Commission |
| 11 Fri | .............. | Out of Station |
| 12 Sat | .............. | Dwaraka : Pastoral Council |
| 13 Sun | .............. | Marakadavu : Pastoral Visit |
| 14 Mon | .............. | Engaged |
| 15 Tue16 Wed | ... | Kunnoth : Seminary Commisssion |
| 17 Thu 18 Fri | ... | Out of Station |
| 19 Sat | .............. | Engaged |
| 20 Sun | .............. | Morning : Ambalavayal : Blessing of Chapel |
| | Afternoon | Vakery : Blessing of Cemetary |
| 21 Mon | .............. | Visitors' Day |
| 23 Wed | .............. | Visitors' Day |
| 24 Thu | .............. | Engaged |
| 25 Fri | .............. | Out of Station |
| 26 Sat | Morning | Vincentgiri |
| | Afternoon | Mullenkolly : Pastoral Visit |
| 27 Sun | .............. | Mullenkolly : Pastoral Visit |
| 28 Mon | .............. | Visitors' Day |

**Supplement to the Mananthavady Roopatha Bulletin**
**Vol. 02, 2011 January - No. 1**

# 2011 ജനുവരി 15 കർഷകദിനം

സ്നേഹമുള്ള സഹോദരീ സഹോദരങ്ങളേ,

ജനുവരി 15 കർഷകദിനമായി കേരളസഭ ആചരിക്കുകയാണല്ലോ. കൃഷിയുടെ പ്രാധാന്യവും മഹത്വവും കൂടുതൽ ആഴത്തിൽ മനസ്സിലാക്കുവാനും നമ്മുടെ രാജ്യത്ത് വർഷങ്ങളായി നിലനിന്നുപോന്നതും എന്നാൽ സാവധാനത്തിൽ നമുക്ക് കൈമോശം വന്നുകൊണ്ടിരിക്കുന്നതുമായ കാർഷിക സംസ്കാരത്തിന്റെ നന്മകൾ തിരിച്ചുപിടിക്കുവാനുമുള്ള അവസരമായി ഈ കർഷകദിനാചരണം നാം പ്രയോജനപ്പെടുത്തണം.

ഇന്ന് കൃഷിയോടുള്ള താത്പര്യവും ആഭിമുഖ്യവും കർഷകർക്കുതന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതു നമ്മുടെ നാടു നേരിടുന്ന ഗുരുതരമായ ഒരു പ്രശ്നമാണ്. പ്രകൃതിക്ഷോഭങ്ങളും വിളകളെ ബാധിക്കുന്ന നിരവധിയായ രോഗങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും തൊഴിലാളികളുടെ ലഭ്യതക്കുറവും താങ്ങാനാവാത്ത കൂലിച്ചെലവുകളും കാട്ടുമൃഗങ്ങളുടെ നിരന്തരമായ ശല്യങ്ങളും എല്ലാം ഇതിനു കാരണങ്ങളാണ്. കൃഷിക്കാരുടെ മക്കൾതന്നെ കൃഷിവിട്ടു മറ്റുമേഖലകളിലേക്ക് തിരിയാനാണ് ഇഷ്ടപ്പെടുന്നത്. തത്ഫലമായി ഒരു കാലത്ത് കനകം വിളഞ്ഞിരുന്ന കൃഷിഭൂമികൾ ഇന്നു പലയിടത്തും ഉപയോഗശൂന്യമായിക്കിടക്കുന്നത് ആരെയാണ് വേദനിപ്പിക്കാത്തത്? ഇത്തരം പ്രതിസന്ധികളെ അതിജീവിക്കാനുള്ള മാർഗ്ഗങ്ങളെപ്പറ്റി ഈ കർഷകദിനത്തിൽ നാം ഗൗരവമായി ചിന്തിക്കണം.

പരസ്പര പ്രോത്സാഹനവും പിൻബലവും നൽകുന്ന കൂട്ടായ പ്രവർത്തനങ്ങൾ കാർഷികമേഖലയിൽ ഇന്നു നാം നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കാൻ അത്യാവശ്യമാണ്. കർഷകസംഘടനകൾക്ക് ഈ രംഗത്ത് കാര്യമായ നേതൃത്വം നൽകാനാകും. സംഘടിത സമ്മർദ്ദങ്ങളും ബോധവത്ക്കരണ പരിപാടികളും ഇതിന്റെ ഭാഗമാണ്. ശാസ്ത്രീയകൃഷിരീതികളെ സംബന്ധിച്ച ക്ലാസ്സുകളും ചർച്ചകളും കുടുംബയൂണിറ്റ് ഇടവകാതലങ്ങളിൽ സംഘടിപ്പിക്കുകയും യുവതലമുറയിൽ കൃഷിയോടുള്ള താത്പര്യം സൃഷ്ടിക്കുകയും ചെയ്യണം. കൃഷിയെ ഒരു ഉപജീവനമാർഗ്ഗമായി മാത്രം കാണാതെ, മണ്ണിനെയും

പ്രകൃതിയെയും സ്നേഹിക്കാനും അതിലടങ്ങിയിരിക്കുന്ന ആദ്ധ്യാത്മികത മനസ്സിലാക്കാനും നമുക്കു കഴിയണം "നെറ്റിയിലെ വിയർപ്പു കൊണ്ട് ഭക്ഷിക്കുക" എന്ന തിരുവചനം പ്രധാനമായും കൃഷിയുമായി ബന്ധപ്പെട്ടതാണ്. "എനിക്കു വിശന്നു, നിങ്ങളെനിക്കു ഭക്ഷിക്കാൻ തന്നു" എന്ന യേശുവിന്റെ അനുഗ്രഹവചനങ്ങൾ കൃഷിയുടെ ആദ്ധ്യാത്മികതയിലേയ്ക്കു വിരൽ ചൂണ്ടുന്നതാണ്. ഏതുജീവിതാവസ്ഥയിലുള്ളവരായാലും ദിവസവും കുറച്ചുസമയമെങ്കിലും മണ്ണിനോടും പ്രകൃതിയോടും ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നതു സമൂഹത്തോടുള്ള നമ്മുടെ കടപ്പാടിന്റെ ഭാഗമാണ്.

ഭക്ഷണവസ്തുക്കളുടെ ഉൽപാദനത്തിനാണ് കർഷകർ മുൻഗണന നൽകേണ്ടത്. എന്നാൽ കുറച്ചുകാലങ്ങളായി സാമ്പത്തിക നേട്ടങ്ങൾക്കും ലാഭത്തിനും മുന്തിയ പ്രാധാന്യം നൽകിക്കൊണ്ട് കൃഷിയെ ഒരു വ്യാപാരവും വ്യവസായവുമാക്കി മാറ്റിയതിന്റെ തിക്തഫലങ്ങൾ നമ്മൾ തിരിച്ചറിഞ്ഞുവരികയാണ്. അടുത്തുവരുന്ന കാലങ്ങളിൽ ലോകം നേരിടാൻപോകുന്ന മുഖ്യപ്രശ്നം ഭക്ഷ്യഉൽപന്നങ്ങളുടെ കുറവായിരിക്കുമെന്ന് വിദഗ്ദർ ഇതിനോടകം പ്രഖ്യാപിച്ചു കഴിഞ്ഞു. ഈ പശ്ചാത്തലത്തിൽ സാമ്പത്തിക ലാഭത്തേക്കാൾ ഭക്ഷ്യസുരക്ഷ ലക്ഷ്യം വച്ചുകൊണ്ടുള്ള കാർഷിക സമീപനത്തിന് നാം മുൻഗണന നൽകണം.

കാർഷികരംഗത്തു നാമിന്നു നേരിടുന്ന ഭയാനകരമായ മറ്റൊരു പ്രശ്നം രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും വഴിവിട്ട ഉപയോഗംവഴി ഉണ്ടായിരിക്കുന്ന വിപത്തുകളാണ്. രാസവളങ്ങളുടെ അമിതമായ ഉപയോഗം നമ്മുടെ കൃഷിഭൂമികളെ മുഴുവൻ നിർജ്ജീവമാക്കിക്കൊണ്ടിരിക്കുന്നു. രാസകീടനാശിനികളുടെ വ്യാപകമായ ഉപയോഗമാകട്ടെ നിരവധിയായ മാരകരോഗങ്ങൾക്ക് കാരണമായിരിക്കുന്നു. എൻഡോസൾഫാന്റെ ഉപയോഗം നമ്മുടെ സംസ്ഥാനത്തു പലസ്ഥലങ്ങളിലും വരുത്തിവെച്ച ദുരന്തങ്ങൾ ഭോപ്പാൽ ദുരന്തത്തോടാണ് പലരും ഉപമിക്കുന്നത്. എൻഡോസൾഫാൻ മാത്രമല്ല, എല്ലാ രാസകീടനാശിനികളും കളനാശിനികളും അപകടകാരികൾതന്നെ. ഇന്ന് ചന്തയിൽ കിട്ടുന്ന ഏതാണ്ട് എല്ലാവിധ ഭക്ഷ്യഉൽപന്നങ്ങളും വിഷലിപ്തമാണ് എന്ന അറിവ് ഒരു വീണ്ടുവിചാരത്തിന് നമ്മെ നിർബന്ധിക്കുന്നു. ഈ പ്രവണതക്കെതിരെ ശക്തമായി പ്രതികരിക്കുന്നതോടൊപ്പം, എന്തുത്യാഗവും സഹിച്ചും നമുക്കുവേണ്ട ഭക്ഷ്യഉൽപന്നങ്ങൾ ജൈവരീതിയിൽ കൃഷിചെയ്തുണ്ടാക്കുന്നതിന് നാം തയ്യാറാകണം.

അതോടൊപ്പം, പ്രകൃതിനാശം കുറയ്ക്കാനും മണ്ണിന്റെ ജൈവശക്തി നിലനിർത്താനും സഹായിക്കുന്ന സൗരോർജ്ജത്തിന്റെ ഉപ

യോഗം, ബയോഗ്യാസ് ഉൽപാദനം, മാലിന്യസംസ്കരണം, നദികളുടെയും നീർത്തടങ്ങളുടെയും സംരക്ഷണം, മഴവെള്ളസംഭരണം മുതലായവ വ്യാപിപ്പിക്കാനും ശ്രമിക്കണം. പ്രകൃതിയെ മനുഷ്യരുടെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാമെങ്കിലും, മനുഷ്യർ അതിന്റെ ഉടമസ്ഥരല്ല, മറിച്ച് ദൈവം ഏൽപിച്ച കാര്യസ്ഥന്മാരും പരിപോഷകരും ആണെന്ന സത്യം നമ്മുടെ എല്ലാ വ്യാപാരങ്ങളുടെയും കേന്ദ്രബിന്ദുവായിരിക്കണം. ഇൻഫാം പോലെയുള്ള കർഷകപ്രസ്ഥാനങ്ങളും രൂപതകളിലെ സാമൂഹ്യവികസന ഏജൻസികളും കുടുംബപ്രേഷിത സ്ഥാപനങ്ങളും ഈ രംഗത്തുചെയ്തുവരുന്ന സേവനങ്ങൾ പ്രശംസനീയമാണ്. അവരെ അഭിനന്ദിക്കുന്നതോടൊപ്പം, അവരോടുചേർന്ന് ഈ ഭൂമിയെ ജീവന്റെയും സമൃദ്ധിയുടെയും ഭവനമാക്കി മാറ്റാനുള്ള ശ്രമങ്ങൾ ശക്തമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രിയമുള്ളവരേ, സകല മനുഷ്യർക്കും "അന്നന്നു വേണ്ടുന്ന ആഹാരം" നൽകുന്ന ദൈവത്തിന്റെ പ്രവൃത്തിയിൽ സഹകാരികളാകാനാണ് ഭൂമിയാകുന്ന തോട്ടത്തിലെ കൃഷി ദൈവം നമ്മളെ ഏൽപ്പിച്ചിരിക്കുന്നത്. സഹജീവികൾക്കുവേണ്ടി ആഹാരം ഉൽപ്പാദിപ്പിക്കുന്ന കർഷകന്റെ അദ്ധ്വാനം എത്രയോ മഹത്തരമാണ്! അത് ഏറ്റവും ശ്രേഷ്ഠമായ ഈശ്വരാനുഭവവും ആദ്ധ്യാത്മിക അനുഭൂതിയുമാണ്. നിങ്ങളുടെ അദ്ധ്വാനത്തിലും കഷ്ടതകളിലും പ്രതിസന്ധികളിലും സഭ എപ്പോഴും നിങ്ങളുടെ കൂട്ടത്തിലുണ്ടായിരിക്കും. ആത്മീയ അപ്പം പങ്കിടുന്ന നമുക്ക് ഭൗതികജീവൻ പോഷിപ്പിക്കുന്ന ശുശ്രൂഷയിലും ശുഷ്കാന്തിയോടെ ഉറച്ചുനിൽക്കാം. കർഷകന്റെയും, കാർഷികവൃത്തിയുടെയും മഹത്വം മനസ്സിലാക്കുന്നതിനും നവമായ ഒരു കാർഷികസംസ്കാരം രൂപപ്പെടുത്തുന്നതിനും ഈ വർഷത്തെ കർഷകദിനാചരണം ഉപകരിക്കട്ടെ എന്ന് ആശംസിക്കുന്നു. അതിനായി എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**മാർ ജോർജ് വലിയമറ്റം**

എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

---

NB:- ഈ സർക്കുലർ ജനുവരി 9-ാം തീയതി വി.കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.